# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

# ഗലീലി വിഭാഗം

## പാഠാവലി അഞ്ച്

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-686 004

**AN OSSAE PUBLICATION**

**Sunday School Padavali-V**

First Edition: November 2013

Seventh Edition: January 2023

Copies: 5000

Price: ₹ 60.00

Printed at Alois Graphics, Kottayam
www.aloisgraphics.com

# പ്രവേശിക

നമ്മുടെ സഭയുടെ ആത്മീയ-ആരാധനാ പാരമ്പര്യത്തിൽ ഏറ്റവും പ്രാധാന്യം ഉള്ള ഒന്നാണ് തിരുവചന പഠനം. ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ എന്ന ദൈവവചനം അവരോടുള്ള തമ്പുരാന്റെ ആർദ്രമായ കരുതലിനെ പ്രതിഫലിപ്പിക്കുന്നതും കുഞ്ഞുങ്ങളുടെ ശ്രേഷ്ഠതയെ വെളിപ്പെടുത്തുന്നതുമാണ്. ബാല്യം മുതലേ ഹൃദയത്തിൽ ദൈവത്തെ അറിഞ്ഞ് വളരുക എന്നത് ക്രൈസ്തവ ജീവിതത്തിന്റെ ഉദാത്തമായ അനുഭവമാണ്. ആത്മീയജീവിതത്തിന്റെ പാഠങ്ങൾ പരിശീലിപ്പിച്ച് ഉറപ്പിച്ച് വളരുന്ന ഒരു ജീവിതശൈലി ഉണ്ടാകണം, കാരണം നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകുവാൻ ശക്തമായ ഒരു ആത്മീയ അടിത്തറ ആവശ്യമാണ്. അതുകൊണ്ട് കുഞ്ഞുങ്ങളെ ക്രൈസ്തവ സാക്ഷ്യത്തിൽ പരിശീലിപ്പിക്കുക എന്നത് ക്രൈസ്തവ ദൗത്യവും ദൈവസന്നിധിയിലുള്ള വലിയ ഉത്തരവാദിത്വവുമാണ്. ദൈവാനുഭവത്തിലേക്ക് നയിക്കുന്ന തിരുവചനജ്ഞാനവും, അതിന്റെ സൗന്ദര്യം അനുഭവിച്ച വിശുദ്ധരുടെ ജീവിതവും, അതിന് നന്ദി കരേറ്റുന്ന ആരാധനയുടെ മഹത്വവും, ഇവയുടെ നിറവിലും സ്വത്വബോധത്തിലും നിർവ്വഹിക്കേണ്ട സമൂഹത്തോടുള്ള ഉത്തരവാദിത്വവും നമ്മുടെ കുഞ്ഞുങ്ങൾക്ക് പകർന്നു കൊടുക്കുന്ന പാവനമായ ശുശ്രൂഷയാണ് സൺഡേസ്കൂൾ വിദ്യാഭ്യാസം. നമ്മുടെ കുഞ്ഞുങ്ങൾക്ക് നമ്മൾ നൽകേണ്ട ഏറ്റവും വലിയ സമ്മാനം തലമുറകളായി നമ്മൾക്ക് പകർന്നു കിട്ടിയ ശക്തമായ സത്യവിശ്വാസമാണ്.

സൺഡേസ്കൂൾ വിദ്യാഭ്യാസം സെക്കുലർ വിദ്യാഭ്യാസത്തിന്റെ മാനദണ്ഡങ്ങളിൽകൂടി വിലയിരുത്തപ്പെടേണ്ടതല്ല. ജീവിതകാലം മുഴുവൻ നീളുന്ന, അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് നടത്തുന്ന, ദൈവാന്വേഷണമാണത്. പഠിപ്പിക്കുന്നവർക്കും പഠിക്കുന്നവർക്കും ദൈവാത്മാവിന്റെ പ്രോജ്വലനം ലഭിക്കുമ്പോഴാണ് സൺഡേസ്കൂൾ പഠനം പ്രയോജനകരമാകുന്നത്. കാലങ്ങൾക്കു മുമ്പേ ലഭിച്ച ദൈവീക വെളിപ്പാടുകളുടെ കാലാതീതമായ മഹത്വം തിരിച്ചറിഞ്ഞ്, കാലാനുസൃതമായി വ്യാഖ്യാനിച്ചു കൊടുക്കുക എന്നതാണ് സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം. സൺഡേസ്കൂൾ വിദ്യാഭ്യാസം തിരുവചനത്തിൽ കാണുന്ന മാതൃകയിൽ നിവർത്തിക്കപ്പെടേണ്ടതാണ്. ദൈവഹിതത്തെ ജനത്തെ അറിയിക്കുവാൻ തക്കവണ്ണം പ്രവാചകന്മാരെ കാലാകാലങ്ങളിൽ ദൈവം നിയോഗിച്ചിട്ടുണ്ട്. ആ നിയോഗം തന്നെയാണ് സൺഡേസ്കൂൾ അദ്ധ്യാപകരും നിർവ്വഹിക്കുന്നത്. അദ്ധ്യാപകരോടൊപ്പം മാതാപിതാക്കളും ഈ നിയോഗത്തിലും പഠനപ്രക്രിയയിലും പങ്കുചേരുമ്പോൾ ആണ് സൺഡേസ്കൂൾ പഠനം അർത്ഥവത്താകുന്നത്. ക്ലാസ്സുകളിൽ കുഞ്ഞുങ്ങൾ പഠിക്കുന്ന നല്ല മൂല്യങ്ങൾ കുടുംബത്തിൽ പരിശീലിക്കുമ്പോഴാണ് അത് അവർക്ക് പ്രയോജനകരമായി തീരുന്നത്. ദൈവകല്പനകളെ നിങ്ങളുടെ മക്കളെ പഠിപ്പിക്കണമെന്ന് മോശ യിസ്രായേൽ മക്കളോട് പറയുന്നുണ്ട്. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുകയും വേണം (ആവ. 6:7).

സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങളോട് ക്രിസ്തീയമായ ഒരു അവബോധത്തോടെ പ്രതികരിക്കുന്ന ഒരു തലമുറ രൂപപ്പെടേണ്ടത് ആവശ്യമാണ്. സംഘർഷഭരിതമാകുന്ന ഒരു ലോകത്തിൽ ക്ഷമയുടെയും സ്നേഹത്തിന്റെയും മാതൃകകളെ പകരുവാൻ കഴിവുള്ളവരായി നമ്മുടെ പുതുതലമുറ വളർന്നു വളരണം. എങ്കിൽ മാത്രമേ യേശുക്രിസ്തു കൈയ്യിലെടുത്ത് അനുഗ്രഹിച്ച ശിശുക്കളുടെ ഭാഗ്യത്തിലേക്ക് നമ്മുടെ കുഞ്ഞുങ്ങളും കടന്നുവരികയുള്ളു. ആ സാക്ഷ്യമാണ് സമൂഹത്തിന്റെ നന്മയിലേക്കുള്ള രൂപാന്തരത്തിനും സ്വർക്ഷരാജ്യാനുഭവത്തിലേക്കുള്ള വളർച്ചയ്ക്കുമായി സഭ നിർവ്വഹിക്കേണ്ട ആഗോള ദൗത്യം.

തിരുവചനവും സഭയുടെ പാരമ്പര്യങ്ങളും ആചാരങ്ങളും ഫലപ്രദമായി പകർന്നുകൊടുക്കത്തക്കവിധം നമ്മുടെ സൺഡേസ്കൂൾ പഠനപദ്ധതി ക്രിയാത്മകമായ പരിഷ്കരണങ്ങളോടെ മുമ്പോട്ടു പോകുകയാണ്. പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിലും അദ്ധ്യാപന രീതിയിലും ഈ വ്യത്യാസങ്ങൾ പ്രകടമാണ്. ഓൺലൈൻ റിസോഴ്സുകൾ പഠനപ്രക്രിയയിൽ വലിയ സഹായം ആയി മാറിയിട്ടുണ്ട്. പുതിയ സാദ്ധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തി സൺഡേസ്കൂൾ വിദ്യാഭ്യാസം സന്തോഷകരമാക്കുവാനും അതിലൂടെ നമ്മുടെ കുഞ്ഞുങ്ങളുടെ ധാർമ്മികവും ആത്മീയവുമായ മൂല്യബോധത്തെ ഉയർത്തുവാനും സാധിക്കട്ടെ.

**അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ**
പ്രസിഡന്റ്, OSSAE

# ആമുഖം

യേശുക്രിസ്തു ഏക കർത്താവും രക്ഷകനും ദൈവവുമാകുന്നു എന്ന ബോധ്യം കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ ഉറപ്പിക്കുകയെന്നതാണ് OSSAE യുടെ ബോധന ലക്ഷ്യം. എല്ലാ ക്ലാസ്സുകളിലും പ്രസ്തുത വിശ്വാസസത്യം ആവർത്തിക്കപ്പെടണം. വേദപുസ്തകവും ആരാധനയും, സഭാചരിത്രവും മഹത്‌വ്യക്തികളെക്കുറിച്ചുള്ള പഠനവും പ്രസ്തുത ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ നിർവ്വഹിക്കപ്പെടുവാൻ അദ്ധ്യാപകരും മാതാപിതാക്കളും ശ്രദ്ധിക്കണം. കുഞ്ഞുങ്ങളുടെ ഭാവി ജീവിതം കരുപിടിപ്പിക്കുന്നതിലും ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്നതിലും 'യേശുക്രിസ്തു എന്റെ ദൈവമാകുന്നു' എന്ന ബോധ്യം ഉണ്ടാകണം. ത്രിയേക ദൈവത്തിൽ വിശ്വസിക്കുവാനും നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാര മഹാസംഭവത്തിൽ വിശുദ്ധ സഭയുടെ അംഗമെന്ന നിലയിൽ പങ്കാളികളായി ദൈവരാജ്യ മഹത്വത്തിനായി ജീവിക്കുവാനും സൺഡേസ്കൂൾ പഠനം പ്രചോദനമാകണം.

'നിലവിൽ എന്താണ് എന്നതിനെക്കാൾ പ്രധാനമാണ് ഇനിയും എന്തൊക്കെയാകാം എന്നത്. പഠനം കഴിവതും വിദ്യാർത്ഥി കേന്ദ്രീകൃതമാക്കണം. അദ്ധ്യാപകർ ആജ്ഞാപിക്കുന്ന സ്ഥിരശൈലി മാറ്റി സഹായിയുടെയും സംരക്ഷകന്റേയും സംയുക്തശൈലിയിലേയ്ക്ക് മാറണം. പരമസത്യമായ ദൈവത്തെ അറിയുവാനും അനുഭവമാക്കുവാനും അതു പ്രകാരമുള്ള ജീവിതം നയിക്കുവാനുമുള്ള മാർഗ്ഗദർശനമാണ് ഇന്നിന്റെ ഗുരുധർമ്മം. 'വളർച്ച' അദ്ധ്യാപകനും വിദ്യാർത്ഥിക്കും ഒരുപോലെ സംജാതമാകണം. കഠോപനിഷത്തിന്റെ ശാന്തിപാഠം അധ്യയനത്തിന്റെ ഈ ആത്യന്തിക ലക്ഷ്യം വിവരിക്കുന്നു. "സഹനൗ അവതു; സഹനൗ ഭുനക്തു; സഹവീര്യം കരവാവഹേ; തേജസ്വിനൗ അധീതമസ്തു; [നമ്മെ (ഗുരുവിനെയും ശിഷ്യനെയും) ഒരുമിച്ച് (ദൈവം) അനുഗ്രഹിക്കട്ടെ. നാം രണ്ടുപേരും ഒരുമിച്ച് ഭുജിക്കട്ടെ. നാം രണ്ടുപേരും പരസ്പരം ശക്തിപകരട്ടെ. നാം അധ്യയനം ചെയ്ത് തേജസ്സ് ഉറ്റതാവട്ടെ.] ഭാരതത്തിന്റെ തദ്ദേശീയ ക്രൈസ്തവ സഭയായ മലങ്കരസഭ അതിന്റെ വളർന്നു വരുന്ന തലമുറയ്ക്ക് ദേശസ്നേഹവും സ്വത്വബോധവും പകർന്ന് നല്കണം.

മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളെ ദൈവീകരായി വളർത്തുകയെന്ന സുവിശേഷ ദൗത്യത്തിൽ വലുതായ ഉത്തരവാദിത്വം ഉണ്ട്. പരീക്ഷയ്ക്ക് ആണ്ടിൽ ഒരിക്കൽ കുട്ടികളെ പരിശീലിപ്പിക്കുന്ന പതിവിനു പകരം ആഴ്ചയിൽ അല്പസമയമെങ്കിലും ക്രമമായി വേദപഠനത്തിന് സമയം കണ്ടെത്തണം. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പ്രബോധിപ്പിക്കുന്നതുപോലെ ഭവനത്തിലെ സഭ (Home Church) ആണ് വേദപഠനത്തിന്റെ ഈറ്റില്ലം. മാതാപിതാക്കളാണ് കുഞ്ഞുങ്ങളെ സ്വാധീനിക്കുവാൻ ഏറ്റവും കഴിവുള്ള അദ്ധ്യാപകർ. ബാലപാഠം മുതൽ 12-ാം ക്ലാസ്സുവരെയുള്ള പാഠങ്ങൾ Video Class-കളായി ossaebodhanam.org എന്ന Website-ൽ ലഭ്യമാണ്. സൺഡേസ്കൂളിൽ അദ്ധ്യാപകർ നല്കുന്ന ക്ലാസ്സുകളോടൊപ്പം Online ക്ലാസ്സുകൾ കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ മാതാപിതാക്കൾ ശ്രമിക്കണം. പരീക്ഷയിലെ ഉന്നത വിജയം മാത്രമല്ല ലക്ഷ്യം; കുഞ്ഞുങ്ങൾ ദൈവീകരാകുകയെന്നതാണ് പരമമായ ലക്ഷ്യം. ചെറുതായിരിക്കുന്നതു മാത്രമല്ല, വലുതാകാൻ ശ്രമിക്കാത്തതാണ് ആത്മീയ അപചയത്തിനു കാരണം! നന്മ നിറഞ്ഞതും ദൈവരാജ്യ മഹത്വത്തിന് അനുയോജ്യവുമായ ചിന്താധാരകൾ നമ്മുടെ മനസ്സുകളിൽ നിറയട്ടെ; വരും തലമുറയിലേക്ക് അവ അനസ്യൂതം പ്രവഹിക്കട്ടെ!

ദേവലോകം
26-02-2020

**ഫാ. ഡോ. വർഗീസ് വർഗീസ്**
*ഡയറക്ടർ ജനറൽ*

# ഉള്ളടക്കം


**യൂണിറ്റ് 1: വി. വേദപുസ്തക സംഭവങ്ങൾ**

പാഠം 1: മോശ കൊട്ടാരത്തിൽ ........ 7
പാഠം 2: മോശയെ ദൈവം വിളിക്കുന്നു ........ 10
പാഠം 3: മിസ്രയീമിൻമേൽ ഉണ്ടാകുന്ന പത്തു ബാധകൾ ........ 13
പാഠം 4: യിസ്രായേൽ ജനത വിടുവിക്കപ്പെടുന്നു ........ 16
പാഠം 5: യിസ്രായേൽ ജനതയുടെ മരുഭൂയാത്ര ........ 19
പാഠം 6: കർത്താവിന്റെ ഉപമകൾ ........ 22
പാഠം 7: കർത്താവിന്റെ (തേജസ്കരണം) മറുരൂപം ........ 26
പാഠം 8: കർത്താവ് പഠിപ്പിച്ച പ്രാർത്ഥന ........ 29
പാഠം 9: ഞാൻ നല്ല ഇടയൻ ആകുന്നു ........ 35
പാഠം 10: കർത്താവിന്റെ ഗിരിപ്രഭാഷണം ........ 39

**യൂണിറ്റ് 2: പ്രാർത്ഥന**

പാഠം 11: വി. കുർബ്ബാനയിലെ പ്രതിവാക്യങ്ങൾ - പഴയനിയമ വായന... 43
പാഠം 12: വി. കുർബ്ബാനയിലെ ശ്ലീഹാവായന ........ 45
പാഠം 13: പ്രഭാത സ്തുതിപ്പ് ........ 47

**യൂണിറ്റ് 3: ആരാധനാ ഗീതങ്ങൾ**

പാഠം 14: ശ്ലീഹാവായനയ്ക്കു മുമ്പുള്ള ഗീതങ്ങൾ ........ 49
പാഠം 15: ഏവൻഗേലിയോനു ശേഷമുള്ള ഗീതങ്ങൾ ........ 52

**യൂണിറ്റ് 4: എന്റെ സഭ**

പാഠം 16: സഭ അപ്പോസ്തോലികകാലത്ത് ........ 55
പാഠം 17: മലങ്കരസഭ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ചു: തെളിവുകൾ ....... 58

**യൂണിറ്റ് 5: വി. കുർബ്ബാനപാഠം**

പാഠം 18: വിശുദ്ധ കുർബ്ബാന: സഭയുടെ കൂട്ടായ്മ ........ 61
പാഠം 19: വി. കുർബ്ബാനയിൽ വിശ്വാസികളുടെ സമ്പൂർണ പങ്കാളിത്തം ...64

**യൂണിറ്റ് 6: വിശ്വാസസത്യങ്ങൾ**

പാഠം 20: മാറാനായ പെരുന്നാളുകൾ ........ 68
പാഠം 21: കൂദാശകൾ - ഒരാമുഖം ........ 72

**യൂണിറ്റ് 7: മഹത്വ്യക്തിപരിചയം**

പാഠം 22: വി. ഗീവറുഗീസ് സഹദാ ........ 75
പാഠം 23: വി. യൗസേഫ് ........ 78

**യൂണിറ്റ് 8: നല്ല ശീലങ്ങൾ**

പാഠം 24: അതിഥി സൽക്കാരം ........ 82
പാഠം 25: കൃത്യനിഷ്ഠ ........ 85

# പാഠങ്ങളുടെ ഘടന

**(തയ്യാറാക്കിയത്: പ്രൊഫ. ഡോ. സാം വി. ഡാനിയേൽ)**

1. **മുഖ്യസന്ദേശം, പാഠോദ്ദേശ്യം:** ഓരോ പാഠത്തിൽനിന്നും ഉരുത്തിരിഞ്ഞുവരേണ്ട പ്രധാന ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്.

2. **മനഃപാഠവാക്യം:** ഓരോ പാഠത്തിലെയും പ്രധാന ആശയവുമായി ബന്ധപ്പെട്ട ഒരു വേദവാക്യം കുട്ടികൾ ഹൃദിസ്ഥമാക്കുന്നതിനായി നൽകിയിരിക്കുന്നു. ഈ വാക്യം ക്ലാസ്സിന്റെ അവസാനം വി. വേദപുസ്തകത്തിൽനിന്ന് ടീച്ചർ കുട്ടികളെ വായിച്ച് കേൾപ്പിക്കുകയും പല പ്രാവശ്യം ഏറ്റു പറയിക്കുകയും ചെയ്യണം.

3. **പഠനസഹായികൾ:** പാഠഭാഗത്തിലെ ആശയങ്ങൾ നന്നായി അവതരിപ്പിക്കുവാൻ ഉപയോഗിക്കാവുന്ന ചിത്രങ്ങൾ, പുസ്തകങ്ങൾ, തുടങ്ങിയവയെക്കുറിച്ച് ഈ ഭാഗത്ത് നൽകിയിരിക്കുന്നു.

4. **ആമുഖം:** പാഠഭാഗത്തിന്റെ അവതരണം ഏറ്റവും ആകർഷകവും ആസ്വാദ്യകരവുമാക്കുവാൻ ഈ ഭാഗം സഹായിക്കുന്നു.

5. **പാഠഭാഗം:** പാഠത്തിന്റെ ഉള്ളടക്കമാണിത്. ഇത് കഴിയുന്നത്ര വിദ്യാർത്ഥി കേന്ദ്രീകൃതമാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കുട്ടികൾക്ക് നല്ല പങ്കാളിത്തമുണ്ടാകത്തക്കവിധത്തിൽ വേണം ആശയങ്ങൾ അവതരിപ്പിക്കുവാൻ. വി. വേദപുസ്തകം ടീച്ചർ ക്ലാസ്സിൽ കൊണ്ടുപോകണം. വേദഭാഗങ്ങൾ എടുത്ത് വായിച്ച് കേൾപ്പിക്കണം. വിവരണങ്ങൾ കഥ പറയുംപോലെയാവണം. കുട്ടികളോട് ചോദ്യങ്ങൾ ചോദിച്ച് അവരെ ഉത്സാഹിപ്പിച്ചുകൊണ്ടിരിക്കണം. പ്രധാന ആശയങ്ങൾ വരുമ്പോൾ ഒന്നിച്ച് ഏറ്റുപറയിക്കണം.

6. **നമുക്ക് ചിന്തിക്കാം:** പാഠഭാഗത്തിലെ ആശയങ്ങൾ എത്രമാത്രം കുട്ടികൾ ഗ്രഹിച്ചു എന്ന് പരിശോധിക്കുന്നതിനായി നൽകിയിരിക്കുന്ന ചോദ്യങ്ങളാണ് ഇവ.

7. **പ്രവർത്തനങ്ങൾ:** ഈ ഭാഗത്ത് നൽകിയിരിക്കുന്നവ പലതും അഭിനയിക്കാനും വരയ്ക്കാനും ചെയ്തു കാണിക്കാനും കഥ പറയാനും എഴുതിക്കൊണ്ടുവരുവാനും ഉള്ളതാണ്.

8. **നമുക്ക് പാടാം:** പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ഗാനമാണ് ഇവിടെ നൽകിയിരിക്കുന്നത്. അത് ടീച്ചർ പാടിക്കൊടുക്കുകയും കുട്ടികൾ ഏറ്റുപാടുകയും വേണം.

9. **നമുക്ക് പ്രാർത്ഥിക്കാം:** പാഠഭാഗത്തിലെ ആശയവുമായി ബന്ധപ്പെട്ട ഒരു ലഘു പ്രാർത്ഥനയാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ പ്രാർത്ഥന ടീച്ചറിന് കുട്ടികളോടൊപ്പം ക്ലാസ്സിൽ തന്നെ നടത്താവുന്നതാണ്. എല്ലാവരും എഴുന്നേറ്റുനിന്ന് കുരിശുവരച്ച് വേണം പ്രാർത്ഥിക്കുവാൻ.

10. **നിശ്ചയം:** ഒരു തീരുമാനംപോലെ കുട്ടികളുടെ മനസ്സിനെ സ്പർശിക്കുന്നതും അവരുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാവുന്നതുമായ ഒരു ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ ആശയം കുട്ടികളെക്കൊണ്ട് പറയിക്കണം.

11. **തുടർവായനയ്ക്ക്:** പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വേദപുസ്തകഭാഗങ്ങൾ, ഒരാഴ്ച വിവിധ ദിവസങ്ങളിൽ വൈകുന്നേരവും രാവിലെയും വായിക്കുന്നതിനും ധ്യാനിക്കുന്നതിനുമായി നൽകിയിരിക്കുന്നു.

യൂണിറ്റ് 1

# വി. വേദപുസ്തക സംഭവങ്ങൾ

പാഠം 1

# മോശ ഈജിപ്തിലെ കൊട്ടാരത്തിൽ

**(പുറപ്പാട് 2:1-10)**

**മുഖ്യസന്ദേശം:** ദൈവനിയോഗത്തിന് അനുസരണമായി അനുകൂല സാഹചര്യങ്ങൾ ഒരുക്കി ദൈവം നമ്മെ വളർത്തുന്നു എന്നറിയുക.

**മനഃപാഠവാക്യം:** "മോശ മിസ്രയീമ്യരുടെ സകല ജ്ഞാനവും അഭ്യസിച്ച് വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നു" (അപ്പോ. പ്രവൃ. 7:22).

**പഠനസഹായികൾ:** ഒരു രാജകൊട്ടാരത്തിന്റെ ചിത്രം.

## ആമുഖം

രാജാക്കന്മാരും ചക്രവർത്തിമാരും താമസിച്ചിരുന്ന ഭവനത്തെ 'കൊട്ടാര'മെന്നാണ് വിളിക്കുന്നത്. രാജകൊട്ടാരത്തിൽ രാജാക്കന്മാരും രാജ്ഞിമാരും രാജകുമാരന്മാരും രാജകുമാരികളുമാണ് വസിക്കുന്നത്. എന്നാൽ ഒരു രാജകൊട്ടാരത്തിൽ രാജകുമാരനു തുല്യമായ പദവിയോടെ വസിച്ച ഒരാളെക്കുറിച്ച് ഇന്ന് നമുക്കു പഠിക്കാം. അദ്ദേഹത്തിന്റെ പേര് മോശ എന്നാണ്.

## പാഠഭാഗം

യിസ്രായേലിലെ പുരോഹിതഗോത്രമായ ലേവിഗോത്രക്കാരനായ അമ്രാം ആയിരുന്നു മോശയുടെ പിതാവ്. മാതാവ് യോഖേബേദ്. അഹറോൻ സഹോദരനും മിര്യാം സഹോദരിയുമായിരുന്നു. അമ്രാമിനും യോഖേബേദിനും ജനിച്ച ഇളയകുഞ്ഞ് ഏറ്റവും സുന്ദരനായിരുന്നു. ആ കുഞ്ഞായിരുന്നു മോശ. യിസ്രായേൽ ജനത്തിന്റെ വളർച്ചയിൽ അസൂയ പൂണ്ട മിസ്രയീം (ഈജിപ്ത്) രാജാവ് ഫറവോൻ യിസ്രായേലിൽ ജനിക്കുന്ന ആൺകുട്ടികളെയെല്ലാം കൊന്നുകളയുവാൻ കല്പന പുറപ്പെടുവിച്ചു. സൗന്ദര്യം നിറഞ്ഞ കുഞ്ഞിനെ എങ്ങനെയെങ്കിലും രക്ഷിക്കുവാൻ മോശയുടെ മാതാപിതാക്കൾ ആഗ്രഹിച്ചു. അവർ മൂന്നുമാസം കുഞ്ഞിനെ ആരും കാണാതെ ഒളിപ്പിച്ചുവെച്ചു. കുഞ്ഞ് കരയുന്നതു പുറത്ത് കേട്ടാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തിനെക്കുറിച്ച് അവർ ഭയപ്പെട്ടു. നിവൃത്തിയില്ലാത്ത ആ സാഹചര്യത്തിൽ കുഞ്ഞിനെ നൈൽനദിയിൽ കൊണ്ടുവെച്ചു. പക്ഷേ കുട്ടി മരിക്കാതിരിക്കത്തക്കവണ്ണം ഞാങ്ങണകൊണ്ട് ഒരു പെട്ടി ഉണ്ടാക്കി വെള്ളം അകത്തു കയറാതെ കീലും പശയും തേച്ച് അതിനുള്ളിൽ കുഞ്ഞിനെ കിടത്തി നദീതീരത്ത് ഞാങ്ങണച്ചെടി തിങ്ങിനിന്നിടത്ത് അതിന്റെ ഇടയിലാണ് വെച്ചത്. ഫറവോന്റെ പുത്രി കുളിക്കുവാൻ വരുന്ന കുളിക്കടവിനടുത്തായിരുന്നു അത്. രാജകുമാരി കുറച്ചു കഴിഞ്ഞ് കുളിക്കുവാൻ തോഴിമാരോടൊത്ത് വന്നപ്പോൾ കുഞ്ഞിന്റെ കരച്ചിൽ കേട്ടു. ചെന്നുനോക്കിയപ്പോൾ ഞാങ്ങണപ്പെട്ടിയും അതിനുള്ളിൽ കിടക്കുന്ന കുഞ്ഞിനെയും കണ്ടു.

ഞാങ്ങണ പെട്ടിയിൽനിന്നും കുഞ്ഞിനെ എടുത്ത് രാജകുമാരിയെ കാണിച്ചു. അതി സുന്ദരനായ ഒരാൺകുഞ്ഞ്. കുഞ്ഞിന്റെ മുഖത്ത് നോക്കി സന്തോഷത്തോടെ രാജകുമാരി ഈ കുഞ്ഞിനെ മുലപ്പാൽ കൊടുത്ത് വളർത്തുവാൻ ഒരമ്മയെ ലഭിച്ചിരുന്നെങ്കിൽ എന്ന് തോഴിമാരോട് പറഞ്ഞു. ഈ സംഭവം അകലെ നിന്ന് കണ്ടിരുന്ന കുട്ടിയുടെ സഹോദരി മിര്യാം ഈ പൈതലിനെ പാൽകൊടുത്ത് വളർത്തുവാൻ ഒരു എബ്രായ സ്ത്രീയെ വിളിച്ചു കൊണ്ടുവരണമോ എന്ന് രാജകുമാരിയോട് ചോദിച്ചു. രാജകുമാരിയുടെ സമ്മതത്തോടെ കുട്ടിയുടെ അമ്മയെത്തന്നെ വിളിച്ചുകൊണ്ടുവന്നു. അങ്ങനെ കുട്ടിയുടെ അമ്മതന്നെ കുഞ്ഞിന് മുലപ്പാൽ കൊടുത്തു വളർത്തുവാൻ അവസരം ഉണ്ടായി. "വെള്ളത്തിൽനിന്ന് വലിച്ചെടുക്കപ്പെട്ടവൻ" എന്ന് അർത്ഥം വരുന്ന 'മോശ' എന്ന പേര് രാജകുമാരി പൈതലിനു നൽകി. മുലകുടി മാറിയപ്പോൾ പൈതലിനെ അവന്റെ അമ്മ കൊട്ടാരത്തിൽ ഏല്പിച്ചു.

ദൈവജനത്തിന്റെ (യിസ്രായേൽ) വീണ്ടെടുപ്പുകാരനായിത്തീരേണ്ട മോശയ്ക്ക് ഒരടിമ യുടെ വിദ്യാഭ്യാസമോ, സംരക്ഷണമോ അല്ല ദൈവം കരുതിയിരുന്നത്. "മിസ്രയീമിലെ സകല ജ്ഞാനവും ഗ്രഹിച്ച് വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നു" (അപ്പോ. പ്രവൃ. 7:22). രാജകീയ ഭക്ഷണവും വിദ്യാഭ്യാസവും പരിചരണവും ലഭിച്ച മോശ ഒരിക്കലും തന്റെ സ്വന്ത ജനത്തെ മറന്നില്ല. ഒരു നേതാവിന് ആവശ്യമായ പരിശീലനം ലഭിച്ച് അവിടെ വളരുമ്പോഴും തന്റെ ജനത്തിന്റെ കഷ്ടതയിലും അവർ അനുഭവിച്ച പീഡകളിലും ദുഃഖിച്ചു വളർന്നു. തന്റെ സഹോദരങ്ങളായ യിസ്രായേൽ ജനത്തിന്റെ അടിമവേല തന്റെ ഹൃദയത്തെ മുറിപ്പെടുത്തി. അങ്ങനെ രാജകുമാരിയുടെ മകൻ എന്ന് വിളിക്കപ്പെടുന്നതി നേക്കാൾ, മിസ്രയീമിലെ കിരീടാവകാശിയായിത്തീരുന്നതിനേക്കാൾ, ദൈവജനത്തോടു കൂടെ കഷ്ടം അനുഭവിക്കുന്നത് തെരഞ്ഞെടുത്തു' (എബ്രായർ 11:24, 25). നാല്പതു സംവത്സരം മോശ ഫറവോന്റെ കൊട്ടാരത്തിൽ വളർന്നു. ഒരു നേതാവിന് ലഭിക്കേണ്ട തായ എല്ലാ പരിശീലനവും കൊട്ടാരത്തിൽനിന്നും മോശയ്ക്ക് ലഭിച്ചു.

ജനത്തെ നയിക്കുന്ന നേതാക്കന്മാരെ നാം കണ്ടിട്ടില്ലേ? അവരിൽ ചിലർ നല്ലവരും ശ്രേഷ്ഠരുമായവർ ആയിരിക്കും. അങ്ങനെയുള്ളവരോടുകൂടെ ജനം നിൽക്കുന്നു. ജനം അവരെ സ്നേഹിക്കുന്നു, ആദരിക്കുന്നു. അവർ ജനത്തെയും സ്നേഹിക്കുകയും വാത്സല്യ ത്തോടെ കരുതുകയും ചെയ്യുന്നു. ജനം നടക്കേണ്ടുന്ന വഴി ശരിയായി കാണിച്ചുകൊടു ക്കുന്നവനാണ് യഥാർത്ഥ നേതാവ്. അതിന് ആവശ്യമായ പരിജ്ഞാനവും വിവേകവും നേതാക്കന്മാർക്ക് വേണം. യിസ്രായേൽ ജനത്തിന്റെ വീണ്ടെടുപ്പുകാരനായിത്തീർന്ന മോശയ്ക്ക് ആവശ്യമായ പരിജ്ഞാനവും വിവേകവും നേതൃത്വപാടവവും കൊട്ടാരത്തിൽ നിന്നും ലഭിച്ചു. അത് ഒരു ദൈവിക നടത്തിപ്പായിരുന്നു എന്നത് നിസ്സംശയമാണ്.

### നമുക്ക് പാടാം

(ക്യംതാ നമസ്കാരം, ആറാം മണി, കോലോ)

കാദീശന്മാർ ജീവനും രാജ്യ-
ത്തിനുമവകാശക്കാർ; മശിഹായെ സ്നേഹിച്ചോരേ-
തിന് യോഗ്യന്മാരാ ഭാഗ്യം
കാതുകൾ കേട്ടിട്ടില്ലേ, കണ്ണുകളാൽ കണ്ടിട്ടില്ലേ,
ഇല്ലേ ചിത്തേ കല്പിച്ചീട്ടും

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമേ, നല്ല പരിശീലനവും ജ്ഞാനവും തന്ന് മറ്റുള്ളവർക്ക് നന്മ ചെയ്ത് പ്രവർത്തിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ആമ്മീൻ.*

## നിശ്ചയം

**അവസരം ശരിയായി ഞങ്ങൾ വിനിയോഗിക്കും. നല്ലതുപോലെ പഠിച്ച് നല്ല വിവേകവും പരിജ്ഞാനവും ഞങ്ങൾ സമ്പാദിക്കും.**

## നമുക്ക് ചിന്തിക്കാം

1. മോശ ജനിച്ച ഗോത്രം ഏത്?

   ..........................................................................................................................................

2. മോശയുടെ മാതാപിതാക്കൾ ആരെല്ലാം?

   ..........................................................................................................................................

3. സഹോദരങ്ങളുടെ പേർ എന്ത്?

   ..........................................................................................................................................

4. മോശയുടെ വളർച്ചയെപ്പറ്റി പുതിയനിയമത്തിൽ പ്രസംഗിച്ച രക്തസാക്ഷി ആര്? പാഠഭാഗത്തിൽ പറഞ്ഞിരിക്കുന്ന ഉദ്ധരണി കണ്ടുപിടിച്ച് എഴുതുക.

   ..........................................................................................................................................

5. എബ്രായ ലേഖനത്തിൽ വിശ്വാസധീരന്മാരുടെ പട്ടികയിൽ മോശയെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് എന്ത്?

   ..........................................................................................................................................

   ..........................................................................................................................................

   ..........................................................................................................................................

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | പുറപ്പാട് 1:6-11 |
| തിങ്കൾ | എബ്രായർ 11:23-26 | പുറപ്പാട് 1:15-22 |
| ചൊവ്വ | എബ്രായർ 11:27-31 | പുറപ്പാട് 2:1-10 |
| ബുധൻ | മർക്കോസ് 7:6-13 | പുറപ്പാട് 2:11-15 |
| വ്യാഴം | മർക്കോസ് 9:2-8 | പുറപ്പാട് 2:16-22 |
| വെള്ളി | മർക്കോസ് 12:26-27 | പുറപ്പാട് 2:23-25 |
| ശനി | ലൂക്കോസ് 9:28-36 | * |

പാഠം 2

# മോശയെ ദൈവം വിളിക്കുന്നു

(പുറപ്പാട് 3:1–4:17)

**മുഖ്യസന്ദേശം:** ദൈവം നമ്മെയും വിളിക്കുന്നു. ദൈവവിളി കേട്ട് അനുസരിച്ച് ദൈവത്തിന് നമ്മെത്തന്നെ സമർപ്പിക്കാം.

**മനഃപാഠവാക്യം:** "എന്നെ അനുഗമിപ്പിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവർ ആക്കും" (വി. മർക്കോസ് 1:17).

**പഠനസഹായി:** മുൾപ്പടർപ്പ് എരിയുന്ന ഒരുചിത്രം – മോശ ആടിനെ മേയിക്കുന്ന ചിത്രം.

## ആമുഖം

നാം വളർന്നുവരുമ്പോൾ എന്താകണമെന്ന് അറിഞ്ഞ് നമ്മെ വിളിക്കുന്നത് ദൈവമാണ്. ആ വിളി കേൾക്കുന്നതിന് ഒരുക്കമുള്ളവരായി പ്രാർത്ഥനാപൂർവം നാം കാത്തിരിക്കണം. ദൈവവിളികേട്ട് അനുസരിച്ച് അത് സ്വീകരിക്കുമ്പോൾ നമ്മെക്കൊണ്ട് അനേകർക്കും നമുക്കും പ്രയോജനം ലഭിക്കും. ഒരു ജനത്തിന്റെ മുഴുവൻ വീണ്ടെടുപ്പിനുവേണ്ടി വിളിക്കപ്പെട്ട ഒരു നേതാവിനെക്കുറിച്ചാണ് പഠിക്കുന്നത്. ആ വ്യക്തി യിസ്രായേൽ ജനത്തിന്റെ ഉദ്ധാരകനായ മോശയാണ്.

## പാഠഭാഗം

മോശ കൊട്ടാരത്തിൽ നിന്ന് പുറപ്പെട്ട് മിദ്യാനിലെ പുരോഹിതനായ യിത്രോയുടെ ആടുകളെ മേയിക്കുന്ന ജോലിയിൽ ഏർപ്പെട്ടു. യിത്രോയുടെ മകൾ സിപ്പോറയെ മോശ വിവാഹം ചെയ്തു. അങ്ങനെ മോശ മിദ്യാനിലെ പുരോഹിതനായ യിത്രോയുടെ ആടുകളെ മേയിച്ചുകൊണ്ട് 40 വർഷക്കാലം അവിടെ പാർത്തു. മോശയ്ക്ക് മിസ്രയീമിൽ രാജകുമാരനെപ്പോലെ ജീവിക്കുവാനും അഭ്യസിക്കുവാനും ദൈവം അവസരം കൊടുത്തു. അത് മോശയ്ക്ക് പിൽക്കാല ശുശ്രൂഷയ്ക്ക് വളരെ പ്രയോജനകരമായിത്തീർന്നു. രാജകുമാരൻ പിന്നീട് മരുഭൂമിയിൽ ആട്ടിടയനായി വേലചെയ്തു. ജോലി കൂടുതൽ ക്ഷമയും സ്നേഹവും പഠിക്കുവാൻ സഹായകമായി. ആടുകളെ മേയിക്കുന്ന കാലത്താണ് മോശയ്ക്ക് ദൈവജനത്തെ നടത്തുവാനുള്ള പരിശീലനം ലഭിക്കുന്നത്.

മോശ ആടിനെ മേയ്ച്ചുകൊണ്ട് ഹോരേബ്വരെ ചെന്നു. അദ്ദേഹം അവിടെ ഒരു കാഴ്ച കണ്ടു: മുൾപ്പടർപ്പിൽ തീ കത്തുന്നു. പക്ഷെ മുൾപ്പടർപ്പ് വാടുകയോ വെന്തുപോകയോ ചെയ്യുന്നില്ല. കാട്ടുപ്രദേശത്ത് സാധാരണ ഉണ്ടാകാറുള്ള കാട്ടുതീയിൽനിന്നും വ്യത്യസ്തമായ ഒരു കാഴ്ചയാണ് മോശ ദർശിച്ചത്. ഇത് എന്തായിരിക്കും എന്നറിയുവാൻ മോശ അടുത്തുചെന്നു.

മുൾപ്പടർപ്പിന്റെ നടുവിൽനിന്നും "മോശെ", "മോശെ" എന്ന് വിളിക്കുന്നതായി മോശ കേട്ടു. അപ്പോൾ "ഇതാ ഞാൻ" എന്നു മോശ പറഞ്ഞു. "നീ നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ കാലിൽനിന്നും ചെരിപ്പ് അഴിച്ചു കളക" എന്ന് ഒരു ശബ്ദവും കേട്ടു.

ഇതിനുമുമ്പ് ജീവിച്ചതും നടന്നതുമായ മാർഗ്ഗം മാറ്റണം. പുതിയ പാത സ്വീകരിക്കണം ഇതായിരുന്നു ആ ശബ്ദത്തിന്റെ അർത്ഥം. "ഞാൻ അബ്രഹാമിന്റെ ദൈവവും യിസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും ആകുന്നു" എന്ന് യഹോവ അരുളിച്ചെയ്തു. മോശ ദൈവത്തെ നോക്കുവാൻ ഭയപ്പെട്ടു. ദൈവം ആരാണെന്ന് ഉറപ്പു വരുത്തേണ്ടത് ആവശ്യമായിരുന്നു. "ഞാൻ ആകുന്നവൻ ഞാനാകുന്നു" എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നു യിസ്രായേൽ മക്കളോട് പറയണമെന്നാണ് മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ട തീയിൽനിന്നുണ്ടായ ദൈവശബ്ദം. ഇത് ദൈവത്തിന്റെ നിത്യതയെ ആണ് വെളിപ്പെടുത്തുന്നത്.

ദൈവജനത്തിന്റെ കഷ്ടതയെ ദൈവം കണ്ട് മനസ്സലിഞ്ഞു. അവരെ മിസ്രയീമ്യരുടെ കൈയിൽനിന്ന് വിടുവിച്ച് നല്ലതും വിശാലവുമായ ദേശത്തേക്ക് കൊണ്ടുപോകുവാനുള്ള നിയോഗമാണ് ദൈവം മോശയ്ക്ക് കൊടുത്തത്. അതാണ് "പാലും തേനും ഒഴുകുന്ന കനാൻ ദേശം". ജനത്തെ വിട്ടയപ്പാൻ ആവശ്യം ഉന്നയിച്ചുകൊണ്ട് ദൈവം മോശയെ ഫറവോന്റെ അടുക്കൽ അയച്ചു. ദൈവം മോശയ്ക്ക് ഫറവോന്റെ മുമ്പാകെ ചെയ്യുവാൻ മൂന്ന് അടയാളങ്ങൾ കൊടുത്തു. അത് മോശയെ ദൈവം അയച്ചതാണെന്ന് തെളിയിക്കുന്നതായിരുന്നു.

**അടയാളങ്ങൾ**

1. മോശയുടെ കൈയ്യിൽ ഇരുന്ന വടി നിലത്തിടുക എന്ന് ദൈവം കല്പിച്ചു. നിലത്തിട്ടപ്പോൾ അത് പാമ്പായി മാറി. അതിനെ എടുത്തപ്പോൾ വീണ്ടും വടിയായിത്തീർന്നു.
2. മോശയുടെ കൈ അവന്റെ മാർവിടത്തിൽ വയ്ക്കുക എന്ന് ദൈവം ആജ്ഞാപിച്ചു. മാർവിടത്തിൽ വച്ചപ്പോൾ കൈ വെളുത്തു കുഷ്ഠമുള്ളതായി മാറി. വീണ്ടും മാർവിടത്തിൽ വയ്ക്കുവാൻ കല്പിച്ചു. പഴയതുപോലെ കുഷ്ഠം മാറി കാണപ്പെട്ടു.
3. ദൈവ കല്പനപ്രകാരം നൈൽനദിയിലെ വെള്ളം നിലത്തൊഴിച്ചു. അത് രക്തമായി മാറി. അതിന്മേൽ ദൈവത്തിന്റെ കൈ പ്രവർത്തിക്കുന്നു എന്ന് ഈ അടയാളം വ്യക്തമാക്കി.

മോശ തന്റെ ബലഹീനത ദൈവമുമ്പാകെ അറിയിച്ചു. "ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല. ഞാൻ വിക്കനും തടിച്ച നാവുള്ളവനും ആകുന്നു." മോശയുടെ ബലഹീനത ദൈവം കേട്ടപ്പോൾ "ഞാൻ നിന്റെ വായോടുകൂടെ ഇരുന്ന്, നീ സംസാരിക്കേണ്ടത് നിനക്കു ഉപദേശിച്ചു തരും" എന്ന് അരുളിച്ചെയ്തു. ദൈവം മോശയ്ക്ക് സഹായിയായി അഹറോനെ കൊടുത്തു. വിക്കനായ മോശയ്ക്കു വേണ്ടി ഫറവോനോട് സംസാരിക്കുവാൻ വാക്ചാതുര്യമുള്ളവനായ അഹറോനെ ദൈവം നിയോഗിച്ചു. തുടർന്ന് മോശ യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനെന്നുള്ള നിയോഗം സ്വീകരിച്ചു.

## നമുക്ക് പാടാം

മുൾമരമെരിയാതെരിതീ തൻ നടുവിൽ കണ്ടതുപോൽ
ചിന്മയനമ്മറിയാമിൽ വസിച്ചു ശരീരം പൂണ്ടു.
അതിനാൽ ഭംഗവുമാ-കന്യ
വ്രതമുദ്രയ്ക്കുണ്ടായില്ല.

## നമുക്കു പ്രാർത്ഥിക്കാം

*കർത്താവേ, ഞാൻ ആകേണ്ടുന്നത് എന്ത് എന്ന് നീ അറിയുന്നു. മറ്റുള്ള വർക്ക് നന്മ ചെയ്യുവാനുള്ള നിയോഗത്തിനായി നീ എന്നെ വിളിച്ചു അനുഗ്ര ഹിക്കണമെ. ആമ്മീൻ.*

## നിശ്ചയം

**ദൈവം എന്നെ വിളിക്കുമ്പോൾ അത് വിനയപൂർവ്വം സ്വീകരിക്കുവാൻ ഞാൻ തയ്യാറാകും.**

## നമുക്കു ചിന്തിക്കാം

1. "നീ നില്ക്കുന്ന സ്ഥലം വിശുദ്ധ ഭൂമിയാകയാൽ, കാലിൽനിന്ന് ചെരുപ്പ് അഴിച്ചുകളക" എന്ന് ദൈവം അരുളിച്ചെയ്തതിന്റെ അർത്ഥം എഴുതുക.
2. മോശവഴി ദൈവം പ്രവർത്തിച്ച അടയാളങ്ങൾ എത്ര? അവ ഏത് എന്നെഴുതുക

## പ്രവർത്തനങ്ങൾ

മുൾപ്പടർപ്പിൽ വച്ച് ദൈവം മോശയോട് സംസാരിച്ചതും മോശ മറുപടി നൽകിയതുമായ കാര്യങ്ങൾ വിശുദ്ധ വേദപുസ്തകഭാഗം പരിശോധിച്ചു സംഭാഷണ രൂപത്തിൽ എഴുതുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | പുറപ്പാട് 3:1-6 |
| തിങ്കൾ | അ. പ്ര. 6:7-15 | പുറപ്പാട് 3:7-10 |
| ചൊവ്വ | അ. പ്ര. 7:18-25 | പുറപ്പാട് 3:11-14 |
| ബുധൻ | അ. പ്ര. 7:30-34 | പുറപ്പാട് 3:15-22 |
| വ്യാഴം | അ. പ്ര. 7:44-50 | പുറപ്പാട് 4:1-5 |
| വെള്ളി | അ. പ്ര. 13:38-41 | പുറപ്പാട് 4:6-10 |
| ശനി | അ. പ്ര. 24:10-15 | * |

പാഠം 3

# മിസ്രയീമിൻമേൽ ഉണ്ടാകുന്ന പത്തു ബാധകൾ

**(പുറപ്പാട് 7-11 അദ്ധ്യായങ്ങൾ)**

**മുഖ്യസന്ദേശം:** ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. നന്മയിലേക്ക് വഴി നടത്തുന്നു.

**മനഃപാഠവാക്യം:** "ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവന് അവന്റെ ദയ എന്നേക്കുമുള്ളത്" (സങ്കീർത്തനങ്ങൾ 136:4).

**പഠനസഹായി:** പത്തുബാധകൾ ഒരു കാർഡിൽ വേദപുസ്തക തെളിവുകൾ സഹിതം എഴുതി തയ്യാറാക്കുക.

## ആമുഖം

ജനത്തെ അടിമകളായി വച്ച് കഠിനമായി ജോലി ചെയ്യിക്കുകയും പീഡിപ്പിക്കുകയും ചെയ്തിരുന്ന ഒരു സമൂഹത്തിൽനിന്ന് ദൈവജനത്തെ രക്ഷിക്കുന്നതിന് ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ച് സഹായിക്കുന്നു. ദൈവജനത്തോട് എപ്പോഴും ദൈവത്തിന് കാരുണ്യമാണുള്ളത്. കഷ്ടപ്പെടുന്നവരെക്കുറിച്ച് ദൈവത്തിനുള്ള കരുതൽ വലിയതാണ്. അവരുടെ വിമോചനത്തിനായി ദൈവം ആഗ്രഹിക്കുന്നു. ഈ വിമോചനസന്ദേശം വേണ്ടവണ്ണം ഉൾക്കൊള്ളേണ്ടതാണ്. യിസ്രായേൽ ജനത്തെ മിസ്രയീമ്യ അടിമത്വത്തിൽനിന്ന് ദൈവം വിടുവിക്കുന്നു.

## പാഠഭാഗം

ദൈവം മോശയെയും അഹറോനെയും ഫറവോന്റെ അടുക്കൽ അയച്ചു. ഫറവോൻ യിസ്രായേൽ ജനത്തെ അടിമകളാക്കി അവരെക്കൊണ്ട് അനേക ജോലികൾ ചെയ്യിച്ച് കഠിനമായി പീഡിപ്പിച്ചുകൊണ്ടിരുന്നു. യിസ്രായേൽ ജനത്തെക്കൊണ്ട് ജോലി ചെയ്യിച്ച് നേട്ടങ്ങൾ ഉണ്ടാക്കുവാൻ ആഗ്രഹിച്ചിരുന്നതിനാൽ ഫറവോൻ അവർക്ക് മോചനം കൊടുക്കുവാൻ മടിച്ചുനിന്നു. മോശ അവരെ വിടുവിക്കുവാൻ ആവശ്യപ്പെട്ട് ദൈവകല്പനപ്രകാരം കൊട്ടാരത്തിൽ എത്തി.

ആദ്യത്തെ പരീക്ഷണമെന്ന നിലയിൽ മോശയുടെ വടി നിലത്തിട്ടപ്പോൾ അത് സർപ്പമായിത്തീർന്നു. ഫറവോന്റെ മന്ത്രവാദികളും അവരുടെ വടികൾ നിലത്തിട്ടു. അതും സർപ്പമായിത്തീർന്നു. മന്ത്രവാദികളുടെ വടികളെ മോശയുടെ വടി വിഴുങ്ങിക്കളഞ്ഞു. ഫറവോൻ ഇത് കണ്ടു. ഈ അത്ഭുതം കണ്ട് വിശ്വസിച്ച് മോശയുടെ അപേക്ഷപ്രകാരം ജനത്തെ വിട്ടയയ്ക്കാത്തതിനാൽ മിസ്രയീമിലെ ജനങ്ങളെ വേദനിപ്പിക്കുന്ന പത്തു ബാധകൾ ദൈവം അവരുടെ മേൽ അയച്ചു. പത്തു ബാധകൾ എന്തെല്ലാമായിരുന്നു എന്ന് നമുക്ക് കാണാം.

1. **നദിയിലെ വെള്ളം രക്തമായിത്തീർന്നു.** മോശ തന്റെ വടികൊണ്ട് നദിയെ അടിച്ചപ്പോൾ നദിയിലെ വെള്ളം രക്തമായിമാറി. മിസ്രയീമിൽ എല്ലായിടത്തും വെള്ളം രക്തമായി. നദിയിലെ മത്സ്യം ചാകുകയും നദി നാറുകയും ചെയ്തു. ഇത് ചെയ്തിട്ട് യഹോവ മോശയോട് അരുളിച്ചെയ്തതനുസരിച്ച് തന്റെ ജനത്തെ വിട്ടയപ്പാൻ ആവശ്യപ്പെട്ടു. എന്നാൽ ഫറവോൻ ജനത്തെ വിട്ടയച്ചില്ല.

2. **മിസ്രയീമിൽ എല്ലായിടത്തും തവള അനവധിയായി വർദ്ധിച്ചു.** തവള മിസ്രയീം ദേശത്തെ മൂടിക്കളഞ്ഞു. ഫറവോൻ മോശയോടും അഹറോനോടും ഇതു മാറിക്കിട്ടുവാൻ യഹോവയോടു പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടു. എന്നാൽ ജനത്തെ വിട്ടുതരാം എന്നും പറഞ്ഞു. തവള മുഴുവനും നശിച്ചുകൂമ്പാരമായി. ഫറവോന്റെ ഹൃദയം പിന്നെയും കഠിനപ്പെട്ടു. അവൻ ജനത്തെ വിട്ടയച്ചില്ല.

3. **പേൻ.** മോശ ദൈവകല്പന പ്രകാരം നിലത്തിലെ പൊടിയെ അടിച്ചു. ദേശമെല്ലാം പേൻ നിറഞ്ഞു. മനുഷ്യരുടെമേലും മൃഗങ്ങളുടെമേലും പേൻ വർദ്ധിച്ചു. പിന്നെയും ജനത്തെ വിട്ടയ്ക്കാതെ ഫറവോന്റെ ഹൃദയം കഠിനപ്പെട്ടു.

4. **നായീച്ച.** ജനത്തെ വിട്ടയ്ക്കായ്കയാൽ ഫറവോന്റെമേലും ഭൃത്യന്മാരുടെമേലും ജനത്തിന്മേലും ഗൃഹത്തിന്മേലും നായീച്ച നിറഞ്ഞു.

5. **മൃഗങ്ങൾക്ക് വ്യാധി.** അതികഠിനമായ വ്യാധി മൃഗങ്ങളിന്മേൽ വന്നു. യിസ്രായേൽ ജനത്തിന്റെ മൃഗങ്ങളിന്മേൽ ഒന്നും വരാതിരുന്നു. മിസ്രയീമ്യരുടെ മൃഗങ്ങൾ എല്ലാം ചത്തു.

6. **മനുഷ്യർക്കും മൃഗങ്ങൾക്കും പുണ്ണ്.** അടുപ്പിലെ വെണ്ണീർവാരി ഫറവോന്റെ മുമ്പാകെ മോശ നിന്നു. മോശെ അത് ആകാശത്തേക്ക് വാരിവിതറിയപ്പോൾ മനുഷ്യരുടെയും മൃഗങ്ങളുടെയും മേൽ പുണ്ണായി പൊങ്ങുന്ന പരുവായിത്തീർന്നു.

7. **കഠിനമായ കൽമഴ.** യഹോവയുടെ കല്പനയെ ഭയപ്പെട്ടവർ ദാസന്മാരെയും മൃഗങ്ങളെയും വീടുകളിൽ വരുത്തി രക്ഷിച്ചു. എന്നാൽ യഹോവയുടെ വചനത്തെ പ്രമാണിക്കാതിരുന്നവർ ദാസന്മാരെയും മൃഗങ്ങളെയും വയലിൽ തന്നെ വിട്ടു. യഹോവയുടെ കല്പനപ്രകാരം മോശ കൈ ആകാശത്തേക്ക് നീട്ടി. കല്മഴ ഉണ്ടായി. അതോടുകൂടി തീയും ഉണ്ടായി.

8. **വെട്ടുക്കിളി.** ദൈവജനത്തെ വിട്ടയപ്പാൻ തയ്യാറാകാത്തതു കാരണം ദേശത്ത് വെട്ടുക്കിളിയെ വരുത്തി. വയലുകളിലും പറമ്പുകളിലും തളിർത്തുവരുന്ന സകലവും വൃക്ഷങ്ങളും വെട്ടുക്കിളി തിന്നുകളഞ്ഞു.

9. **കൂരിരുട്ട്.** മോശ ദൈവകല്പനപ്രകാരം കൈ നീട്ടിയപ്പോൾ ദേശമെല്ലാം ഇരുട്ടുണ്ടായി. എന്നാൽ യിസ്രായേൽ മക്കൾക്ക് എല്ലാവർക്കും അവരുടെ വാസസ്ഥലങ്ങളിലും വെളിച്ചം ഉണ്ടായിരുന്നു.

10. **കടിഞ്ഞൂൽ സംഹാരം.** എല്ലാ ബാധകളും ഉണ്ടാകുമ്പോഴും ഫറവോന്റെ ഹൃദയം കഠിനപ്പെട്ടതല്ലാതെ ജനത്തെ വിട്ടയച്ചില്ല. യഹോവ മോശയോട് ഒരു ബാധകൂടെ ഫറവോന്മേലും മിസ്രയീമിന്മേലും വരുത്തും എന്ന് അരുളിച്ചെയ്തു. അപ്പോൾ ഫറവോൻ ജനത്തെ വിട്ടയയ്ക്കും എന്നും പറഞ്ഞു. ഫറവോന്റെ ആദ്യജാതൻ മുതൽ മിസ്രയീമ്യരുടെ എല്ലാ ആദ്യജാതന്മാരും ചത്തുപോകും - ദേശമെല്ലാം നിലവിളി ഉണ്ടാകും. മൃഗങ്ങളുടെ കടിഞ്ഞൂൽ ചത്തുപോകും. എന്നാൽ ഇതൊന്നും യിസ്രായേൽ മക്കൾക്ക് വരാതിരിക്കും എന്നും യഹോവ കല്പിച്ചു. മോശയും അഹറോനും ഈ അത്ഭുതങ്ങൾ ഒക്കെയും ഫറവോന്റെ മുമ്പാകെ ചെയ്തു. എങ്കിലും ഫറവോന്റെ ഹൃദയം കഠിനമാകുകയായിരുന്നു.

പത്തുബാധകൾക്കുശേഷം മാത്രമേ ഫറവോൻ യിസ്രായേൽ മക്കളെ വിട്ടയച്ചുള്ളൂ. ഫറവോന്റെമേലും അവന്റെ ദേവന്മാരുടെമേലും ഉള്ള ദൈവത്തിന്റെ ന്യായവിധി ആയിരുന്നു ഈ പത്തു ബാധകൾ.

## നമുക്ക് പാടാം

ലോകം താത സഹോദരർ ജാതിയതും - തറവാടും
ആകെ ഉപേക്ഷിച്ചേശുവിനായ് മരണം - സ്നേഹിച്ച
സഹദേന്മാരെ സദാകാലം
സ്മരണം ചെയ്വതു നന്നേറ്റം

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമേ, നന്മ തിന്മകൾ തിരിച്ചറിഞ്ഞ് ദൈവഭയത്തിൽ ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ആമ്മീൻ.*

## നിശ്ചയം

**ദൈവപദ്ധതികളെ തിരിച്ചറിയുവാൻ**
**ഞാൻ പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കും.**

## പ്രവർത്തനങ്ങൾ

1. പത്തു ബാധകൾ ക്രമമായി എഴുതുക
2. ബാധകൾക്ക് മുമ്പ് ഫറവോൻ വിശ്വസിക്കേണ്ടതിന് മോശ പ്രവർത്തിച്ച അത്ഭുതം ഏതാണ്?

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | പുറപ്പാട് 6:1-9 |
| തിങ്കൾ | പുറപ്പാട് 7:1-15 | പുറപ്പാട് 7:8-25 |
| ചൊവ്വ | പുറപ്പാട് 2:23-25 | പുറപ്പാട് 8:1-15 |
| ബുധൻ | ലേവ്യ 12:1-4 | പുറപ്പാട് 8:16-32 |
| വ്യാഴം | ലൂക്കോസ് 16:19-31 | പുറപ്പാട് 9:1-15 |
| വെള്ളി | ലൂക്കോസ് 24:13-21 | പുറപ്പാട് 9:22-35 |
| ശനി | ലൂക്കോസ് 24:22-33 | * |

പാഠം 4

# യിസ്രായേൽ ജനത വിടുവിക്കപ്പെടുന്നു

**(പുറപ്പാട് 12-14 അദ്ധ്യായങ്ങൾ)**

**മുഖ്യസന്ദേശം:** ദൈവകൃപയുടെ ചരിത്രം സ്തോത്രത്തോടെ അറിഞ്ഞ് വിനയത്തോടെ ദൈവസന്നിധിയിൽ നമ്മെ സമർപ്പിക്കുക. എല്ലാ കാര്യങ്ങളിലും ദൈവം നമ്മെ നടത്തും.

**മനഃപാഠവാക്യം:** "രാജാവ് ആളയച്ച് അവനെ വിടുവിച്ചു, ജാതികളുടെ അധിപതി അവനെ സ്വതന്ത്രനാക്കി" (സങ്കീർത്തനങ്ങൾ 105:20).

## ആമുഖം

ഒരു ജനതയുടെ വീണ്ടെടുപ്പ് സാധ്യമാകുന്നു. അതോടൊപ്പം ഒരു വലിയ ആചാരത്തിന്റെ തുടക്കം പ്രകടമാകുന്നു. പ്രതിസന്ധികളിലും പ്രശ്നങ്ങളിലും അടിപതറാതെ മുമ്പോട്ടുപോകുന്ന ഒരു സമൂഹം. ദൈവത്തിന്റെ കരുതലും സ്നേഹവും ജനം അനുഭവിച്ചറിയുന്നു. ദൈവകൃപയുടെ ചരിത്രം മനസ്സിലാക്കുവാൻ ഈ പാഠം നമ്മെ സഹായിക്കുന്നു.

## പാഠഭാഗം

പത്തു ബാധകൾ ഉണ്ടായപ്പോൾ മോശയെപ്പറ്റി മിസ്രയീമ്യർക്ക് വലിയ ബഹുമാനമുണ്ടായി. മോശയെ ഫറവോന്റെ ഭൃത്യന്മാരും പ്രജകളും മഹാശ്രേഷ്ഠനായി വിചാരിച്ചു. എന്നാൽ ഫറവോന്റെ ഹൃദയം കഠിനപ്പെട്ടുകൊണ്ടേയിരുന്നു. കടിഞ്ഞൂൽ സംഹാരം എന്ന പത്താമത്തെ ബാധ ഉണ്ടായപ്പോഴാണ് ഫറവോന് സഹിക്കവയ്യാതെ മനം മാറ്റമുണ്ടായത്. അപ്പോൾ ഫറവോൻ ജനത്തെ വിടുവിക്കാൻ നിർബന്ധിതനായി.

### പെസഹാആചരണം

മിസ്രയീമിലെ അടിമത്വത്തിലിരുന്ന ജനത്തിന്റെ വിടുതലിന്റെ സ്മരണയ്ക്കായിട്ടാണ് പെസഹാ ആചരിക്കുന്നത്. ഒരു പുതിയ യുഗത്തിന്റെയും ജീവിതത്തിന്റെയും ആരംഭം കാണാം. പെസഹാ എന്ന വാക്കിന്റെ അർത്ഥം 'കടന്നുപോക്ക്' (passover) എന്നാണ്. അബീബ് മാസം അഥവാ നിസാൻമാസം ആണ് അവരുടെ ചരിത്രത്തിന്റെ ആരംഭം. അബീബ് മാസം 10-ാം തീയതി ഓരോ കുടുംബത്തിനും ഓരോ ആട്ടിൻകുട്ടിയെ വീതം തെരഞ്ഞെടുത്ത് 14-ാം തീയതിവരെ സൂക്ഷിക്കണം. പതിനാലാം തീയതി സന്ധ്യയ്ക്ക് അതിനെ അറുക്കേണം. ആട്ടിൻകുട്ടി ഊനമില്ലാത്ത ആൺആട്ടിൻകുട്ടി ആയിരിക്കണം. അറുക്കപ്പെട്ട കുഞ്ഞാടിന്റെ രക്തം ഒരു പാത്രത്തിൽ ശേഖരിച്ച് കട്ടിളക്കാൽ രണ്ടിന്മേലും മേൽവശത്തും കുറുമ്പടിമേലും പുരട്ടേണം. മാംസം തീയിൽ ഇട്ട് ചുട്ട് കൈപ്പു ചീരയോടുകൂടി തിന്നേണം. വെള്ളത്തിൽ പുഴുങ്ങിയോ പച്ചയായിട്ടോ തിന്നരുത്. പുളിപ്പില്ലാത്ത അപ്പം പിന്നീടുള്ള ഏഴു ദിവസം തിന്നേണം. ഈ പെസഹാ ആചരണം യേശുക്രിസ്തുവിൽക്കൂടെ പാപിക്കുള്ള വീണ്ടെടുപ്പിനെ കുറിക്കുന്നു. "ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാ"യിരുന്നു യേശുക്രിസ്തു.

പിൽക്കാലത്ത് യിസ്രായേൽ പലസ്തീനിൽ ഒരു ജനത എന്ന നിലയിൽ സ്ഥിരപ്പെട്ടപ്പോൾ, ഭവനത്തിൽ വച്ച് ആടിനെ അറുക്കുന്ന രീതി മാറി. അത് യറുശലേം ദേവാലയത്തിലായി. കട്ടിളപ്പടിമേൽ രക്തം പുരട്ടുന്ന രീതിമാറി യാഗപീഠത്തിന്റെ ചുവട്ടിൽ രക്തം ഒഴിക്കുന്ന പതിവായി. മേദസ്സ് ദഹിപ്പിക്കുകയും മാംസം ഭക്ഷിക്കുകയും ചെയ്യുന്ന രീതി നടപ്പിലായി. പത്തുപേരിൽ കുറയാത്ത ഓരോ കുടുംബത്തിനും വീട്ടിൽവച്ച് ആചരിക്കാമെന്ന പതിവുണ്ടായി. അങ്ങനെയാണ് കർത്താവും ശിഷ്യന്മാരും വിരിച്ചൊരുക്കിയ വന്മാളികയിൽ പെസഹാ ആചരിച്ചത്. കുഞ്ഞാടായ യേശുക്രിസ്തു അടുത്ത ദിവസം അറുക്കപ്പെടുകയും ചെയ്തു. യഹൂദ പെസഹായുടെ പശ്ചാത്തലത്തിലാണ് നമ്മുടെ കർത്താവ് വി. കുർബ്ബാന സ്ഥാപിച്ചത്.

യേശുക്രിസ്തു നീസാൻമാസം പത്താം തീയതി ആയ ഓശാന ഞായറാഴ്ച യറുശലേമിൽ പ്രവേശിച്ചു. ഒരുക്കപ്പെട്ട കുഞ്ഞാടായി. നാലുദിവസം കഴിഞ്ഞു കുഞ്ഞാട് യാഗമായിത്തീരുകയും ചെയ്തു. പഴയനിയമത്തിലെ പെസഹാ മിസ്രയീമിലെ അടിമത്വത്തിൽ നിന്നുള്ള വീണ്ടെടുപ്പിന്റെ ഓർമ്മപുതുക്കൽ ആയതുപോലെ കർത്താവ് സ്ഥാപിച്ച വി. കുർബ്ബാന പാപികളുടെ വീണ്ടെടുപ്പിനുള്ള യാഗമായി വിശ്വസിച്ചുവരുന്നു.

### മരുഭൂമിയിലെ നടത്തിപ്പുകാരൻ

യിസ്രായേൽ മക്കൾ മിസ്രയീമിൽ 430 വർഷം അടിമകളായിരുന്നു എന്ന് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (പുറപ്പാട് 12:40, 41). ഇക്കാര്യം യഹോവയായ ദൈവം അബ്രഹാമിനോട് മുൻകൂട്ടി പറയുമ്പോൾ 400 സംവത്സരം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ഉല്പത്തി 15:13). മിസ്രയീമിൽനിന്നും ദൈവജനം വിടുവിക്കപ്പെട്ടു യാത്ര തിരിച്ചപ്പോൾ മിസ്രയീമ്യർ യിസ്രായേൽജനതയെ തിരക്കാതിരിക്കത്തക്കവണ്ണം അവരെല്ലാവരും തങ്ങളുടെ ആദ്യജാതന്മാരെ കുഴിച്ചിടുന്ന തിരക്കിലായിരുന്നു (സംഖ്യാപുസ്തകം 33:4). കുട്ടികളും സ്ത്രീകളും ഒഴികെ ഏകദേശം ആറ് ലക്ഷം പുരുഷന്മാർ കാൽനടയായി മിസ്രയീമിൽനിന്നും പുറപ്പെട്ടു.

### ചെങ്കടൽ കടക്കുന്നു

ഫറവോന്റെ ആധിപത്യത്തിൽനിന്ന് വിടുവിക്കപ്പെട്ട യിസ്രായേൽജനം ചെങ്കടൽ കടക്കേണ്ടതായി വന്നു. ജനം അഭിമുഖീകരിച്ച ഒരു പ്രതിസന്ധിയായിരുന്നു ചെങ്കടൽ. മുമ്പിൽ ചെങ്കടൽ, പിമ്പിൽ ശത്രുസൈന്യം. ജനം ഏറ്റവും ഭയപ്പെട്ടു. യിസ്രായേൽ ജനം യഹോവയോട് നിലവിളിച്ചു. മോശയ്ക്ക് വിരോധമായി സംസാരിച്ചു. മരുഭൂമിയിൽ മരിക്കുന്നതിനേക്കാൾ മിസ്രയീമ്യർക്ക് വേലചെയ്യുന്നതായിരുന്നു നല്ലത് എന്ന് മോശയെ അറിയിച്ചു. “ഭയപ്പെടേണ്ട, ഉറച്ചുനില്പിൻ: യഹോവ ഇന്നു നിങ്ങൾക്ക് ചെയ്‌വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും. നിങ്ങൾ മിണ്ടാതിരിപ്പിൻ” എന്നു മോശ ജനത്തോട് പറഞ്ഞു.

മോശയുടെ കൈയ്യിൽ ഇരിക്കുന്ന വടി കടലിന്മേൽ നീട്ടി അതിനെ വിഭാഗിക്ക എന്ന് ദൈവം മോശയോട് കല്പിച്ചു. മോശ കടലിന്മേൽ കൈനീട്ടി - വെള്ളം തമ്മിൽ വേർപിരിഞ്ഞു. യിസ്രായേൽ മക്കൾ കടലിന്റെ നടുവിൽ ഉണങ്ങിയ നിലത്തുകൂടി നടന്ന് അക്കരയെത്തി. അവരുടെ ഇടത്തും വലത്തും വെള്ളം മതിലായിനിന്നു. മിസ്രയീമ്യർ യിസ്രായേൽ ജനത്തെ പിന്തുടർന്നുവന്നു. ഫറവോന്റെ കുതിരകളും രഥങ്ങളുടെ കുതിരപ്പടയും എല്ലാം അവരുടെ പിന്നാലെ കടലിന്റെ നടുവിലേക്ക് ചെന്നു. പ്രഭാതയാമത്തിൽ യഹോവ അഗ്നിമേഘസ്തംഭത്തിൽനിന്നു മിസ്രയീമ്യസൈന്യത്തെ നോക്കി മിസ്രയീമ്യരുടെ സൈന്യത്തെ താറുമാറാക്കി. അപ്പോൾ വീണ്ടും മോശയുടെ കൈ കടലിന്മേൽ നീട്ടി. അപ്പോൾ കടൽ അതിന്റെ പൂർവ്വസ്ഥിതിയിലായി. വെള്ളം മടങ്ങിവന്നു കടലിലേക്ക്

ഇറങ്ങിയിരുന്ന രഥങ്ങളെയും കുതിരപ്പടയെയും ഫറവോന്റെ സൈന്യത്തെയും എല്ലാം മുക്കിക്കളഞ്ഞു. യഹോവ ഇങ്ങനെ മിസ്രയീമ്യരുടെ കൈയ്യിൽനിന്നും രക്ഷിച്ചു. കടൽക്കരയിൽ മിസ്രയീമ്യർ ചത്തടിഞ്ഞ് കിടക്കുന്നത് യിസ്രായേൽക്കാർ കണ്ടു. ചെങ്കടൽ വിജയത്തിന്റെ സ്ഥാനമായി. ജനം ആർപ്പോടെ ആഹ്ലാദത്തോടുകൂടെ പാട്ടുപാടിക്കൊണ്ടു യാത്രയായി. മിര്യാം സന്തോഷത്താൽ തപ്പെടുത്ത് കൊട്ടിക്കൊണ്ട് ഗാനം പാടി ജനത്തിന് നേതൃത്വം നൽകി. യിസ്രായേൽജനം സന്തോഷത്തോടും ആനന്ദത്തോടും കൂടെ തങ്ങളുടെ യാത്ര തുടർന്നു.

## നമുക്ക് പാടാം

തൂക്കപ്പെട്ടു മരത്തിൽ വിലാവു തുറന്നാച്ചവളം
രക്തം വെള്ളമൊടൊഴുകും മശിഹായെ സഹദേന്മാർ
കണ്ടങ്ങോടി മരിപ്പാനായ്
കർത്താവിൻ പേർക്കെല്ലാരും.

## നമുക്ക് പ്രാർത്ഥിക്കാം

*മിസ്രയീമ്യ അടിമത്വത്തിൽനിന്ന് യിസ്രായേലിനെ രക്ഷിച്ച ദൈവമേ, ഞങ്ങളെ നിന്റെ ദൈവകൃപയുടെ വഴിയിൽ നടത്തേണമേ. ചെങ്കടൽ കടക്കുന്നതിന് അവരെ സഹായിച്ചതുപോലെ ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ.*

## നിശ്ചയം

**ഏതു പ്രതിസന്ധിയിലും ദൈവഹിതം അറിഞ്ഞു നടക്കുവാൻ ഞങ്ങൾ തയ്യാറാകും.**

## നമുക്ക് ചിന്തിക്കാം

1. 'പെസഹാ' എന്ന വാക്കിന്റെ അർത്ഥം എന്ത്?
2. പഴയനിയമ പെസഹ ആചരിച്ചിരുന്നത് എങ്ങനെ?
3. ക്രിസ്ത്യാനികളായ നമ്മൾ ഇന്ന് പെസഹാ ആചരിക്കുന്നതെങ്ങനെ?
4. പുറപ്പാട് 15-ാം അദ്ധ്യായത്തിൽ യിസ്രായേൽ മക്കൾ പാടിയ സങ്കീർത്തനത്തിൽ ഈ യാത്രയെ പരാമർശിക്കുന്ന വാക്യങ്ങൾ കണ്ടുപിടിച്ചെഴുതുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | പുറപ്പാട് 12:21-28 |
| തിങ്കൾ | സങ്കീ. 68:7-14 | പുറപ്പാട് 12:29-36 |
| ചൊവ്വ | സങ്കീ. 68:19-23 | പുറപ്പാട് 12:37-42 |
| ബുധൻ | സങ്കീ. 68:24-31 | പുറപ്പാട് 12:43-51 |
| വ്യാഴം | സങ്കീ. 68:32-35 | പുറപ്പാട് 13:3-10 |
| വെള്ളി | യെശ. 43:1-7 | പുറപ്പാട് 13:11-14 |
| ശനി | യെശ. 43:8-13 | * |

പാഠം 5

# യിസ്രായേൽ ജനതയുടെ മരുഭൂയാത്ര

**(പുറപ്പാട് 15:22–18:27 അദ്ധ്യായങ്ങൾ)**

**മുഖ്യസന്ദേശം:** സ്വർഗ്ഗീയ കനാനിലേക്കുള്ള ക്രിസ്തീയ തീർത്ഥാടന യാത്രയിൽ ദൈവ വഴി അറിഞ്ഞ് ജീവിച്ച് ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേരണം.

**മനഃപാഠവാക്യം:** "മനുഷ്യൻ ശക്തിമാന്മാരുടെ അപ്പം തിന്നു; അവൻ അവർക്ക് തൃപ്തി യാകുംവണ്ണം ആഹാരം അയച്ചു" (സങ്കീ. 78:25).

**പഠനസഹായി:** മരുഭൂയാത്രയുടെ ഭൂപടം, മന്നാ, കാടപ്പക്ഷി ഇവയുടെ ചിത്രങ്ങളും.

## ആമുഖം

മനുഷ്യന് ദൈവത്തിൽനിന്ന് നിത്യവും അനേകം കൃപകളും അനുഗ്രഹങ്ങളും ലഭിക്കുന്നു. വ്യക്തികളായും കുടുംബങ്ങളായും സമൂഹമായും ഈ കൃപാദാനങ്ങളെ സ്വീകരിച്ചാണ് നാം ജീവിക്കുന്നത്. ഒരു സമൂഹത്തിന് ലഭിച്ച കൃപയുടെ ചരിത്രമാണ് യിസ്രായേൽ ജനത്തിന്റെ മരുഭൂയാത്ര. ക്രിസ്തീയസമൂഹത്തിന്റെ തീർത്ഥാടനവുമായി ബന്ധപ്പെട്ട യിസ്രായേലിന്റെ യാത്ര നമുക്ക് കാണാം, പഠിക്കാം.

## പാഠഭാഗം

ദൈവജനത്തിന്റെ സംരക്ഷകനായ ദൈവം യിസ്രായേൽജനത്തെ ചെങ്കടലിലെ നാശത്തിൽനിന്നും വീണ്ടെടുത്തു. അവർക്ക് പകൽ തണലായി മേഘസ്തംഭവും രാത്രി വെളിച്ചത്തിനായി അഗ്നിസ്തംഭവും ഉണ്ടായിരുന്നു. അങ്ങനെ സുരക്ഷിതരായിട്ടായിരുന്നു യിസ്രായേലിന്റെ യാത്ര.

### മാറായിലെ കയ്പുജലം

ചെങ്കടൽ കടന്ന് യിസ്രായേൽജനം ശൂർ മരുഭൂമിയിൽ എത്തി. മൂന്നുദിവസം മരുഭൂമിയിൽ വെള്ളം കിട്ടാതെ വലഞ്ഞു. മാറായിൽ എത്തി. അവിടുത്തെ ജലം കയ്പുള്ളതായിരുന്നതിനാൽ അവർക്ക് കുടിക്കുവാൻ കഴിഞ്ഞില്ല. ജനം മോശയോട് പിറുപിറുത്തു. മോശ തങ്ങളെ അയച്ച ദൈവത്തോട് അപേക്ഷിച്ചു. ദൈവം കാണിച്ചുകൊടുത്ത ഒരു വൃക്ഷം വെട്ടി വെള്ളത്തിലിട്ടപ്പോൾ ജലം മധുരമായിത്തീർന്നു. ഈ വൃക്ഷം കാൽവറിയിലെ കുരിശിന്റെ പ്രതീകമാണ്. "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു" എന്ന് യഹോവ അരുളിച്ചെയ്തു (പുറപ്പാട് 15:26). മാത്രമല്ല മിസ്രയീമ്യർക്ക് വരുത്തിയ വ്യാധികൾ ഒന്നും ദൈവജനത്തിന് ഉണ്ടാകയില്ല എന്ന വാഗ്ദത്തം നല്കുകയും ചെയ്തു.

### മന്നായും കാടപ്പക്ഷിയും

യിസ്രായേൽജനം പിന്നീട് ഏലീമിൽ എത്തി. അവിടെ പന്ത്രണ്ട് നീരുറവയും എഴുപത് ഈത്തപ്പനയും ഉണ്ടായിരുന്നു. ജനം അവിടെ പാളയമിറങ്ങി അവർ ഏലീമിൽനിന്ന് യാത്ര പുറപ്പെട്ട് ഏലീമിനും സീനായ്ക്കും മദ്ധ്യേയുള്ള സീൻ മരുഭൂമിയിൽ എത്തി. അപ്പോൾ

അവർക്ക് ഭക്ഷിപ്പാൻ ഒന്നും ഇല്ലായിരുന്നു. ആ മരുഭൂമിയിൽവച്ച് യിസ്രായേൽ മക്കൾ മോശയ്ക്കും അഹറോനും എതിരെ പിറുപിറുത്തു. അവർ മോശയോടും അഹറോനോടും പറഞ്ഞു: “ഞങ്ങൾ ഇറച്ചിക്കലങ്ങളുടെ അടുക്കലിരിക്കയും തൃപ്തിയാകുംവണ്ണം ഭക്ഷണം കഴിക്കയും ചെയ്ത മിസ്രയീം ദേശത്തുവെച്ച് യഹോവയുടെ കൈയ്യാൽ മരിച്ചിരുന്നു എങ്കിൽ കൊള്ളായിരുന്നു. നിങ്ങൾ ഈ സംഘത്തെ മുഴുവനും പട്ടിണിയിട്ടു കൊല്ലു വാൻ ഈ മരുഭൂമിയിലേക്ക് കൂട്ടിക്കൊണ്ടുവന്നിരിക്കുന്നു” (പുറപ്പാട് 16:3). മരുഭൂയാത്ര യിൽ ഭക്ഷണത്തിനുവേണ്ടി ജനം പിറുപിറുത്തപ്പോൾ ദൈവം ആകാശത്തുനിന്ന് അപ്പം വർഷിപ്പിക്കും എന്നുപറഞ്ഞു. രാവിലെ മഞ്ഞുമാറുമ്പോൾ ചെതുമ്പലിന്റെ മാതിരി ഒരു നേരിയ വസ്തു ഉറച്ച മഞ്ഞുപോലെ നിലത്തു കാണപ്പെട്ടു. യിസ്രായേൽ മക്കൾ ഈ വസ്തുവിന് മന്ന എന്ന് പേരിട്ടു. കനാൻ ദേശത്തിന്റെ അതിരിൽ എത്തുവോളം അവർക്ക് അത് ലഭിച്ചു. അത് കൊത്തമ്പാലരി പോലെയും, വെള്ളനിറമുള്ളതും തേൻകൂട്ടിയ ദോശ യോടൊത്ത രുചിയുള്ളതും ആയിരുന്നു. ആളൊന്നിന് ഇടങ്ങഴി വീതം ദിവസവും പെറു ക്കണം. ശബ്ബത്തിലേക്ക് വേണ്ടി തലേദിവസം ഇരട്ടി പെറുക്കാം. പിറ്റെന്നാളത്തേക്ക് ശേഷി പ്പിച്ചു വെയ്ക്കുന്നതു കൃമിച്ചുപോകും. അവർ രാത്രിയും പകലും കാടപ്പക്ഷിയെ പിടിച്ചു കൂട്ടി. ഏറ്റവും കുറച്ചു പിടിച്ചവർ പത്തുപറ പിടിച്ചുകൂട്ടി. യഹോവയുടെ കല്പനപ്രകാരം തലമുറകൾ കാണേണ്ടതിന് സൂക്ഷിച്ചുവെപ്പാൻ ഒരിടങ്ങഴി മന്ന പെറുക്കിയെടുത്തു. അഹ റോൻ അത് സാക്ഷ്യസന്നിധിയിൽ സൂക്ഷിച്ചുവെച്ചു. യിസ്രായേൽ ജനത്തിന് ഭക്ഷിപ്പാൻ മന്നായും കാടപ്പക്ഷിയും ലഭിച്ചു.

### പാറയിൽനിന്ന് ജനത്തിനു ജലം പുറപ്പെടുവിച്ചു

ജനം സീൻ മരുഭൂമിയിൽനിന്ന് പുറപ്പെട്ടു രഫീദിമിൽ എത്തിയപ്പോൾ കുടിപ്പാൻ വെള്ളം ഇല്ലാതായി. ജനം പിറുപിറുത്തു. ഹോരേബ് പർവ്വതത്തിലെ പാറയെ അടിപ്പാൻ ദൈവം കല്പിച്ചു. മോശ അപ്രകാരം ചെയ്തു. പാറയിൽ നിന്ന് വെള്ളം പുറപ്പെട്ട സ്ഥല ത്തിന് ‘മസ്സാ’ (മസ്സ = പരീക്ഷ) എന്നും ‘മെരീബ’ (മെരീബാ = കലഹം) എന്നും പേരിട്ടു. മറ്റൊരു സന്ദർഭത്തിൽ ജനം കാദേശിൽ എത്തിയപ്പോൾ അവിടെയും ജനം മോശയോടു പിറുപിറുത്തു. പാറയോടു കല്പിക്കുവാൻ ദൈവം ആജ്ഞാപിച്ചപ്പോൾ മോശയും അഹറോനും “മത്സരികളേ കേൾപ്പിൻ” ഈ പാറയിൽനിന്ന് ഞങ്ങൾ നിങ്ങൾക്കുവേണ്ടി വെള്ളം പുറപ്പെടുവിക്കുമോ? (സംഖ്യാപുസ്തകം 20:10) എന്നുപറഞ്ഞു രണ്ടുപ്രാവശ്യം വടികൊണ്ട് പാറയെ അടിച്ചു. വെള്ളം പുറപ്പെട്ടു ജനവും അവരുടെ മൃഗങ്ങളും കുടിച്ചു തൃപ്തിപ്രാപിച്ചു. പാറയോട് കല്പിപ്പാനാണ് ദൈവം ആവശ്യപ്പെട്ടത്. എന്നാൽ മോശ ജനത്തോടു കോപിച്ചു ദൈവകല്പനയ്ക്ക് വിരുദ്ധമായി പാറയെ അടിച്ചു. ഇക്കാരണ ത്താൽ മോശയും അഹറോനും വാഗ്ദത്തനാട്ടിൽ പ്രവേശിക്കയില്ല എന്ന് ദൈവം കല്പിച്ചു (സംഖ്യാ. 20:12).

### നല്ല സംഘാടകൻ

മോശ ഏകനായി ജനത്തിന് ന്യായപാലനം ചെയ്യുന്ന രീതി, മോശയുടെ അമ്മായപ്പനായ യിത്രോ കണ്ടപ്പോൾ നല്കിയ ആലോചന മോശ സ്വീകരിച്ചു. ആയിരം പേർക്കും, നൂറുപേർക്കും, അമ്പതുപേർക്കും, പത്തുപേർക്കും അധിപതിമാരെ നിയമിച്ചു. അധികാരവികേന്ദ്രീകരണം നടത്തി ജനത്തിന് ന്യായപാലനം ചെയ്തു. അതിന്റെ പിൻതുടർച്ചയെന്നവണ്ണം യഹോവയുടെ നിർദ്ദേശപ്രകാരം ആത്മനിറവുള്ള എഴുപത് പുരുഷന്മാരെ തെരഞ്ഞെടുത്ത് ജനത്തിന് ന്യായപാലനം ചെയ്യുവാൻ നിയമിച്ചു (സംഖ്യാ പുസ്തകം 11:16). ഇങ്ങനെയാണ് പിൽക്കാലത്ത് ‘സന്നിദ്രീം സംഘം’ എന്ന പേരിലറിയ പ്പെട്ട യഹൂദ ജനത്തിന്റെ ഭരണാധികാരികളുടെ തുടക്കം.

ദൈവത്തിന്റെ കരുതലും സ്നേഹവും ഏറ്റവും അധികമായി യിസ്രായേൽ ജനം അനുഭവിച്ചു. ലോകചരിത്രത്തിൽ തന്നെ ഏറ്റവും നല്ല ഭരണാധികാരിയായി മാതൃക കാണിച്ച് മോശ യിസ്രായേൽ ജനത്തെ നയിച്ചു.

## നമുക്ക് പാടാം

വെട്ടം വീണപ്പോൾ - ദാവീദാമോദാൽ
ദേവാഗാരാത്തിൽ - പ്രാർത്ഥിപ്പാൻ പോയി
ലോകം വീണ്ടോനേ - നാഥാ എൻ വാക്യം
ധ്യാനം കണ്ണീരെന്നിവ കൈക്കൊള്ളേണേ
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ
നീ നൽകീടേണം പാപത്തിൻ ശാന്തി

## നമുക്ക് പ്രാർത്ഥിക്കാം

*യിസ്രായേൽ ജനത്തിന് മരുഭൂമിയിൽ വച്ച് ഭക്ഷിപ്പാൻ മന്നായും പാറയിൽ നിന്ന് വെള്ളവും കൊടുത്തവനായ കാരുണ്യവാനായ ദൈവമേ, ഞങ്ങൾക്ക് ആവശ്യമുള്ളത് തന്ന് ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മീൻ.*

## നിശ്ചയം

**എന്തു പ്രയാസങ്ങളിലും ഞാൻ ദൈവത്തിൽ ആശ്രയിച്ച് ജീവിക്കും.**

## നമുക്ക് ചിന്തിക്കാം

1. ദൈവത്തിന്റെ സാന്നിദ്ധ്യം മരുഭൂയാത്രയിൽ യിസ്രായേൽ ജനം അനുഭവിച്ചറിഞ്ഞത് എങ്ങനെ?
2. ശൂർ മരുഭൂമിയിൽ വെച്ച് വെള്ളം മധുരമാക്കിക്കൊടുത്തശേഷം ദൈവം നൽകിയ വാഗ്ദത്തം എന്ത്?
3. അർത്ഥം എഴുതുക: മാറാ, മസ്സാ, മെരിബാ
4. മന്ന എങ്ങനെയുള്ള ഭക്ഷണമായിരുന്നു?
5. സന്നിദ്രീം സംഘത്തിന്റെ ഉത്ഭവം എന്തായിരുന്നു?

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | പുറപ്പാട് 12:37-42 |
| തിങ്കൾ | പുറപ്പാട് 17:1-7 | പുറപ്പാട് 12:43-51 |
| ചൊവ്വ | സംഖ്യാ. 33:5-6 | പുറപ്പാട് 13:1-10 |
| ബുധൻ | എബ്രായർ 3:1-6 | പുറപ്പാട് 13:17-22 |
| വ്യാഴം | പുറപ്പാട് 19:1-8 | പുറപ്പാട് 14:5-14 |
| വെള്ളി | പുറപ്പാട് 19:9-13 | പുറപ്പാട് 14:15-30 |
| ശനി | പുറപ്പാട് 19:14-24 | * |

പാഠം 6

# കർത്താവിന്റെ ഉപമകൾ

(വി.മത്തായി 13:3-50)

**മുഖ്യസന്ദേശം**: കർത്താവിന്റെ ഉപമകളിൽ അടങ്ങിയിരിക്കുന്ന സന്ദേശങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് സ്വീകരിക്കണം.

**മനഃപാഠവാക്യം:** സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങളെ അറിയുവാൻ നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നു (വി. മത്തായി 13:11).

**പഠനസഹായികൾ:** വയലിൽ വിത്തുവിതയ്ക്കുന്ന ഒരു കർഷകന്റെ ചിത്രം, വിത്ത് വീണ നാലു സ്ഥലങ്ങൾ കാണിക്കുന്ന ചിത്രങ്ങൾ, ഒരു നെൽ/ഗോതമ്പ് ചെടി, മൂന്ന് നെൽക്കതിരുകൾ, ഒരു വലിയ വലയുടെ ചിത്രം, കുറെ കടുക് മണികൾ.

## ആമുഖം

നിങ്ങൾക്ക് പ്രസംഗം കേൾക്കുന്നത് ഇഷ്ടമാണോ? പള്ളിയിൽ സുവിശേഷയോഗങ്ങൾ ക്രമീകരിക്കുമ്പോൾ താൽപര്യത്തോടെ പങ്കെടുക്കാറുണ്ടോ? ചില പ്രസംഗങ്ങൾ നമുക്ക് നന്നായി ഇഷ്ടപ്പെടും. അല്ലേ? അതിലെ ആശയങ്ങൾ നമ്മുടെ മനസ്സിൽ തങ്ങിനിൽക്കുന്നവയും ആയിരിക്കും. അവ എത്ര കേട്ടിരുന്നാലും നമുക്ക് മുഷിപ്പ് തോന്നുകയേ ഇല്ല. ഇതുപോലെ കേൾവിക്കാരുടെ മനസ്സിനെ സ്പർശിക്കുന്ന പ്രസംഗങ്ങളായിരുന്നു നമ്മുടെ കർത്താവായ യേശുവിന്റേത്. വളരെ ലളിതമായ കഥകളിലൂടെയാണ് യേശു ജനങ്ങളെ പഠിപ്പിച്ചത്. അവരിൽ അധികംപേരും കർഷകരും, കച്ചവടക്കാരും, മീൻപിടുത്തക്കാരുമൊക്കെ ആയിരുന്നു. അവർ കടൽക്കരയിലും മലയുടെ താഴ്‌വാരങ്ങളിലും ഒക്കെ യേശുവിന്റെ സമീപം ഒത്തുകൂടിയിരുന്നു. അവിടെവച്ച് യേശു അവരോട് പറഞ്ഞ ഏതാനും ഉപമകളാണ് നമ്മൾ ഇന്ന് പഠിക്കുന്നത്.

## പാഠഭാഗം

യേശു തന്റെ ജനത്തെ പഠിപ്പിച്ച കഥകൾ വളരെ ഉന്നതമായ സത്യങ്ങൾ അടങ്ങുന്നവയും എന്നാൽ വളരെ ലളിതവും, സാധാരണക്കാരായ ജനങ്ങൾക്ക് പരിചിതവുമായിരുന്നു. ഈ കഥകളെ ഉപമകൾ (Parables) എന്നാണ് വിളിക്കുന്നത്. യേശുവിന്റെ ചില ഉപമകൾ പറയാമോ? നല്ല ശമര്യക്കാരന്റെ ഉപമ, കാണാതെപോയ ആടിന്റെ ഉപമ, മുടിയനായ പുത്രന്റെ ഉപമ എന്നിവയെല്ലാം യേശു പറഞ്ഞ ഉപമകളാണ്. അവയിൽ പ്രധാനപ്പെട്ട ഒന്നാണ് വിതയ്ക്കുന്നവന്റെ ഉപമ.

### വിതയ്ക്കുന്നവന്റെ ഉപമ

ഒരുദിവസം യേശു കടൽക്കരയിൽ ഇരുന്ന് ജനത്തെ ഉപദേശിക്കുവാൻ തുടങ്ങി. ആളുകൾ ശ്രദ്ധയോടെ പ്രസംഗം കേട്ടു. ഒരു കർഷകൻ വിത്ത് വിതച്ചതിനെക്കുറിച്ചാണ്

യേശു അപ്പോൾ പറഞ്ഞത്. വയലുകളിൽ വിത്തുവിതയ്ക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? (ഒരു കർഷകൻ വിത്തുവിതയ്ക്കുന്ന ചിത്രം ടീച്ചർ കാണിച്ചുതരുന്നത് ശ്രദ്ധിക്കുക.) ഈ കർഷകൻ തന്റെ വയലിൽ വിത്ത് വിതയ്ക്കുവാനായി പുറപ്പെട്ടു. വിതച്ച വിത്തിൽ ചിലത് വഴിയരികെ വീണു. പറവകൾ വന്ന് അത് കൊത്തിത്തിന്നു. കുറെ വിത്തുകൾ പാറപ്പുറത്ത് വീണു. വിത്ത് മുളച്ചുവന്നു എങ്കിലും വേരില്ലാത്തതിനാൽ സൂര്യന്റെ ചൂട് തട്ടിയപ്പോൾ വാടിക്കരിഞ്ഞുപോയി. മറ്റു ചില വിത്തുകൾ മുള്ളിനിടയിലാണ് വീണത്. അവ കിളിർത്ത് വളർന്നു വന്നപ്പോൾ മുള്ള് അവയെ ഞെരുക്കിക്കളഞ്ഞു. എന്നാൽ കുറെ വിത്തുകൾ വളക്കൂറുള്ള നല്ല മണ്ണിൽ വീണു. അവ സമൃദ്ധിയായി വളർന്ന് കർഷകന് നല്ല വിളവു നൽകി. മുപ്പതും, അറുപതും, നൂറും മേനിയായി അവ വിളഞ്ഞ് ഫലം നൽകി.

കർത്താവ് മനസ്സിലാകാത്ത തന്റെ ശിഷ്യന്മാർക്ക് ഉപമയുടെ അർത്ഥം നൽകി. കർഷകൻ വിതച്ച വിത്ത് ദൈവവചനമാണ്. വചനം കേട്ടു എങ്കിലും, സാത്താൻ വന്ന് ഹൃദയങ്ങളിൽനിന്ന് അത് എടുത്തു കളയുന്നതിനെയാണ്, വഴിയരികെ വീണ വിത്തിനെ ഉപമിച്ചിരിക്കുന്നത്. പാറപ്പുറത്ത് ഏറെ മണ്ണില്ലാത്തിടത്ത് വീണതാകട്ടെ, വചനം കേട്ട് വിശ്വസിച്ചു എങ്കിലും ഒരു പ്രയാസമോ, ഉപദ്രവമോ ഉണ്ടാകുമ്പോൾ ഉറച്ച വിശ്വാസമില്ലാത്തതുമൂലം തളർന്നു പോകുന്ന മനുഷ്യരെക്കുറിക്കുന്നു. മുള്ളിനിടയിൽ വീണതാകട്ടെ, ഈ ലോകത്തിന്റെ ചിന്തയും (ആഡംബരഭ്രമം, പ്രലോഭനങ്ങൾ, അധികാരമോഹം മുതലായവ) ധനത്തിന്റെ മോഹവും ഫലം പുറപ്പെടുവിക്കുവാൻ കഴിയാത്ത മനുഷ്യരെക്കുറിക്കുന്നു. നല്ല നിലത്ത് വീണ വിത്ത്, വചനം കേട്ട് അനുസരിച്ച് ആചരിക്കുന്നവരാകുന്നു. ദൈവവചനം കേൾക്കുവാൻ ഒരുക്കമുള്ള ഒരു ഹൃദയത്തോടെ വചനം സ്വീകരിക്കുകയും ജീവിതത്തിൽ അവ പാലിക്കുകയും ചെയ്യുന്ന ദൈവമക്കളായി നാം മാറണമെന്നതാണ് ഈ ഉപമയുടെ സന്ദേശം.

## നമുക്ക് പാടാം

ക്ഷിപ്രം മായുന്നോരീ - മയ്യൽക്കാലം
വിശ്വത്തെ ഏവം - ശോഭിപ്പിച്ചെങ്കിൽ
പാതാളസ്ഥന്മാർ - ഉത്ഥാനം ചെയ്കേ
കർത്താവിങ്ങെത്തും - നാളേറ്റം ശ്രേഷ്ഠം
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
ഭൂഷാദാതാവേ - കാരുണ്യം ചെയ്ക.

## നമുക്ക് പ്രാർത്ഥിക്കാം

*ദൈവമേ, നല്ല നിലത്ത് വീണ വിത്തുപോലെ ഫലം തരുവാൻ ഞങ്ങളുടെ മനസ്സിനെ ഒരുക്കണമേ. ഏതു പ്രതിസന്ധികളും പ്രയാസങ്ങളും ഉണ്ടായാലും, അതിലൊന്നും പതറാതെ, അവിടുത്തെ തിരുവചനം പ്രമാണിച്ച് ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമെ. ആമ്മീൻ.*

## നിശ്ചയം

**ദൈവവചനത്തിൽ അടിയുറച്ച് വിശ്വസിച്ച് ഞങ്ങൾ ജീവിക്കും, പതിവായി തിരുവചനം വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യും.**

## നമുക്ക് ചിന്തിക്കാം

1. വിതക്കാരന്റെ ഉപമയിലെ വിത്ത് വീണ നാല് സ്ഥലങ്ങൾ ഏതെല്ലാം?

   1. ..................................................
   2. ..................................................
   3. ..................................................
   4. ..................................................

2. ഓരോ സ്ഥലത്തു വീണ വിത്തിനും എന്ത് സംഭവിച്ചു?

   1. വഴിയരികെ
   2. പാറസ്ഥലത്ത്.
   3. മുള്ളിനിടയിൽ
   4. നല്ല നിലത്ത്.

## നമുക്ക് ചിന്തിക്കാം

1. താഴെപ്പറയുന്നവയുടെ അർത്ഥം വിശദീകരിക്കുക.

   1. വിത്ത്
   2. വഴിയരികെ വീണ വിത്ത്
   3. പാറസ്ഥലത്ത് വീണ വിത്ത്
   4. മുള്ളിനിടയിൽ വീണ വിത്ത്
   5. നല്ലനിലത്ത് വീണ വിത്ത്

## പ്രവർത്തനങ്ങൾ

1. താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾക്ക് നേരെയുള്ള കോളത്തിൽ ശരിയായ വാക്കിന്റെ അക്ഷരം എഴുതുക

   വഴിയരിക് - അ　　　　പാറപ്പുറം - ആ

   മുള്ളിനിടയിൽ - ഇ　　　　നല്ലനിലം - ഉ

   1. ഇവിടെ കിളിർത്ത തൈകൾ മണ്ണില്ലാതെ ഉണങ്ങിപ്പോയി ☐
   2. വിത്തിന് ശരിയായി വളരുവാൻ ഇടയില്ലാതെ ഞെരുക്കപ്പെട്ടു ☐
   3. ഇവിടെ വീണ വിത്തുകൾ പറവകൾ കൊത്തിക്കൊണ്ടുപോയി ☐
   4. ഈ സ്ഥലത്ത് വീണ വിത്ത് നല്ല ഫലം നൽകി ☐
   5. നിങ്ങൾ ഇതിൽ ഏത് ഗ്രൂപ്പിൽ പെടാൻ ഇഷ്ടപ്പെടുന്നു. ☐

2. ദൈവരാജ്യത്തെക്കുറിക്കുന്ന താഴെപ്പറയുന്ന ഉപമകൾ വേദപുസ്തകത്തിൽ നിന്ന് കണ്ടുപിടിച്ച് വിശദീകരിക്കുക.

   1. വയലിൽ ഒളിച്ചുവച്ച നിധി (വി. മത്താ. 13:44).
   2. വലയുടെ ഉപമ (വി. മത്താ. 13:47-50).

3. ശരിയായ വാക്കുകൾ വരച്ച് യോജിപ്പിക്കുക.

| | |
|---|---|
| വിത്ത് | സാത്താൻ |
| നല്ലനിലം | വിശ്വാസമില്ലാത്ത ഹൃദയം |
| പറവകൾ | ലോകത്തിന്റെ ചിന്ത |
| പാറപ്പുറം | വചനം |
| മുള്ള് | നല്ല ഫലം |

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | ലൂക്കോസ് 8:4-15 |
| തിങ്കൾ | ലൂക്കോസ് 10:25-40 | ലൂക്കോസ് 12:13-21 |
| ചൊവ്വ | മത്തായി 13:44-45 | ലൂക്കോസ് 13:6-9 |
| ബുധൻ | മത്തായി 13:47-50 | ലൂക്കോസ് 13:18-21 |
| വ്യാഴം | ലൂക്കോസ് 12:13-33 | ലൂക്കോസ് 14:15-24 |
| വെള്ളി | ലൂക്കോസ് 15:1-10 | ലൂക്കോസ് 15:11-31 |
| ശനി | ലൂക്കോസ് 16:1-8 | * |

പാഠം 7

# കർത്താവിന്റെ തേജസ്കരണം (മറുരൂപം)

**(വി. മത്തായി 17:1-13, വി. മർക്കോസ് 9:2-9, വി. ലൂക്കോസ് 9:28-36)**

**മുഖ്യ സന്ദേശം:** യേശു ദൈവമാണെന്ന് തന്റെ വലിയ മഹത്വത്തിൽ വെളിപ്പെടുത്തുന്നു. പിതാവായ ദൈവം ഇതിനെ സാക്ഷീകരിക്കുന്നു. യേശു ജീവനുള്ളവരുടെയും മരിച്ചവരുടെയും ഉടയവൻ. യേശുവിന്റെ മഹത്വം ദർശിച്ച ശിഷ്യന്മാർ രോഗം, വേദന, പ്രലോഭനങ്ങൾ, കണ്ണുനീർ, പട്ടിണി, മരണം മുതലായവയിൽ പീഡിപ്പിക്കപ്പെടുന്ന മനുഷ്യരുടെ അടുത്തേക്ക് അയയ്ക്കപ്പെടുന്നു.

**മനഃപാഠവാക്യം:** "അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല" (സങ്കീ. 34:5).

**പഠനസഹായികൾ:** കർത്താവിന്റെ മറുരൂപത്തിന്റെ ചിത്രം, വി. ബൈബിൾ, വി. കുർബ്ബാന ക്രമം.

## ആമുഖം

നിങ്ങൾ എല്ലാ ദിവസവും രാവിലെയും വൈകിട്ടും പ്രാർത്ഥിക്കാറുണ്ടോ? ശാന്തമായിരുന്ന് പ്രാർത്ഥിക്കയും ധ്യാനിക്കയും ചെയ്യുവാൻ ചില പ്രത്യേക സ്ഥലങ്ങൾ നിങ്ങൾ തെരഞ്ഞെടുക്കാറുണ്ടോ? യേശു രാവിലെയും വൈകിട്ടും പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി ഏകാന്തസ്ഥലങ്ങളിലേക്ക് പോയിരുന്നു. അതിരാവിലെ ഇരുട്ടുള്ളപ്പോൾ (വി. മർക്കോ. 1:35). ഒരിക്കൽ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ മൂന്നു ശിഷ്യരെയും കൂട്ടിക്കൊണ്ട് യേശു ഒരു ഉയർന്ന മലയിൽ കയറി (താബോർമല). അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ നടന്ന ഒരു അത്ഭുതസംഭവമാണ് നമ്മൾ ഇന്ന് പഠിക്കാൻ പോകുന്നത്.

## പാഠഭാഗം

താബോർ മലയിൽ യേശു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ മൂന്നു ശിഷ്യന്മാരും കൂടെയുണ്ടായിരുന്നു. പെട്ടെന്ന് അവന്റെ മുഖഭാവം മാറി. സൂര്യനെപ്പോലെ പ്രകാശിച്ചു തുടങ്ങി. അവന്റെ വസ്ത്രം വെളിച്ചംപോലെ വെള്ളയായിത്തീർന്നു. ശിഷ്യന്മാർ ഈ കാഴ്ച കാണാനാവാതെ നിലത്തുവീണു. അപ്പോൾ രണ്ട് ആളുകൾ അവിടെ പ്രത്യക്ഷപ്പെട്ട് യേശുവിനോട് സംസാരിച്ചുകൊണ്ടിരുന്നു. യെരുശലേമിൽ സംഭവിപ്പാനിരിക്കുന്ന ക്രൂശാരോഹണത്തെക്കുറിച്ചാണ് അവർ (മോശയും ഏലിയാവും) സംഭാഷണം നടത്തിയത്. പത്രോസും മറ്റ് രണ്ട് ശിഷ്യന്മാരും പാതി മയക്കത്തിലായിരുന്നു. അവർ ഉണർന്നപ്പോൾ മോശയും ഏലിയാവും യേശുവിനോട് സംസാരിക്കുന്നതായി കണ്ടു. ഉടനെ പത്രോസ് പറഞ്ഞു: "ഗുരോ നാം, ഇവിടെ ആയിരിക്കുന്നത് നല്ലത്; ഞങ്ങൾ മൂന്ന് കുടിലുകൾ ഉണ്ടാക്കട്ടെ, ഒന്ന് നിനക്കും, ഒന്നു മോശയ്ക്കും ഒന്ന് ഏലിയാവിനും". യഥാർത്ഥത്തിൽ അവൻ പറയുന്നതെന്താണെന്ന് അവനുതന്നെ അറിയാമായിരുന്നില്ല. ആ സമയത്ത് ഒരു മേഘം വന്ന് അവരുടെമേൽ നിഴലിട്ടു. മേഘത്തിൽനിന്ന് ഒരു ശബ്ദം ഉണ്ടായി "ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനു ചെവി കൊടുപ്പിൻ" (ശ്രദ്ധിക്കുക)

ഈ ശബ്ദം കേട്ട ശിഷ്യന്മാർ ചുറ്റും നോക്കി. അപ്പോൾ അവർ യേശുവിനെ മാത്രം അവിടെ കണ്ടു. മേഘവും മറ്റ് രണ്ടുപേരും അപ്രത്യക്ഷമായി കഴിഞ്ഞിരുന്നു. അവർ മല യിൽനിന്ന് ഇറങ്ങി വരുമ്പോൾ, തന്റെ ഉയിർത്തെഴുന്നേൽപ്പുവരെ ഈ ദർശനത്തെപ്പറ്റി ആരോടും പറയരുതെന്ന് അവൻ അവർക്ക് മുന്നറിയിപ്പ് നൽകി. അവർ താഴ്‌വാരത്തിലെ ത്തിയപ്പോൾ രോഗികളും അവശരുമായ ആളുകൾ അവരെ കാത്തുനിന്നിരുന്നു.

## നമുക്കു പാടാം

കൂടാര (മറുരൂപ)പ്പെരുന്നാളിൽ ഏവൻഗേലിക്കുശേഷം പാടുന്ന ഗീതം
(കർത്താവരുളിച്ചെയ്തു ഞാൻ... എന്നരീതി)

കീപ്പായും യോഹന്നാനും - യാക്കോബും ചേർന്ന്
താബോർ മല കർത്താവേറി - മൂശായെ നീബോ
മലയിൽ നിന്നും - നിബി ഏലീയായെ
വാനിൽ നിന്നും - ചെയ്താനാഹ്വാനം
ദൈവാത്മജ മുഖ കാന്തിയഹോ - ഭാവം മാറുകയും
ശോഭനമായൊരു മേഘം വ-ന്നവരെ വേഗത്തിൽ
ഹാലേലൂയ്യാ - ചൂടുകയും ചെയ്തു.

## നമുക്ക് പ്രാർത്ഥിക്കാം

*ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, അങ്ങ് ജീവനുള്ളവരുടെയും വാങ്ങി പ്പോയവരുടെയും ഉടയവനാണെന്ന് താബോർ മലയിൽ വച്ച് സ്പഷ്ട മാക്കിയല്ലോ. ജീവിച്ചാലും മരിച്ചാലും ഞങ്ങൾ അങ്ങയുടെ കയ്യിൽതന്നെ. അങ്ങയുടെ ശബ്ദം കേട്ട് അനുസരിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ആമ്മീൻ.*

## നിശ്ചയം

**യേശു ദൈവപുത്രനാണ് എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു.**
**ഞങ്ങൾ യേശുവിന്റെ ശബ്ദം കേട്ട് അവനെ അനുസരിക്കും.**

## നമുക്ക് ചിന്തിക്കാം

1. യേശു മലയുടെ മുകളിൽ എന്തു ചെയ്യുകയായിരുന്നു?
2. അവിടെ പ്രത്യക്ഷപ്പെട്ട രണ്ട് വ്യക്തികൾ ആരെല്ലാം?
3. യേശുവിൽ ശിഷ്യന്മാർ കണ്ട 'മാറ്റം' എന്തായിരുന്നു? (മത്താ. 17:2,3, മർക്കോ. 9:3, ലൂക്കോ. 9:29 നോക്കുക)
4. കൂടാരങ്ങൾ നിർമ്മിക്കുന്നതിന്റെ ഉദ്ദേശ്യം എന്തായിരിക്കാം?
5. മേഘത്തിൽനിന്നു സംസാരിച്ചത് ആരാണെന്ന് നിങ്ങൾക്ക് മനസ്സിലായോ? ആര്?
6. യേശുവും ശിഷ്യന്മാരും കയറിപ്പോയ മലയുടെ പേരെന്ത്?
7. മോശയെയും ഏലിയാവിനെയുംപറ്റി ഏതാനും വിശദീകരണങ്ങൾ പറയുക
8. യഹോവയായ ദൈവം മേഘത്തിൽനിന്ന് അരുളിച്ചെയ്തത് എന്താണ്? അതിന്റെ അർത്ഥം എന്താണെന്നാണ് നിങ്ങൾക്ക് തോന്നുന്നത്?
9. പത്രോസിന്റെ നിർദ്ദേശത്തോട് യേശു യോജിച്ചുവോ? താഴ്‌വാരത്തിലുള്ള കഷ്ട പ്പെടുന്ന ജനങ്ങൾക്കായി പ്രവർത്തിക്കണം എന്നായിരിക്കുമോ അതിന്റെ അർത്ഥം?

10. ശിഷ്യന്മാരുടെ യഥാർത്ഥ ദൗത്യം എന്തായിരുന്നു എന്നാണ് ഈ പാഠത്തിൽക്കൂടി നിങ്ങൾ മനസ്സിലാക്കുന്നത്?

## പ്രവർത്തനങ്ങൾ

1. കർത്താവിന്റെ മറുരൂപമലയിലെ സംഭവം ഒരു സ്കിറ്റ് ആയി അവതരിപ്പിക്കുക.
2. മോശയും ഏലിയാവും യേശുവുമായുള്ള സംഭാഷണം മൂന്നുപേർ ചേർന്ന് അവതരിപ്പിക്കുക.
3. ചേരുംപടി വരച്ചു ചേർക്കുക.

| | |
|---|---|
| താബോർ | തേജസ്സ് |
| മുഖഭാവം | പിതാവ് |
| മേഘം | രൂപാന്തരം |
| പ്രവാചകന്മാർ | പത്രോസ് |
| മൂന്നു കുടിലുകൾ | മോശയും ഏലിയാവും |

4. താഴെപ്പറയുന്നവയിൽ ഏതെല്ലാം നിങ്ങൾ സ്വീകരിക്കും. സ്വീകരിക്കുന്നവയ്ക്ക് (✓) അടയാളവും അല്ലാത്തവയ്ക്ക് (x) അടയാളവും ഇടുക.

1. യേശു തന്റെ പന്ത്രണ്ട് ശിഷ്യന്മാരെയും കൂട്ടി മലയിലേക്ക് കയറിപ്പോയി.
2. യേശുവും ശിഷ്യന്മാരും തേജസ്ക്കരിക്കപ്പെട്ടു.
3. മോശയും ഏലിയാവും വാങ്ങിപ്പോയവരായിരുന്നു.
4. പ്രകാശമുള്ള മേഘം ദൈവസാന്നിദ്ധ്യത്തെക്കുറിക്കുന്നു.
5. മലയുടെ മുകളിൽ കൂടാരമുണ്ടാക്കുന്നതിന് യേശു ആഗ്രഹിച്ചില്ല.
6. പിതാവിന്റെ പ്രഖ്യാപനംമൂലം യേശു ദൈവമാണെന്ന് വെളിപ്പെട്ടു.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | മത്തായി 17:1-8 |
| തിങ്കൾ | ലൂക്കോസ് 9:28-36 | 2 പത്രോസ് 1:6-8 |
| ചൊവ്വ | 2 രാജാ. 2:1-4 | 2 കൊരി. 3:12-18 |
| ബുധൻ | 2 രാജാ. 2:5-14 | 2 കൊരി. 4:1-6 |
| വ്യാഴം | മത്തായി 5:17-20 | 2 കൊരി. 4:7-12 |
| വെള്ളി | മത്തായി 20:20-28 | 2 കൊരി. 4:13-18 |
| ശനി | മർക്കോസ് 10:35-45 | * |

പാഠം 8

# കർത്താവ് പഠിപ്പിച്ച പ്രാർത്ഥന (കർത്തൃപ്രാർത്ഥന)

(വി. മത്തായി 6:9-13)

**മുഖ്യസന്ദേശം**: വി. സഭയുടെ എല്ലാ പ്രാർത്ഥനകളിലും വി. കൂദാശകളിലും വി. കുർബ്ബാനയിലും ഉൾപ്പെടുത്തിയിട്ടുള്ള വളരെ പ്രധാനപ്പെട്ട പ്രാർത്ഥനയാണ് കർത്തൃപ്രാർത്ഥന. ഈ പ്രാർത്ഥന അർത്ഥം മനസ്സിലാക്കി, വിശുദ്ധിയോടും അനുതാപ ഹൃദയത്തോടും നമ്മൾ പ്രാർത്ഥിക്കണം.

**മനഃപാഠവാക്യം:** "യഹോവയ്ക്ക് അവന്റെ നാമത്തിന് മഹത്വം കൊടുപ്പീൻ; തിരുമുൽക്കാഴ്ചയുമായി അവന്റെ പ്രാകാരങ്ങളിൽ ചെല്ലുവിൻ" (സങ്കീ. 96:8).

**പഠനസഹായികൾ:** ഒരു കുടുംബം പ്രാർത്ഥിച്ചുകൊണ്ട് നിൽക്കുന്ന ചിത്രം, കർത്താവിന്റെ ഗത്സമന പ്രാർത്ഥനയുടെ ചിത്രം. കർത്തൃപ്രാർത്ഥനയിലെ വിവിധ വാക്യങ്ങൾ എഴുതിയ ചാർട്ടുകൾ.

## ആമുഖം

എല്ലാവരും രാവിലെയും വൈകിട്ടും പ്രാർത്ഥിക്കാറുണ്ടോ. നമ്മുടെ പ്രാർത്ഥനകൾ ഏഴ് യാമങ്ങളിലായിട്ടാണ് പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. സന്ധ്യ (വൈകുന്നേരം 6 മണി), സൂത്താറ (രാത്രി 9 മണി), പാതിരാത്രി (രാത്രി 12 മണി), പ്രഭാതം (രാവിലെ 6 മണി), മൂന്നാംമണി (രാവിലെ 9 മണി), ആറാംമണി (ഉച്ചയ്ക്ക് 12 മണി), ഒമ്പതാംമണി (ഉച്ചകഴിഞ്ഞ് 3 മണി) എന്നിവയാണ് പ്രാർത്ഥനയുടെ ഏഴ് യാമങ്ങൾ. നമ്മുടെ യാമപ്രാർത്ഥനകൾ എല്ലാം ആരംഭിക്കുന്നതും അവസാനിക്കുന്നതും കൗമ്മാ പ്രാർത്ഥനയോടാണ്. ഈ കൗമ്മാ പ്രാർത്ഥനയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രാർത്ഥനയാണ് കർത്താവ് പഠിപ്പിച്ച 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നു തുടങ്ങുന്ന കർത്തൃപ്രാർത്ഥന. ഈ പ്രാർത്ഥന ചൊല്ലുമ്പോൾ കൈകൾ മലർത്തിപ്പിടിച്ച് സ്വർഗ്ഗത്തേക്ക് നോക്കിക്കൊണ്ടാവണം നില്ക്കേണ്ടത്.

*സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ തിരുനാമം പരിശുദ്ധമാകപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.*

## പാഠഭാഗം

വി. വേദപുസ്തകത്തിൽ, വി. മത്തായി ശ്ലീഹാ എഴുതിയ സുവിശേഷം 6-ാം അദ്ധ്യായം 9 മുതൽ 13 വരെയുള്ള വാക്യങ്ങളിലും, വി. ലൂക്കോസിന്റെ സുവിശേഷം 11-ാം അദ്ധ്യായം

2 മുതൽ 4 വരെയുള്ള വാക്യങ്ങളിലും ഈ പ്രാർത്ഥന നമുക്ക് കാണാം. ഒരാൾ എഴുന്നേറ്റ് സന്ദർഭം പറയുന്നു.

യേശു ഒരു സ്ഥലത്ത് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ശിഷ്യന്മാരിൽ ഒരാൾ അദ്ദേഹത്തോട് പറഞ്ഞു. "കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമെ" എന്ന്. അപ്പോൾ യേശു അവരെ പഠിപ്പിച്ചതാണ് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന കർത്തൃപ്രാർത്ഥന.

യഹൂദമത പാരമ്പര്യത്തിൽ റബ്ബിമാർ അവരുടെ ശിഷ്യർക്ക് പ്രാർത്ഥന പഠിപ്പിച്ചുകൊടുക്കുമായിരുന്നു. അതിൻപ്രകാരമാണ് യോഹന്നാൻ സ്നാപകൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥന പഠിപ്പിച്ചിരുന്നത്. അതേ പാരമ്പര്യം നമ്മുടെ കർത്താവും സ്വീകരിച്ചുകൊണ്ടാണ് തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചത്.

വി. മത്തായി 6:9-13 വരെയുള്ള ഭാഗത്ത് കുറെക്കൂടി പൂർണ്ണമായ പ്രാർത്ഥനാ ഭാഗമാണ് നൽകിയിരിക്കുന്നത്. ഈ പ്രാർത്ഥനയിൽ ആകെ ആറ് അപേക്ഷകളുണ്ട്. ആദ്യത്തെ മൂന്ന് അപേക്ഷകൾ കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ പൂർണ്ണമാക്കുന്ന ദൈവരാജ്യത്തിനായുള്ള പ്രതീക്ഷകളാണ്. എങ്കിൽ അവസാനത്തെ മൂന്ന് അപേക്ഷകൾ ഭൂമിയിൽ മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമായ മൂന്ന് ഘടകങ്ങളാണ് വ്യക്തമാക്കുന്നത്. ഈ വാക്യങ്ങൾ ഓരോന്നായി നമുക്ക് ചിന്തിക്കാം.

**1. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....:** കർത്തൃപ്രാർത്ഥനയുടെ അതുല്യമായ ഒരു അനുഭവം ദൈവത്തെ പിതാവായി ഉൾക്കൊള്ളുവാൻ മക്കൾ എന്ന പദവി ദൈവം നമുക്ക് നൽകി എന്നതാണ്. കൂടാതെ 'ഞങ്ങളുടെ' എന്ന സംബോധനയിൽക്കൂടി പ്രാർത്ഥനയുടെ കൂട്ടവകാശത്തെയും പരസ്പര ഐക്യത്തെയും വെളിപ്പെടുത്തുന്നു. നാം ഈ ജീവിതത്തിൽ ഒറ്റയ്ക്കല്ല. ദൈവത്തെ പിതാവായി കണ്ട് സമീപിക്കുന്നതിനാൽ പ്രാർത്ഥനയിൽക്കൂടി ദൈവവുമായി ആഴമായ ഒരു ബന്ധം നാം സ്ഥാപിക്കുന്നു. നാം അന്യരോ, അടിമകളോ അല്ല, മക്കളാണ് എന്ന് വ്യക്തമാകുന്നു. അതായത് പ്രാർത്ഥനയിൽക്കൂടി നാം, സ്വർഗ്ഗീയപിതാവിന്റെ സന്നിധിയിലേക്ക് പ്രിയ മക്കൾ എന്നപോലെ സ്വാതന്ത്ര്യത്തോടും സന്തോഷത്തോടുംകൂടി ചെല്ലുന്നതാകുന്നു.

**2. നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമെ:** ദൈവത്തിന്റെ പരിശുദ്ധി പൂർണ്ണമായി അംഗീകരിച്ചുകൊണ്ടുതന്നെയാണ് നാം പ്രാർത്ഥന നടത്തുന്നത് എന്നാണ് ഈ വാക്യത്തിന്റെ അർത്ഥം. യഹൂദപാരമ്പര്യത്തിൽ 'നാമം' എന്ന പദം ഒരു വ്യക്തിത്വത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നു. മക്കൾ എന്ന അവസ്ഥയിൽ നിന്നുകൊണ്ട് ദൈവത്തിന്റെ മഹിമയ്ക്ക് മങ്ങലേൽപ്പിക്കുന്നതൊന്നും ഞങ്ങൾ ചെയ്യുകയില്ല എന്നൊരു പ്രതിജ്ഞകൂടി എടുക്കുകയാണിവിടെ. സദൃശവാക്യങ്ങൾ 30-ാം അദ്ധ്യായത്തിൽ ആഗൂരിന്റെ പ്രാർത്ഥനയിൽ 9-ാം വാക്യത്തിൽ ഇത് സൂചിപ്പിക്കുന്നുണ്ട്. കൂടാതെ 135-ാം സങ്കീർത്തനത്തിൽ ഒന്നും മൂന്നും വാക്യങ്ങളിൽ "യഹോവയുടെ നാമത്തെ സ്തുതിപ്പീൻ, യഹോവയുടെ നാമത്തിന് കീർത്തനം ചെയ്വീൻ അത് മനോഹരമല്ലോ" എന്ന് സൂചിപ്പിക്കുന്നു. വി. മാമോദീസായിൽക്കൂടി വിശുദ്ധരായി മാറിയ നാം ആ വിശുദ്ധി ജീവിതത്തിലുടനീളം കാത്തുസൂക്ഷിക്കണം.

**3. നിന്റെ രാജ്യം വരേണമെ:** സൃഷ്ടി മുഴുവൻ ദൈവഭരണത്തിലാകണം എന്നാണ് നാം ഇതിലൂടെ അപേക്ഷിക്കുന്നത്. ദൈവരാജ്യത്തിൽ പാപമോ, അശുദ്ധിയോ, ദുഷ്ടപ്രവണതകളോ ഇല്ല. സ്നേഹത്തിലും, നന്മയിലും അധിഷ്ഠിതമായ ആത്മീയനിറവുള്ള ജീവിതമാണുള്ളത്. യേശു യഹൂദന്മാരുടെ രാജാവാണ് (വി. മത്താ. 2:2). അവൻ നിത്യ

മഹാപുരോഹിതനും രാജാധിരാജാവുമായി ദൈവരാജ്യം സ്ഥാപിച്ച് തന്റെ ജനത്തെ നിത്യമായി വീണ്ടെടുക്കുന്ന അവസ്ഥയ്ക്കായിട്ടാണ് നാം കാത്തിരിക്കുന്നത്.

**4. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമെ:** ദൈവയിഷ്ടം സ്വർഗ്ഗത്തിൽ എപ്രകാരം പൂർത്തീകരിക്കപ്പെടുന്നുവോ, അതുപോലെ ഭൂമിയിലും സാദ്ധ്യമാകണമെ എന്നാണ് ഇവിടെ നാം പ്രാർത്ഥിക്കുന്നത്. ഭൂമിയിൽ സാദ്ധ്യമാകുക എന്നാൽ ഓരോ വ്യക്തിയുടെയും ജീവിതത്തിൽക്കൂടി സാദ്ധ്യമാകുക എന്നാണർത്ഥം.

നമ്മുടെ ജീവിതത്തിൽക്കൂടി എങ്ങനെ നമുക്ക് ദൈവയിഷ്ടം അനുഭവിക്കുവാൻ കഴിയും? ഇത് അനുഭവിക്കണമെങ്കിൽ നമ്മുടെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും ദൈവഹിതത്തിന് സമർപ്പിക്കുകയും അതുതന്നെയാണ് നമ്മുടെ നന്മയ്ക്കു ഉത്തമം എന്ന് വിശ്വസിക്കുകയും വേണം. സ്വർഗ്ഗത്തിൽ പിതാവിന്റെ ഇഷ്ടമാണ് നടപ്പിലാവുന്നത്. ഈ മാതൃക സ്നേഹത്തിലും സേവന തൽപരതയിലും അധിഷ്ഠിതമായി ഭൂമിയിലും നടപ്പിലാക്കപ്പെടുവാൻ ദൈവയിഷ്ടം പൂർണ്ണമായി നാം അനുസരിക്കണം. സ്വർഗ്ഗീയ കുടുംബത്തിലെ സ്നേഹം ഭൂമിയിൽ അനുഭവിക്കുവാൻ ദൈവം നൽകിയ വരദാനമാണ് കുടുംബം. വി. സഭയിലും ദൈവകല്പനകൾ പാലിക്കുവാൻ നാം മനസ്സുള്ളവരായിരിക്കണം. ദൈവത്തെ സ്നേഹിക്കുകയും, സമസൃഷ്ടികളെ സ്നേഹിക്കുകയും ചെയ്യുന്നതിലൂടെ ദൈവഹിതം നാം നിറവേറ്റുകയാണ്. അങ്ങിനെ ദൈവരാജ്യത്തിന്റെ ഉടമകളായി ഞങ്ങൾ ആയിത്തീരണമെ എന്നാണ് നാം പ്രാർത്ഥിക്കുന്നത്.

### ഭൂമിയിൽ മനുഷ്യജീവിതത്തിന് ആവശ്യമായ അപേക്ഷകൾ

**5. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്ന് തരേണമെ:** ഇവിടെ നാം ദൈവത്തോട് ചോദിക്കുന്നത് ഇന്നത്തെ ആവശ്യമാണ്. നാളത്തേത് ദൈവം നോക്കിക്കൊള്ളും. അത്യാഗ്രഹത്തിന് ഇവിടെ സ്ഥാനമില്ല. നമ്മുടെ മിതമായ ആവശ്യങ്ങൾക്ക് ഉപരിയായ സുഖലോലുപത പാപമാണ്. കാരണം അതുമൂലം പലരുടെയും ആവശ്യങ്ങൾ നിറവേറ്റപ്പെടാതാവും, പ്രത്യേകിച്ചും പാവങ്ങളുടെ. ഇവിടെ നാം പ്രാർത്ഥിക്കുന്നത് അപ്പം തരേണമെ എന്നാണ്. നമുക്ക് യേശുവിന്റെ വാക്കുകൾ ശ്രവിക്കാം. വി. യോഹന്നാൻ 6:35 ഒരാൾ വായിക്കൂ... ഒരാൾ വായിക്കുന്നു. ഞാൻ ജീവന്റെ അപ്പമാകുന്നു. ഇപ്രകാരം നാം പ്രാർത്ഥിക്കുന്നതിന് മറ്റൊരു അർത്ഥം കൂടിയുണ്ട്. നാം യാചിക്കുന്നത് സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന 'ജീവന്റെ അപ്പ'മായ യേശുക്രിസ്തുവിനെയാണ്. നശിച്ചുപോകുന്ന ആഹാരമല്ല, നിത്യജീവൻ പ്രദാനം ചെയ്യുന്ന സാക്ഷാൽ ഭക്ഷണമായ കർത്താവിന്റെ തിരുശരീര രക്തങ്ങൾ ആണ് നമുക്ക് വേണ്ടത്. വി. കുർബ്ബാനയിൽക്കൂടി ഈ അപ്പമാണ് നമ്മൾ ഭക്ഷിക്കുന്നത്. യേശു നമുക്ക് ഉറപ്പുതരുന്നു: "എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (വി. യോഹ. 6:56). നമ്മുടെ ശരീരത്തിന്റെ വളർച്ചയ്ക്ക് ഭക്ഷണം ആവശ്യമാണ്; അതുപോലെ നമ്മുടെ ആത്മീയ വളർച്ചയ്ക്കും നിലനിൽപിനും വി. കുർബ്ബാനാനുഭവം സഹായിക്കും.

**6. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമെ:** നമുക്ക് ഉപദ്രവവും ബുദ്ധിമുട്ടും വരുത്തിയവരോടും നമ്മെ വെറുക്കുന്നവരോടും നാം ക്ഷമിക്കുന്നില്ല എങ്കിൽ ദൈവം നമ്മോടും ക്ഷമിക്കുകയില്ല എന്നത് വ്യക്തമാണ്. സ്വന്തം തെറ്റുകളെ ഓർത്ത് പശ്ചാത്തപിക്കുകയും മറ്റുള്ളവരോട് ആത്മാർത്ഥമായി ക്ഷമിക്കുകയും ചെയ്യുന്നവർക്കു മാത്രമേ ഇപ്രകാരം പ്രാർത്ഥിക്കുവാൻ കഴിയുകയുള്ളൂ. ഇങ്ങനെയുള്ളവർക്ക് മറ്റുള്ളവരുമായി നല്ല വ്യക്തിബന്ധം കാത്തുസൂക്ഷിക്കുവാനും സാമൂഹ്യപുരോഗതി നേടുവാനും കഴിയും. നാം ഇവിടെ പാപക്ഷമയും കരു

ണയുമാണ് ദൈവത്തോട് ചോദിക്കുന്നത്. എന്നാൽ നമ്മെ ഉപദ്രവിച്ചവരോടും, നമുക്ക് ബുദ്ധിമുട്ടുണ്ടാക്കിയവരോടും ക്ഷമിക്കുവാൻ നാം തയ്യാറാണോ? തീർച്ചയായും തയ്യാറാവണം. ഇത് അല്പം പ്രയാസമുള്ളതായിരിക്കാം. എന്നാൽ ക്രിസ്തു കാണിച്ചുതന്ന മാതൃക ഇതാണ്. അതുതന്നെ ക്രിസ്ത്യാനികളായ നാമും പിന്തുടരണം.

**7. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ, ദുഷ്ടനിൽനിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളേണമെ:** സാത്താന്റെ പരീക്ഷയിൽ (പ്രലോഭനത്തിൽ) അകപ്പെട്ടുപോയാൽ പിന്നെ അതിൽ നിന്ന് രക്ഷപെടുക വളരെ പ്രയാസമാണ്. യേശുവിനെപോലും പരീക്ഷിക്കുവാൻ മൂന്നുപ്രാവശ്യം തയ്യാറായവനാണ് സാത്താൻ. പരീക്ഷകനായ സാത്താനിൽനിന്ന് രക്ഷപെടുവാനായി നമുക്ക് സഭ നൽകിയിരിക്കുന്ന മുദ്രയാണ് വി. മൂറോൻ. ദുഷ്ടനിൽനിന്നുള്ള സംരക്ഷണവും നമുക്ക് ആവശ്യമാണ്. അത് ദൈവകൃപയിലൂടെയാണ് ലഭിക്കുന്നത്. ദുഷ്ടമനുഷ്യരോട് കൂട്ടുകൂടിയാൽ എന്ത് സംഭവിക്കും? നമ്മിൽ ദുഷ്ടത പെരുകി വിവിധ ശാരീരിക-മാനസിക രോഗങ്ങൾക്ക് കാരണമാകും. അവയിൽനിന്ന് വിടുതൽ നേടുവാനായിട്ടാണ് വി. സഭ 'രോഗികളുടെ തൈലാഭിഷേകം' എന്ന കൂദാശ ക്രമീകരിച്ചിരിക്കുന്നത്. വി. മത്തായി 26:41-ൽ കർത്താവു പറയുന്നു: 'പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പീൻ.' ഒന്നാം സങ്കീർത്തനം ഒന്നാം വാക്യത്തിൽ ഒരു ഭാഗ്യവാന്റെ പ്രത്യേകതകൾ പറയുന്നതിൽ ഒന്നാമത്തേത്: 'ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കാത്തവൻ' എന്നാണല്ലോ.

ഈ യാചനയ്ക്കുശേഷം പരിപൂർണ്ണമായ ഒരു സമർപ്പണത്തോടെയാണ് ഈ പ്രാർത്ഥന അവസാനിക്കുന്നത്. നമ്മുടെ സ്വാർത്ഥതയും അഹങ്കാരവും അലിഞ്ഞ് ഇല്ലാതെയാകുമ്പോൾ മാത്രമാണ് പരിപൂർണ്ണ സമർപ്പണം സാദ്ധ്യമാകുന്നത്. ഈ ലോകത്തിൽ നാം നേടുന്നതൊന്നും നമ്മുടെ കഴിവുകൊണ്ടല്ല; എല്ലാം ദൈവത്തിന്റെ ദാനമാണ്. ഈ ചിന്ത സ്വാർത്ഥത വെടിയുവാനും, വിനയമുള്ളവരാകുവാനും നമ്മെ സഹായിക്കും.

നമ്മുടെ സഭയുടെ പ്രാർത്ഥനകളിൽ ഏറ്റവും പ്രധാനപ്പെട്ട പ്രാർത്ഥന കർത്തൃപ്രാർത്ഥനയാണ്. നമ്മുടെ എല്ലാ ആരാധനകളും കൂദാശകളും ആരംഭിക്കുന്നത് കൗമ്മാ പ്രാർത്ഥനയോടെയാണ്. അതിൽ കർത്തൃപ്രാർത്ഥനയുമുണ്ടല്ലോ. വി. കുർബ്ബാനയുടെ രണ്ടാം ഭാഗം നാലാം അദ്ധ്യായം ആരംഭിക്കുന്നത് കർത്തൃപ്രാർത്ഥനയോടെയാണ്. അതിനു തൊട്ടുമുമ്പ് ഈ പ്രാർത്ഥനയ്ക്കായി നമ്മെ ഒരുക്കുവാനായി പട്ടക്കാരൻ ചൊല്ലുന്ന പ്രാർത്ഥന ശ്രദ്ധിച്ചിട്ടുണ്ടോ? 'ശരീര വിശുദ്ധിയോടും, നിർമ്മല നാവോടും, ആത്മധൈര്യത്തോടും നിന്നുകൊണ്ട്... പ്രാർത്ഥിപ്പാൻ ഞങ്ങൾ തുനിയുന്നു.' എന്ന് പട്ടക്കാരൻ ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ നമ്മൾ എല്ലാവരും അപ്രകാരം നിൽക്കണം എന്നാണ് അർത്ഥമാക്കുന്നത്.

## നമുക്ക് പാടാം

കർത്താവേ ഞങ്ങൾ വാതിൽ മുട്ടുന്നു
നീയല്ലോ നൽകു-ന്നെല്ലാമെല്ലാർക്കും
ചോദിച്ചാൽ കിട്ടും - തേടുമ്പോൾ കാണും
മുട്ടുമ്പോൾ വാതിൽ - ബന്ധം നീങ്ങുന്നു

ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
വാതിൽ കേഴുന്നോർ-ക്കേകുന്നോൻ ധന്യൻ

## നമുക്ക് പ്രാർത്ഥിക്കാം

*സ്നേഹവാനായ യേശുവേ, അങ്ങ് പഠിപ്പിച്ച പ്രാർത്ഥന നിത്യവും പ്രാർത്ഥിക്കുവാൻ ഞങ്ങളെ ഉത്സാഹമുള്ളവരാക്കണമെ. ആ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്ന ദൈവികസത്യങ്ങൾ മനസ്സിലാക്കി ഹൃദയപൂർവ്വം പ്രാർത്ഥിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. ആമ്മീൻ.*

## നിശ്ചയം

**കർത്താവു പഠിപ്പിച്ചുതന്ന കർത്തൃപ്രാർത്ഥന നിത്യവും ഞങ്ങൾ ധ്യാനപൂർവ്വം ചൊല്ലും; അതുമൂലം സന്തോഷവും സംതൃപ്തിയും അനുഭവിക്കും.**

## നമുക്ക് ചിന്തിക്കാം

1. കർത്തൃപ്രാർത്ഥനയിലെ ആദ്യത്തെ മൂന്ന് അപേക്ഷകൾ കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ സ്ഥാപിതമാകുന്ന ദൈവരാജ്യത്തിനായുള്ള പ്രതീക്ഷകളാണ്. അവ ഏതെല്ലാം?
2. മനുഷ്യന്റെ ആത്മീയ വളർച്ചയ്ക്കുള്ള ഭക്ഷണമേത്? (കർത്താവിന്റെ തിരുശരീരരക്തങ്ങൾ)
3. കർത്താവിന്റെ ശരീരം ഭക്ഷിപ്പാനും രക്തം പാനം ചെയ്യുവാനും നമുക്ക് എങ്ങനെ സാധിക്കും?
4. 'മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നത്' ഈ വാക്യത്തിന്റെ അർത്ഥമെന്ത്?
5. ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കണമെങ്കിൽ നാം എന്ത് ചെയ്യണം?
6. കർത്തൃപ്രാർത്ഥനയിൽ നാം ആരോടാണ് പ്രാർത്ഥിക്കുന്നത്?
7. പ്രാർത്ഥന പഠിക്കുന്നതിന്റെ ഉദ്ദേശ്യം എന്ത്?
8. കർത്തൃപ്രാർത്ഥനയിലെ ആറ് യാചനകളെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ഏതെല്ലാം?
9. കർത്തൃപ്രാർത്ഥനയിലെ ദൈവരാജ്യ ആഗമനത്തിനായുള്ള മൂന്ന് അപേക്ഷകൾ ഏതെല്ലാം?
10. ദൈവഭരണത്തിന് വിധേയപ്പെട്ട മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമായ മൂന്ന് യാചനകൾ ഏതെല്ലാം?
11. കർത്തൃപ്രാർത്ഥന അടങ്ങിയിരിക്കുന്ന വേദഭാഗങ്ങൾ ഏതെല്ലാം?
12. കർത്താവ് ഈ പ്രാർത്ഥന പഠിപ്പിക്കുവാനുണ്ടായ സാഹചര്യം എന്തായിരുന്നു?
13. യേശുവിന് മുമ്പ് തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ച ആൾ ആര്?

## പ്രവർത്തനങ്ങൾ

1. സന്ധ്യയ്ക്കും പ്രഭാതത്തിലും പതിവായി പ്രാർത്ഥിക്കുക.

2. കർത്തൃപ്രാർത്ഥന വൃത്തിയായി ഒരു പേപ്പറിൽ എഴുതി പഠനമുറിയിൽ പതിച്ചുവയ്ക്കുക. അതു നോക്കി പ്രാർത്ഥിക്കുക.

കർത്തൃപ്രാർത്ഥനയിലെ വാക്യങ്ങൾ ചേരുംപടി വരച്ച് ചേർത്ത് വായിക്കുക.

| | |
|---|---|
| സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ | പരിശുദ്ധമാകപ്പെടേണമെ |
| നിന്റെ നാമം | വരേണമെ |
| നിന്റെ രാജ്യം | പിതാവേ |
| നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ | പ്രവേശിപ്പിക്കരുതേ |
| ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം | ഭൂമിയിലും ആകേണമെ |
| ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ | ഇന്നു ഞങ്ങൾക്ക് തരേണമെ |
| പരീക്ഷയിലേക്ക് ഞങ്ങളെ | രക്ഷിച്ചുകൊള്ളേണമെ |
| ദുഷ്ടനിൽനിന്നും ഞങ്ങളെ | എന്നേക്കും നിനക്കുള്ളതാകുന്നു ആമ്മീൻ. |
| എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും | ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണമെ |

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | മത്തായി 6:1-4 |
| തിങ്കൾ | ലൂക്കോസ് 6:27-31 | മത്തായി 6:5-6 |
| ചൊവ്വ | മത്തായി 6:32-36 | മത്തായി 6:7-15 |
| ബുധൻ | മത്തായി 11:9-13 | മത്തായി 6:16-18 |
| വ്യാഴം | സങ്കീ. 25:1-7 | മത്തായി 6:19-23 |
| വെള്ളി | സങ്കീ. 25:8-16 | മത്തായി 6:24-27 |
| ശനി | സങ്കീ. 25:16-22 | * |

പാഠം 9

# ഞാൻ നല്ല ഇടയൻ ആകുന്നു

(വി. യോഹന്നാൻ 10:11)

**മുഖ്യസന്ദേശം:** ഒരു നല്ല ഇടയന്റെ പ്രത്യേകതകൾ മനസ്സിലാക്കുകയും നല്ല ഇടയനായ യേശുവിനെ അനുഗമിക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** "ഞാൻ നല്ല ഇടയൻ ആകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു" (വി. യോഹന്നാൻ 10:11).

**പഠനസഹായികൾ:** ഒരു കുഞ്ഞാടിനെ വഹിച്ചുകൊണ്ടു നിൽക്കുന്ന യേശുവിന്റെ ചിത്രം, വി. വേദപുസ്തകം. ഒരു ആട്ടിൻകൂട്ടവും ഇടയനും ചേർന്നുനില്ക്കുന്ന ചിത്രം.

## ആമുഖം

കർത്താവായ യേശുവിന്റെ ജനനവാർത്ത ആദ്യമായി അറിഞ്ഞ കൂട്ടർ ആട്ടിടയന്മാരാണ്. ആടുകളെ മേയിക്കുന്ന ആളുകൾക്ക് പൊതുവെ പറയുന്ന പേരാണ് 'ഇടയന്മാർ' എന്നത്. എന്തൊക്കെ കാര്യങ്ങളാണ് ഇടയൻ ആടുകൾക്കു വേണ്ടി ചെയ്യുന്നത് എന്ന് പറയാമോ? ആടുകളെ നല്ല പുൽപ്രദേശങ്ങളിലേക്ക് കൊണ്ടുപോയി അവയ്ക്ക് ആവശ്യമായ ഭക്ഷണം ലഭിക്കുവാൻ സഹായിക്കുന്നു. നല്ല വെള്ളം ലഭിക്കുന്ന സ്ഥലത്ത് കൊണ്ടുപോയി അവയുടെ ദാഹം തീർക്കുന്നു. രാത്രിയിൽ അവയ്ക്ക് കാവൽ കിടക്കുന്നു. ചെന്നായ്ക്കളും മറ്റ് മൃഗങ്ങളും വന്ന് അവയെ ആക്രമിക്കാതിരിക്കുവാൻ അവയുടെ അടുത്തുതന്നെ ഇടയൻ കിടക്കുന്നു. അവയ്ക്ക് എന്തെങ്കിലും മുറിവുകൾ സംഭവിച്ചാൽ എണ്ണപുരട്ടി അവയെ ശുശ്രൂഷിക്കുന്നു. ചിലപ്പോൾ സ്വന്തജീവൻപോലും അപകടത്തിൽപെടാം. അങ്ങനെയുള്ളവരാണ് നല്ല ഇടയന്മാർ. ഒരിക്കൽ യേശു ജനത്തോട് പറഞ്ഞു: 'ഞാൻ നല്ല ഇടയൻ ആകുന്നു' എന്ന് (വി. യോഹ. 10:11). നല്ല ഇടയനായ യേശുവിനെക്കുറിച്ചാണ് നാം ഇന്ന് പഠിക്കുന്നത്.

## പാഠഭാഗം

ഒരു നല്ല ആട്ടിടയനായിരുന്ന ദാവീദ് തന്റെ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ദൈവത്തെ ഒരു ഇടയനായി കണ്ട് വാഴ്ത്തിപ്പാടുന്ന ഒരു കീർത്തനമാണ് നമുക്കെല്ലാം പരിചയമുള്ള 23-ാം സങ്കീർത്തനം. "യഹോവ എന്റെ ഇടയനാകുന്നു.... ദീർഘകാലം വസിക്കും." ഈ സങ്കീർത്തനത്തിൽ പറയുന്ന ഇടയന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?

പച്ചയായ പുൽപുറങ്ങളിൽ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിനരികത്തേക്ക് നടത്തുന്നു; പ്രാണനെ തണുപ്പിക്കുന്നു. ആടുകൾക്ക് സംരക്ഷണം നൽകുന്നു. മറ്റൊരു പ്രധാന പ്രത്യേകത, നല്ല ഇടയൻ എപ്പോഴും തന്റെ ആടുകളുടെ കൂടെ ഇരിക്കുന്നു എന്നതാണ്. അതിനാൽ ആടുകൾ ഭയമില്ലാതെ മേയുന്നു. തന്റെ കയ്യിലുള്ള വടിയും കോലും (തോട്ടിയുടെ ആകൃതിയിലുള്ളത്) കൊണ്ട് ആടുകളെ നിയന്ത്രിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. കൂടാതെ ആപത്തിൽ പെടുമ്പോൾ രക്ഷിക്കുകയും ചെയ്യുന്നു. വൃക്ഷത്തിന്റെ കൊമ്പുകൾ ചായിച്ചുകൊടുക്കാനും കോൽ (തോട്ടി) ഉപകരിക്കുന്നു.

നമ്മുടെ നല്ല ഇടയനായ യേശു ഇതുപോലെ നമ്മെ സംരക്ഷിക്കുന്നു. നമുക്ക് ഒന്നിനും കുറവുവരാത്തതുപോലെ ആവശ്യമുള്ളതൊക്കെയും നൽകി നമ്മെ നിത്യം വഴിനടത്തുന്നു. ഈ നല്ല ഇടയൻ കൂടെയുള്ളതിനാൽ പ്രതിസന്ധികളിലും പ്രയാസങ്ങളിലുംകൂടി കടന്നുപോകുമ്പോൾ നമുക്ക് ഭയം തോന്നേണ്ടതില്ല. നാം തെറ്റുചെയ്യുമ്പോൾ നമ്മെ ശാസിച്ചും നാം അപകടങ്ങളിൽപെടുമ്പോൾ നമ്മെ കാത്തുപരിപാലിച്ചും നമ്മുടെ ഇടയൻ നമുക്ക് ആശ്വാസമാകുന്നു. ശത്രുവിന്റെ കൈകളിൽനിന്ന് അവൻ നമ്മെ വിടുവിക്കുന്നു. ആ ഇടയന്റെ പരിപാലനത്തിൻകീഴിൽ നമ്മുടെ ആയുഷ്ക്കാലത്തോളം നന്മയും, കരുണയും നാം ധാരാളമായി അനുഭവിക്കും. അങ്ങനെ ദൈവസന്നിധിയിൽ എന്നേക്കും സമാധാനത്തോടെ വസിക്കുന്ന ഒരു അനുഭവം ആടുകളായ നമുക്ക് ലഭിക്കുന്നു എന്ന് ഈ സങ്കീർത്തനഭാഗം നമ്മെ പഠിപ്പിക്കുന്നു.

വി. യോഹ. 10:1-15 വരെയുള്ള ഭാഗത്ത് കാണുന്ന നല്ല ഇടയന്റെ പ്രത്യേകതകൾ നമുക്ക് നോക്കാം. ആടുകൾ നല്ല ഇടയന്റെ ശബ്ദം തിരിച്ചറിയുന്നു. ആടുകളെ അവൻ പേരുചൊല്ലി വിളിക്കുന്നു. കാട്ടത്തിമേൽ കയറിയിരുന്ന സക്കായിയെ കർത്താവ് പേരുചൊല്ലി വിളിച്ച സംഭവം ഓർക്കുക. ഇടയൻ ആടുകൾക്കു മുമ്പായി നടക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു. കർത്താവിന്റെ ദിവ്യവചനങ്ങൾ കേൾക്കുവാനായി ജനം താല്പര്യത്തോടെ അവനെ തിരക്കി ചെന്നു. ജനം ഇത്ര താല്പര്യത്തോടെ ഓടിക്കൂടിയത്. അവൻ നല്ല ഇടയനായതുകൊണ്ടാണ്. ഇന്നും ആ നല്ല ഇടയൻ നമ്മെ പരിപാലിച്ചുകൊണ്ട് നമ്മോടൊപ്പം എപ്പോഴും ഉണ്ട്. നല്ല ഇടയന്റെ മറ്റൊരു പ്രത്യേകത ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കുന്നു എന്നതാണ് (യോഹ. 10:11-13 വാക്യങ്ങൾ നോക്കുക). ഇടയനും ഉടമസ്ഥനും അല്ലാത്ത കൂലിക്കാരനാണെങ്കിൽ കാട്ടുമൃഗങ്ങൾ ആക്രമിക്കുമ്പോൾ ആടുകളെ വിട്ടിട്ട് ഓടിപ്പോകും, എന്നാൽ യേശുവാകുന്ന നല്ല ഇടയൻ കാൽവറിക്രൂശിൽ തന്റെ ജീവൻ തന്ന് നമ്മെ വീണ്ടെടുത്തവനാണ്.

**യേശുവിന്റെ ഏഴ് 'ഞാൻ... ആകുന്നു' വചനങ്ങൾ താഴെ പറയുന്നവയാണ്. എല്ലാം വി. യോഹന്നാന്റെ സുവിശേഷത്തിൽ കാണാം.**

1. ഞാൻ നല്ല ഇടയൻ ആകുന്നു. (വി. യോഹ. 10:11)
2. ഞാൻ വാതിൽ ആകുന്നു. (വി. യോഹ. 10:9)
3. ഞാൻ ജീവന്റെ അപ്പം ആകുന്നു. (വി. യോഹ. 6:35)
4. ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. (വി. യോഹ. 8:12)
5. ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു. (വി. യോഹ. 11:25)
6. ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു. (വി. യോഹ. 14:6)
7. ഞാൻ മുന്തിരി വള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. (വി. യോഹ.15:5)

## നമുക്ക് പാടാം

യാഹ് നല്ല ഇടയൻ എന്നുമെന്റെ പാലകൻ
ഇല്ലെനിക്കു ഖേദമൊന്നുമേ...... (2)

പച്ചയായ പുൽപുറങ്ങളിൽ
സ്വച്ഛമാം നദിക്കരയിലും (2)
ക്ഷേമമായി പോറ്റുന്നെന്നെയും
സ്നേഹമോടെന്നേശു നായകൻ (2)

## നമുക്ക് പ്രാർത്ഥിക്കാം

*നല്ല ഇടയനായ യേശുവേ, അങ്ങയുടെ അനുസരണയുള്ള ആടുകളായി ഞങ്ങളെ ചേർത്തുകൊള്ളണമെ. നിന്റെ ശബ്ദം തിരിച്ചറിഞ്ഞ് നിന്നെ അനുഗമിപ്പാൻ എന്നാളും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ആമ്മീൻ.*

## നിശ്ചയം

**ദൈവകല്പനകൾ അനുസരിച്ച് ദൈവസന്നിധിയിൽ അനുസരണയുള്ള കുഞ്ഞാടുകളായി ഞങ്ങൾ ജീവിക്കും. നല്ല ഇടയനായ യേശു കൂടെയുള്ളതുകൊണ്ട് ഞങ്ങൾ ഒരിക്കലും ഭയപ്പെടുകയില്ല.**

## നമുക്ക് ചിന്തിക്കാം

1. ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു എന്ന് കർത്താവ് അരുളിച്ചെയ്തത് ആരോടാണ്? എവിടെവച്ച്?
2. നല്ല ഇടയന്റെ പ്രത്യേകതകൾ 23-ാം സങ്കീർത്തനത്തിൽ എങ്ങനെ വിവരിച്ചിരിക്കുന്നു?
3. നല്ല ഇടയൻ എന്ന് സമർത്ഥിക്കുവാൻ എന്തെല്ലാം പ്രത്യേകതകൾ ആണ് നിങ്ങൾ യേശുവിൽ കാണുന്നത്.
4. 'ഞാൻ ജീവന്റെ അപ്പം ആകുന്നു' എന്ന് കർത്താവ് പറഞ്ഞതിനെ ഏത് കൂദാശയുമായി നമുക്ക് ബന്ധിപ്പിക്കാം?
5. നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു എന്ന വാക്യം വി. വേദപുസ്തകത്തിൽനിന്ന് കണ്ടുപിടിക്കുക. (സൂചന: കർത്താവിന്റെ ഗിരിപ്രഭാഷണം)

## പ്രവർത്തനങ്ങൾ

1. 23-ാം സങ്കീർത്തനം കാണാതെ ചൊല്ലുക.
2. താഴെ പറയുന്ന പ്രസ്താവനകൾ ശരിയോ (ജ) തെറ്റോ (ഃ) എന്ന് അടയാളപ്പെടുത്തുക.
    1. യേശു പറഞ്ഞു ഞാൻ നല്ല ഇടയൻ ആകുന്നു.
    2. ചെന്നായ് വരുമ്പോൾ ഓടിപ്പോകുന്നവനാണ് നല്ല ഇടയൻ.
    3. ഇടയന്റെ കയ്യിലെ വടിയും കോലും ആടുകളെ ആശ്വസിപ്പിക്കുന്നു.
    4. നല്ല ഇടയനായ യേശു തന്റെ ജീവൻ തന്ന് നമ്മെ നിത്യജീവന്റെ അവകാശികളാക്കി.
    5. നല്ല ഇടയന്റെ ശബ്ദം ആടുകൾ തിരിച്ചറിയും.
3. അനുയോജ്യമായവ വരച്ച് ചേർക്കുക.

| | |
|---|---|
| ഞാൻ ലോകത്തിന്റെ | അപ്പം ആകുന്നു |
| ഞാൻ ജീവന്റെ | ജീവനും ആകുന്നു |
| ഞാൻ നല്ല | വെളിച്ചം ആകുന്നു |
| ഞാൻ തന്നേ പുനരുത്ഥാനവും | ഇടയൻ ആകുന്നു |
| ഞാൻ തന്നേ വഴിയും | സത്യവും ജീവനുമാകുന്നു |

4. കാണാതെപോയ ആടിനെ തേടിപ്പോയ ഇടയന്റെ (വി. ലൂക്കോ. 15:3-7) കഥ ഒരു സ്കിറ്റ് ആയി ക്ലാസിൽ അവതരിപ്പിക്കുക.

5. യിസ്രായേൽ ജനതയ്ക്ക് മരുഭൂയാത്രയിൽ നേതൃത്വം കൊടുത്ത മോശ ഒരു നല്ല ഇടയനായിരുന്നു എന്നതിന് തെളിവുകൾ നിങ്ങൾ പഠിച്ച പഴയനിയമ പാഠങ്ങളിൽനിന്നും കണ്ടെത്തി എഴുതുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | യോഹന്നാൻ 10:1-6 |
| തിങ്കൾ | ലൂക്കോസ് 8:22-25 | യോഹന്നാൻ 10:7-10 |
| ചൊവ്വ | മത്തായി 7:1-6 | യോഹന്നാൻ 10:11-16 |
| ബുധൻ | മത്തായി 6:19-21 | ലൂക്കോസ് 15:1-7 |
| വ്യാഴം | 1 പത്രോസ് 5:1-4 | സങ്കീ. 23:1-6 |
| വെള്ളി | 1 പത്രോസ് 5:5-7 | യോഹന്നാൻ 15:1-4 |
| ശനി | 1 പത്രോസ് 5:8-11 | * |

പാഠം 10

# കർത്താവിന്റെ ഗിരിപ്രഭാഷണം

**(വി. മത്തായി 5, 6, 7 അദ്ധ്യായങ്ങൾ)**

**മുഖ്യസന്ദേശം:** ദൈവത്തോടും സഹജീവികളോടുമുള്ള നമ്മുടെ ബന്ധം എങ്ങിനെയുള്ളതായിരിക്കണമെന്ന് മനസ്സിലാക്കുക.

**മനഃപാഠവാക്യം:** "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും" (വി. മത്തായി 5:8).

**പഠനസഹായികൾ:** കർത്താവ് ഇരുന്ന് പ്രസംഗിക്കുന്ന ചിത്രം, വി. വേദപുസ്തകം.

## ആമുഖം

യേശു മറ്റുള്ളവരെ പഠിപ്പിച്ചത് ഏതു രീതിയിലായിരുന്നു? കഥകളിലൂടെയും ലളിതമായ ഉദാഹരണങ്ങളിലൂടെയും അവൻ ദൈവരാജ്യത്തിന്റെ രഹസ്യങ്ങളെപ്പറ്റി ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്തു. ഇങ്ങനെയുള്ള പഠിപ്പിക്കലിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് കർത്താവിന്റെ ഗിരിപ്രഭാഷണം. വി. മത്തായി ശ്ലീഹാ എഴുതിയ സുവിശേഷം 5, 6, 7 അദ്ധ്യായങ്ങളിലാണ് ഗിരിപ്രഭാഷണം കാണുന്നത്. ഈ പ്രഭാഷണമാണ് ഇന്ന് നമ്മൾ പഠിക്കുവാൻ പോകുന്നത്.

## പാഠഭാഗം

യേശു തന്റെ പരസ്യശുശ്രൂഷയുടെ ആദ്യഭാഗത്ത് ശിഷ്യരെയും തന്റെ അടുക്കൽ വന്ന ജനങ്ങളെയും പഠിപ്പിച്ചുകൊണ്ടിരുന്നു. അവൻ പഠിപ്പിച്ചത് പ്രധാനമായും താഴെപ്പറയുന്ന കാര്യങ്ങളായിരുന്നു.

## ദൈവദൃഷ്ടിയിൽ അനുഗൃഹീതർ ആര്?

ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിന്റെ പശ്ചാത്തലത്തിൽ മറ്റു മനുഷ്യരോടും പ്രകൃതിയോടുമുള്ള നമ്മുടെ ബന്ധം എന്തായിരിക്കണം? പ്രാർത്ഥന, ജീവിതവിശുദ്ധി ആദിയായ ഗുണങ്ങൾ ഉൾക്കൊള്ളുന്ന യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ പ്രധാനപ്പെട്ട ഏതാനും ആശയങ്ങൾ നമുക്ക് ചിന്തിക്കാം. ചില പഴയനിയമ സൂക്തങ്ങൾക്ക് ഇവിടെ യേശു പുനരാഖ്യാനം നൽകുന്നു.

## ഭാഗ്യവർണ്ണനകൾ

പർവ്വത പ്രസംഗത്തിന്റെ പ്രാരംഭ ഭാഗത്ത് എട്ട് ഭാഗ്യവർണ്ണനകൾ നൽകിയിരിക്കുന്നു. യഥാർത്ഥ അനുഗൃഹീതർ ആരാണെന്ന് യേശു പ്രഖ്യാപിക്കുന്നു (വി. മത്തായി 5:3-10). 'ആത്മാവിൽ ദരിദ്രരായവർ' എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? നമുക്ക് എല്ലാം നൽകുന്നത് ദൈവമാണ്. എല്ലാ നല്ല ദാനങ്ങളും ദൈവത്തിൽനിന്നു വരുന്നു. ആകയാൽ നാം വിനയമുള്ളവരും ദൈവത്തോട് നന്ദിയുള്ളവരുമായിരിക്കണം. 'ആത്മാവിൽ ദരിദ്രനായ' ഒരാൾ ഒരിക്കലും ഗർവ്വിയോ, അഹംഭാവിയോ ആകയില്ല, അയാൾ വിനയമാനസനായിരിക്കും.

## 1. നിങ്ങൾ ഭൂമിയുടെ വെളിച്ചവും ഉപ്പും ആകുന്നു

എന്താണ് വെളിച്ചത്തിന്റെ പ്രാധാന്യം? പ്രകാശകിരണങ്ങൾ ചുറ്റും പരത്തുന്നു. നമുക്ക് എല്ലാം കാണുവാൻ സഹായിക്കുന്നു. നാം തന്നെ മറ്റുള്ളവർക്ക് വെളിച്ചമായിരിക്കണം എന്നാണ് കർത്താവ് പഠിപ്പിച്ചത്. എന്താണ് ഉപ്പിന്റെ പ്രത്യേകത? ഭക്ഷണത്തിന് രുചി നൽകുക, സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുക തുടങ്ങിയവ. നമ്മുടെ ജീവിതം അന്യർക്ക് ഗുണകരമായിത്തീരണമെന്ന് സാരം.

## 2. മോശയുടെ ന്യായപ്രമാണത്തിലെ ചില നിയമങ്ങൾക്ക് യേശു പുതിയ വ്യാഖ്യാനം നൽകുന്നു.

വി. മത്തായി 5:17 വായിക്കുക. പത്തുകല്പനകളിലൊന്ന് ഇപ്രകാരമാണ് “കൊല ചെയ്യരുത്”. കൊല ചെയ്യുന്നവൻ ന്യായം വിധിക്കപ്പെടും എന്നാൽ ഇതിന് യേശു വിശദീകരണം നൽകുന്നത് കൊല ചെയ്യുന്നതുമാത്രമല്ല സഹോദരനോടു കോപിക്കുന്നതും, നിസ്സാരാ (ഭോഷാ) എന്നു വിളിക്കുന്നതുപോലും ശിക്ഷാർഹമാണ് എന്നാണ്. വി. മത്തായി 5:38, 39 വായിക്കുക. മോശയുടെ ന്യായപ്രമാണപ്രകാരം, കണ്ണിനുപകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നുപറയുന്നു. പ്രതികാരം ചെയ്യുക എന്നതാണ് ഇതിലെ ധ്വനി. എന്നാൽ ക്രിസ്തു നൽകുന്ന വിശദീകരണം - ദുഷ്ടനോട് എതിർക്കരുത് ശത്രുക്കളെ സ്നേഹിക്കുക, ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നത്രേ.

## 3. ശരീരത്തിലും മനസ്സിലും ശുദ്ധി കാത്തുസൂക്ഷിക്കുന്നതിനെപ്പറ്റി

വി. മത്തായി 5:27,28 വാക്യങ്ങൾ വായിക്കുക. ഇവിടെ കാണുന്നത് ‘വ്യഭിചാരം ചെയ്യരുത്’ എന്നാണ്. ദുഷ്ട മനസ്സോടെ സ്ത്രീയെ നോക്കുന്നവൻ പാപം ചെയ്യുന്നു എന്നാണ് യേശു പറയുന്നത്.

## 4. പ്രാർത്ഥനയെയും ഉപവാസത്തെയും പറ്റി

വി. മത്താ. 6:5-8 വരെ വാക്യങ്ങൾ വായിക്കുക. യേശു എല്ലാത്തരം കപടഭക്തിയേയും തള്ളിക്കളഞ്ഞു. ആത്മാർത്ഥമായ പ്രാർത്ഥന, അതായത് ഹൃദയത്തിന്റെ പ്രാർത്ഥന ദൈവം സ്വീകരിക്കുന്നു. ദൈവം നമ്മുടെ ആവശ്യങ്ങൾ മുമ്പുകൂട്ടി അറിയുന്നു. വി. മത്തായി 6:9-15 വാക്യങ്ങളിൽ കർത്തൃപ്രാർത്ഥന കാണാം. വി. മത്താ. 6:16-18ൽ ഉപവാസം ഹൃദയംഗമായിരിക്കണം, അത് മനുഷ്യരെ കാണിക്കുന്നതിന് വേണ്ടിയാകരുത് എന്നാണ് കർത്താവ് പഠിപ്പിച്ചത്. വി. മത്താ. 7:7-11 ൽ തുടർന്നും പ്രാർത്ഥിച്ചുകൊണ്ടിരിക്കുവാൻ യേശു നമ്മെ പ്രോത്സാഹിപ്പിക്കുന്നു. കാരണം ദൈവം നമ്മെ സ്നേഹിക്കുന്ന പിതാവാണ്.

## 5. അന്യരെ വിധിക്കുന്നതിനെപ്പറ്റി

വി. മത്തായി 7:1-5ൽ ദൈവം മാത്രമാണ് വിധികർത്താവ്. നാം പരസ്പരം വിധിക്കുവാൻ പാടുള്ളതല്ല എന്നും പഠിപ്പിക്കുന്നു. നാം ദൈവത്തെ സ്നേഹിക്കേണ്ടതെങ്ങനെയെന്നും മനുഷ്യരെ സ്നേഹിക്കേണ്ടതെങ്ങനെയെന്നുമുള്ള സൂചനകൾ ഗിരിപ്രഭാഷണം നമുക്ക് നൽകുന്നു.

## നമുക്ക് പാടാം

വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു
വെളിവീയടിയാരഖിലാധാരമതാം വെളിവും നീ
കാന്ത്യാ ഞങ്ങളെ നീ താതൻ
കതിരേ ശോഭിപ്പിക്കെന്നും
വെളിവിൻ തട്ടിൽ വസിക്കും പുണ്യനിധേ പരിശുദ്ധാ
വേണ്ടാക്കഷ്ടത വീണ് ചിന്തയുമടിയാരീന്നൊഴിക്ക..
സൽക്രിയകൾക്കു മനഃശുദ്ധ്യാ
സംഗതി വരണേ ഞങ്ങൾക്ക്

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, ഞങ്ങളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ. ഞങ്ങളുടെ ശത്രുക്കളെയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ. ഞങ്ങളുടെ ശരീരാത്മ മനസ്സുകൾ വിശുദ്ധമായി സൂക്ഷിക്കുവാൻ നീ ഞങ്ങളെ സഹായിക്കേണമേ. ആമ്മീൻ.*

## നിശ്ചയം

**ഞങ്ങൾ ദൈവത്തോട് എല്ലായ്പ്പോഴും ഹൃദയപൂർവ്വം പ്രാർത്ഥിക്കും. ഞങ്ങൾ മറ്റുള്ളവരെ വിധിക്കുകയില്ല. എല്ലാ സൃഷ്ടിയുടെയും വിധികർത്താവ് ദൈവമാണ് എന്ന് ഞങ്ങൾ അറിയുന്നു. ദൈവത്തിൽ അടിയുറച്ച് വിശ്വസിച്ച് ഞങ്ങൾ ജീവിക്കും.**

## നമുക്ക് ചിന്തിക്കാം

1. "ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ" എന്ന ഭാഗ്യവർണ്ണനയുടെ അർത്ഥം എന്ത്?
2. "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" എന്ന യേശുവിന്റെ പ്രസ്താവന ഉൾക്കൊള്ളുന്ന വാക്യം വി. യോഹന്നാന്റെ സുവിശേഷത്തിൽനിന്ന് കണ്ടുപിടിക്കുക. അദ്ധ്യായവും വാക്യവും പറയുക.
3. ഉപ്പിന്റെ പ്രത്യേകതകൾ എന്തെല്ലാം?
4. എല്ലാ സൃഷ്ടിയുടെയും വിധികർത്താവ് (ജഡ്ജ്) ആര്?
5. ശത്രുവിനെ സ്നേഹിക്കുന്നത് പ്രായോഗികമാണോ? എങ്ങനെ?
6. 'കൊല ചെയ്യരുത്' എന്ന കല്പനയ്ക്ക് യേശു നൽകുന്ന വിശദീകരണം എന്ത്?
7. ശരിയായ പ്രാർത്ഥന എപ്രകാരമായിരിക്കണമെന്നാണ് യേശു പറയുന്നത് (വി. മത്താ. 6:5-8)
8. ശരിയായ നോമ്പും ഉപവാസവും എപ്രകാരമായിരിക്കണമെന്ന് കണ്ടെത്തുക. (യെശയ്യ. 58:5-7, വി. മത്താ. 6:16-18 എന്നിവ വായിക്കുക)
9. മനുഷ്യൻ പരസ്പരം വിധിക്കുന്നതിലെ അപാകതകൾ എന്തെല്ലാം?

## പ്രവർത്തനങ്ങൾ

1. എട്ട് ഭാഗ്യവർണ്ണനകൾ അടങ്ങുന്ന ഒരു ചാർട്ട് നിർമ്മിക്കുക.

2. ഭാഗ്യവർണ്ണനകൾ രണ്ടു പേർ വീതം ചേർന്ന്, ആദ്യപകുതി ഒരാൾ അടുത്തപകുതി മറ്റെയാൾ എന്ന രീതിയിൽ അവതരിപ്പിക്കുക.

*ഉദാ.* ഒരാൾ: ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ

മറ്റെയാൾ: സ്വർഗ്ഗരാജ്യം അവർക്കുള്ളത്

2. ചേരുംപടി വരച്ചു ചേർക്കുക.

| | |
|---|---|
| ദുഃഖിക്കുന്നവർ | ഭൂമിയെ അവകാശമാക്കും |
| ആത്മാവിൽ ദരിദ്രരായവർ | കരുണ ലഭിക്കും |
| സമാധാനം ഉണ്ടാക്കുന്നവർ | ആശ്വാസം ലഭിക്കും |
| ഹൃദയശുദ്ധിയുള്ളവർ | തൃപ്തിവരും |
| കരുണയുള്ളവർ | സ്വർഗ്ഗരാജ്യം അവർക്കുള്ളത് |
| സൗമ്യതയുള്ളവർ | ദൈവത്തിന്റെ മക്കൾ |
| നീതിക്ക് വിശന്നു ദാഹിക്കുന്നവർ | ദൈവത്തെ കാണും |

3. 'എങ്ങനെ നന്നായി പ്രാർത്ഥിക്കണം' എന്ന സന്ദേശം അടങ്ങുന്ന ഒരു സ്കിറ്റ് പരീശന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥനയെ അടിസ്ഥാനമാക്കി ക്ലാസ്സിൽ അവതരിപ്പിക്കുക

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകുന്നേരം |
|---|---|---|
| ഞായർ | * | മത്തായി 5:1-10 |
| തിങ്കൾ | മത്തായി 6:14-18 | മത്തായി 5:11-16 |
| ചൊവ്വ | മത്തായി 6:19-24 | മത്തായി 5:17-20 |
| ബുധൻ | മത്തായി 6:25-34 | മത്തായി 5:21-26 |
| വ്യാഴം | മത്തായി 7:1-6 | മത്തായി 5:27-30 |
| വെള്ളി | മത്തായി 7:13-18 | മത്തായി 5:31-42 |
| ശനി | മത്തായി 7:24-29 | * |

യൂണിറ്റ് 2

# പ്രാർത്ഥന

# വി. കുർബ്ബാനയിലെ പ്രതിവാക്യങ്ങൾ

പാഠം 11

## പഴയനിയമ വായന

**പാഠോദ്ദേശം:** വി. കുർബ്ബാനയിൽ ഉപയോഗിക്കുന്ന പ്രതിവാക്യങ്ങളും പ്രാർത്ഥനകളും മനഃപാഠമാക്കുക.

**മനഃപാഠവാക്യം:** "ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം നീതിമാന്മാരുടെ കൂടാരത്തിൽ ഉണ്ട്" (സങ്കീ. 118:15).

### ആമുഖം

വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവരാണ് നാം എല്ലാവരും. വി. കുർബ്ബാനയിൽ അലക്ഷ്യമായി പെരുമാറാതെ വളരെ ശ്രദ്ധയോടെ സംബന്ധിക്കുക എന്നത് നമ്മുടെ ചുമതലയാണ്. വി. കുർബ്ബാന പുസ്തകം കൈയ്യിൽ പിടിച്ച് പുസ്തകത്തിൽ നോക്കി പ്രതിവാക്യങ്ങൾ ഭംഗിയായി പറഞ്ഞ് ആരാധനയിൽ സംബന്ധിക്കണം. പ്രാർത്ഥനകൾ ചൊല്ലിയും ഗീതങ്ങൾ പാടിയും നാമും ആരാധനയുടെ ഭാഗമാകണം. ആരാധനയിൽ ഏകാഗ്രത ലഭിക്കുക എന്നതാണ് പ്രധാനപ്പെട്ടത്. ഏകാഗ്രത ലഭിച്ചിട്ട് പ്രാർത്ഥിക്കുവാൻ സാധിക്കുകയില്ലല്ലോ? കാരണം നമ്മുടെ മനസ്സ് വിവിധ വിഷയങ്ങളിലേക്ക് മാറിപ്പോകുന്നത് സ്വാഭാവികമാണ്. വി. കുർബ്ബാനക്രമം ഉപയോഗിച്ച് പുസ്തകത്തിൽ നോക്കി പ്രതിവാക്യങ്ങൾ പറയുകയും പ്രാർത്ഥനകളും ഗീതങ്ങളും ഭംഗിയായി ചൊല്ലി നമ്മൾ ആരാധനയുടെ ഭാഗമാകുമ്പോൾ നാം ദൈവീക അനുഭവത്തിലേയ്ക്കും ഏകാഗ്രതയിലേയ്ക്കും സാവധാനം എത്തിച്ചേരും. ഏകാഗ്രത ലഭിച്ചിട്ട് പ്രാർത്ഥിക്കുകയല്ല; മറിച്ച് പ്രാർത്ഥനയിലൂടെയും ഗീതങ്ങൾ ആലപിക്കുന്നതിലൂടെയും ഏകാഗ്രതയിലേക്ക് വരുകയാണ് ചെയ്യുന്നത്.

### പാഠഭാഗം

**ബഹുമതിപൂർവ്വം നിന്റെ ഭവനത്തിലേക്ക് ഞാൻ വന്ന്, എന്റെ നേർച്ചകൾ നിനക്കു കഴിക്കും.**

വി. ദേവാലയത്തിലേക്ക് നാം എപ്പോൾ പ്രവേശിച്ചാലും കുരിശുവരച്ചുകൊണ്ട് ഈ പ്രാർത്ഥന ധ്യാനപൂർവ്വം ചൊല്ലണം. 'നിന്റെ ആലയത്തിലേക്കു ഞാൻ വന്നു' എന്നാണ് പ്രാർത്ഥിക്കുന്നത്. ദൈവം വസിക്കുന്ന ആലയത്തിലേക്കാണ് കയറുന്നത് എന്ന ചിന്തയോടും ബഹുമാനത്തോടും വേണം നാം ദേവാലയത്തിൽ പ്രവേശിക്കുവാനും, തുടർന്ന് അവിടെ കഴിഞ്ഞുകൂടുവാനും. നേർച്ചകാഴ്ചകളോടെവേണം നാം ദൈവാലയത്തിലേക്ക് വരേണ്ടത് (സങ്കീ. 61:8, 66:13).

**'നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം' എന്ന് ദാവീദ് മുഖാന്തിരം പരിശുദ്ധ റൂഹാ പാടി.**

ഈ വാചകം ആര് എപ്പോൾ പറയുന്നതാണ് എന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? പഴയ നിയമം വായിക്കുന്നതിനു മുമ്പായി ശുശ്രൂഷക്കാരൻ വിളിച്ചുപറയുന്ന വാചകമാണ് ഇത്. 'ദാവീദ് മുഖാന്തിരം പരിശുദ്ധ റൂഹാ പാടി' എന്നു പറയുന്നതിൽനിന്നും രണ്ടു കാര്യങ്ങൾ വ്യക്തമാണ്.

1. ഇത് പരിശുദ്ധറൂഹായുടെ പാട്ടാണ്. 2. രാജാവും നിബിയുമായിരുന്ന ദാവീദിൽക്കൂടിയാണ് പരിശുദ്ധറൂഹാ ഈ പാട്ടു പാടുന്നത്.

വി. വേദപുസ്തകത്തിൽ ദാവീദ് രാജാവിന്റെ രചനകൾ ഏതെല്ലാമാണ്? വിവിധ സങ്കീർത്തനങ്ങളാണ്. 118-ാം സങ്കീർത്തനം 15-ാം വാക്യമാണ് 'നീതിമാന്മാരുടെ കൂടാരത്തിൽ..... ശബ്ദം' എന്നത്. വി. വേദപുസ്തകം എടുത്ത് ഈ വാക്യം വായിക്കുക. തർജ്ജമയുടെ വ്യത്യാസത്തിൽ ഈ വാചകങ്ങൾ തമ്മിൽ വ്യത്യാസം അനുഭവപ്പെടുന്നു. അല്ലേ. പക്ഷേ അർത്ഥം ഒന്നുതന്നെയാണ്. എന്താണ് 'നീതിമാന്മാരുടെ കൂടാരം'? വി. സഭയാണ് നീതിമാന്മാരുടെ കൂടാരം. ദൈവവചനമാണ് മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം. 'മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമായ' ദൈവവചനങ്ങൾ സഭയിൽ ഉദ്ഘോഷിക്കപ്പെടുകയാണ് എന്നാണ് ശുശ്രൂഷകൻ പറയുന്നത്. ശുശ്രൂഷക്കാരൻ പഴയനിയമത്തിൽനിന്നും വായിക്കുമ്പോൾ ഏതു പുസ്തകത്തിൽനിന്നാണു വായിക്കുന്നത് എന്ന് തുടക്കത്തിൽ പറയുന്നത് ശ്രദ്ധിച്ചിരിക്കണം. ഓരോന്നിനും നാം പറയേണ്ട പ്രതിവാക്യം വി. കുർബ്ബാന ക്രമം നോക്കി മനസ്സിലാക്കുകയും യഥാസമയം പറയുകയും ചെയ്യണം.

## പ്രാർത്ഥന

*കർത്താവേ, ആരാധനയിൽ ഏകാഗ്രതയോടെ സംബന്ധിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ.*

## നിശ്ചയം

**വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ ഗീതങ്ങൾ ആലപിച്ചും പ്രാർത്ഥനകൾ ചൊല്ലിയും ഏകാഗ്രതയോടെ ഞങ്ങൾ നിൽക്കും.**

## പ്രവർത്തനങ്ങൾ

താഴെ പറയുന്ന പുസ്തകങ്ങളിൽനിന്നും പഴയനിയമം വായിക്കുമ്പോൾ ശുശ്രൂഷകൻ പറയുന്ന ആമുഖവാചകവും ജനങ്ങളുടെ പ്രതിവാക്യവും മനസ്സിലാക്കുക (വി. കുർബ്ബാനക്രമത്തിന്റെ തുടക്കഭാഗം നോക്കുക.)

1. പുറപ്പാട് പുസ്തകം, 2. യോശുവയുടെ പുസ്തകം, 3. സങ്കീർത്തനം, 4. ഇയ്യോബിന്റെ പുസ്തകം, 5. സദൃശവാക്യങ്ങൾ, 6. യെശയ്യാപ്രവചനം, 7. ബാറസീറാ

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | സങ്കീ. 67:1-7 |
| തിങ്കൾ | എഫെ. 6:14-19 | യോഹന്നാൻ 9:31-33 |
| ചൊവ്വ | മത്തായി 6:5-13 | 1 കൊരി 8:5-6 |
| ബുധൻ | മത്തായി 7:7-12 | സങ്കീ. 103:1-14 |
| വ്യാഴം | യോനാ 2:1-10 | സങ്കീ. 103:15-22 |
| വെള്ളി | യോഹ. 17:1-26 | സങ്കീ. 44:1-3 |
| ശനി | റോമർ 8:26-27 | * |

പാഠം 12

# വി. കുർബ്ബാനയിലെ ശ്ലീഹാവായന

**പാഠനോദ്ദേശ്യം:** വി. കുർബ്ബാനയിലെ ശ്ലീഹാവായനകളോടനുബന്ധിച്ച് ശുശ്രൂഷക്കാരൻ പറയുന്ന ആമുഖവും, അതിനു വിശ്വാസികൾ പറയുന്ന പ്രതിവാക്യവും പഠിക്കുക.

**മനഃപാഠവാക്യം:** "സഹോദരന്മാരേ, ബുദ്ധിയിൽ കുഞ്ഞുങ്ങൾ ആകരുത്; തിന്മയ്ക്ക് ശിശുക്കൾ ആയിരിപ്പിൻ, ബുദ്ധിയിലോ മുതിർന്നവർ ആയിരിപ്പിൻ" (1 കൊരി. 14:20).

## ആമുഖം

വി. കുർബ്ബാനയുടെ പരസ്യമായ ഭാഗം ആരംഭിക്കുന്നത് വചനശുശ്രൂഷയോടെയാണ്. ഈ ഭാഗത്ത് മൂന്നു വായനകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ വായനകളെക്കുറിച്ച് നമുക്ക് പഠിക്കാം.

## പാഠഭാഗം

വടക്കുവശത്തുള്ള വായനയിൽ അപ്പോസ്തോലപ്രവൃത്തികൾ, പത്രോസിന്റെയും യോഹന്നാന്റെയും യാക്കോബിന്റെയും ലേഖനങ്ങൾ എന്നിവയിൽനിന്നാണ് വായിക്കുന്നത്. തെക്കുവശത്ത് പൗലോസ് ശ്ലീഹായുടെ 14 ലേഖനങ്ങളിൽനിന്നും വായിക്കും. യേശുക്രിസ്തുവിനെക്കുറിച്ചുള്ള അപ്പോസ്തോലിക പഠിപ്പിക്കലാണ് ഈ പുസ്തകങ്ങൾ പ്രതിപാദിക്കുന്നത്. ഈ വായനകൾ ഉൾപ്പെടുത്തിയിരിക്കുന്നതിന് പ്രസക്തമായ മൂന്നു പ്രാധാന്യങ്ങളുണ്ട്.

1. പഴയനിയമത്തിന്റെ പശ്ചാത്തലത്തിലും അടിസ്ഥാനത്തിലുമാണ് യേശു ദൈവ പുത്രനാകുന്നു എന്ന് അപ്പോസ്തോലന്മാർ വ്യാഖ്യാനിച്ചതും പഠിപ്പിച്ചതും.
2. അപ്പോസ്തോലിക സഭയുടെ പഠിപ്പിക്കലുകളും ആരാധനാ രീതികളും ഈ പുസ്തകങ്ങളിലൂടെ നാം മനസ്സിലാക്കുന്നു.
3. സഭ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും ശ്ലീഹന്മാർ നൽകിയ സാന്മാർഗ്ഗിക ഉപദേശങ്ങളും ഈ പുസ്തകങ്ങളിലൂടെ നമുക്കു ലഭിക്കുന്നു.

രണ്ടു ശ്ലീഹാവായനകൾ ഉണ്ട് എന്നു നാം കണ്ടുവല്ലോ. വടക്കുവശത്തു വായിക്കുന്നത് അപ്പോസ്തോലപ്രവൃത്തികളിൽനിന്നോ പൊതുവിനുള്ള ലേഖനങ്ങളിൽനിന്നോ ആയിരിക്കും എന്നതുകൊണ്ട് ഏതു ഭാഗത്തുനിന്നാണ് വായിക്കുന്നത് എന്ന് ശുശ്രൂഷകൻ പറയുന്നതു ശ്രദ്ധിച്ചിട്ടുവേണം പ്രതിവാക്യം പറയേണ്ടത്.

"പരിശുദ്ധ ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകത്തിൽനിന്നും ഹാബീബായ് ബാറെക്മോർ" എന്നാണ് ശുശ്രൂഷകൻ ആമുഖമായി പറയുന്നത്, എങ്കിൽ പ്രതിവാക്യം താഴെ പറയുന്നതായിരിക്കണം. ശ്ലീഹന്മാരുടെ നടപ്പുകൾ എന്നാൽ അപ്പോസ്തോല പ്രവൃത്തികൾ എന്നാണല്ലോ അർത്ഥം.

**'ശ്ലീഹന്മാരുടെ ഉടയവനു സ്തുതിയും നമ്മുടെമേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.'**

എന്നാൽ "പരിശുദ്ധനായ.... ശ്ലീഹായുടെ പൊതു ലേഖനത്തിൽനിന്നും ഹാബീബായ് ബാറെക്മോർ" എന്നാണു ശുശ്രൂഷകൻ പറയുന്നത് എങ്കിൽ പ്രതിവാക്യം താഴെ കൊടുത്തിരിക്കുന്നതായിരിക്കണം.

**'ശ്ലീഹായുടെ ഉടയവനു സ്തുതിയും നമ്മുടെമേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.'**

മദ്ബഹായുടെ തെക്കുവശത്തു വായിക്കുന്നത് എപ്പോഴും പൗലോസിന്റെ ലേഖനത്തിൽനിന്നും ആയിരിക്കും. അതുകൊണ്ട് "പരിശുദ്ധനായ പൗലോസ് ശ്ലീഹാ..........ക്കു എഴുതിയ ലേഖനത്തിൽനിന്നും ആഹായ് ബാറെക്മോർ" എന്നാണ് ശുശ്രൂഷക്കാരൻ ആമുഖമായി പറയുന്നത്. ഇതിന്റെ പ്രതിവാക്യം താഴെ പറയുന്നതാണ്.

**'ശ്ലീഹായുടെ ഉടയവനു സ്തുതിയും...... ഉണ്ടായിരിക്കട്ടെ.'**

ഹാബീബായ് = എന്റെ വാത്സല്യമുള്ളവരേ

ആഹായ് = എന്റെ സഹോദരരേ

ഇന്നു പഠിച്ച പ്രതിവാക്യങ്ങളും തുടർന്നുള്ള പ്രാർത്ഥനകളും ഏകാഗ്രതയോടെ ചൊല്ലുവാൻ എല്ലാവരും എപ്പോഴും ശ്രദ്ധിക്കണം. വി. കുർബ്ബാനയിലെ കൂടുതൽ ഭാഗങ്ങൾ വിശദമായി നമുക്ക് പിന്നീട് പഠിക്കാം.

## പ്രാർത്ഥന

*കർത്താവേ, വി. കുർബ്ബാനയുടെ തുടക്കം മുതൽ അവസാനംവരെ ശ്രദ്ധയോടെ സംബന്ധിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ.*

## നിശ്ചയം

**ശ്ലീഹാവായനസമയത്തും വി. കുർബ്ബാനയുടെ തുടർന്നുള്ള ഭാഗങ്ങളിലും വളരെ ശ്രദ്ധയോടെ സംബന്ധിക്കും.**

## പ്രവർത്തനങ്ങൾ

ശുശ്രൂഷക്കാരൻ വി. പൗലോസിന്റെ ലേഖനങ്ങൾ വായിക്കുമ്പോൾ 'എന്റെ സഹോദരങ്ങളേ' (ആഹായ്) എന്നാണല്ലോ സംബോധന ചെയ്യുന്നത്. കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം വായിച്ച് പൗലോസ് ശ്ലീഹാ 'സഹോദരങ്ങളേ' എന്നു സംബോധന ചെയ്യുന്ന പത്തു വാക്യങ്ങൾ കണ്ടുപിടിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | സങ്കീ. 104:1-9 |
| തിങ്കൾ | റോമർ 10:11-13 | സങ്കീ. 104:10-15 |
| ചൊവ്വ | റോമർ 12:9-16 | സങ്കീ. 104:15-23 |
| ബുധൻ | റോമർ 15:7-13 | സങ്കീ. 104:24-30 |
| വ്യാഴം | യോഹന്നാൻ 15:11-17 | സങ്കീ. 104:31-35 |
| വെള്ളി | ലൂക്കോസ് 23:40-43 | സങ്കീ. 105:1-6 |
| ശനി | മർക്കോസ് 11:22-26 | * |

പാഠം 13

# പ്രാർത്ഥന

## പ്രഭാതസ്തുതിപ്പ്

**പാഠനോദ്ദേശ്യം:** 'കർത്താവിനെ സ്തോത്രം ചെയ്യുന്നതും' എന്നാരംഭിക്കുന്ന പ്രഭാത സ്തുതിപ്പ് പഠിക്കുക.

**മനഃപാഠവാക്യം:** "ദൈവമേ നീ എന്റെ ദൈവം. അതികാലത്ത് ഞാൻ നിന്നെ അന്വേഷിക്കും" (സങ്കീ. 63:1).

### ആമുഖം

പ്രഭാതനമസ്കാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രഭാതസ്തുതിപ്പാണ് കർത്താവിനെ സ്തോത്രം ചെയ്യുവാനും എന്നു തുടങ്ങുന്ന പ്രാർത്ഥന. പഴയ പുസ്തകങ്ങളിൽ 'കർത്താവിനെ കൊണ്ടാടുവാനും' എന്ന പദപ്രയോഗമാണ് കാണുന്നത്. പള്ളിയിലെ ഞായറാഴ്ച നമസ്ക്കാരത്തിൽ ഇതു സാധാരണ ഉപയോഗിക്കാറില്ല എങ്കിലും, ദുഃഖവെള്ളിയിലെ പ്രഭാതനമസ്കാരത്തിൽ ഈ പ്രാർത്ഥന ഉൾപ്പെടുത്തിയിട്ടുണ്ട്. 92-ാം സങ്കീർത്തനം 1 മുതൽ 3 വരെയുള്ള വാക്യങ്ങൾ വായിക്കുക. ഇന്നു നാം പഠിക്കുന്ന പ്രാർത്ഥനയുടെ തുടക്കവും ഈ വാക്യങ്ങളും തമ്മിൽ വളരെ സാമ്യമുണ്ട്.

### പാഠഭാഗം

**കർത്താവിനെ സ്തോത്രം ചെയ്യുന്നതും അത്യുന്നതനായ തന്റെ നാമത്തെ കീർത്തിച്ചു പാടുന്നതും, പ്രഭാതകാലത്ത് തന്റെ കൃപയും രാത്രികാലത്ത് തന്റെ വിശ്വാസവും അറിയിക്കുന്നതും എത്രയും നല്ലതാകുന്നു.**

തിരക്കാർന്ന ദിനകൃത്യങ്ങളിൽ വ്യാപൃതരാകുന്നതിനു മുമ്പ് പ്രഭാതത്തിൽ കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിന് സ്തുതി അർപ്പിക്കുവാനുള്ള ഒരു സ്തോത്രഗീതമാണ് ഇത്. പ്രഭാതത്തിൽ ദൈവത്തിന്റെ കൃപകളേയും, കരുതലിനേയും ഓർത്ത് ദൈവത്തെ സ്തുതിച്ചു പാടുന്നത് എത്രയും നല്ലതാണ് എന്നാണ് സങ്കീർത്തനക്കാരനെപ്പോലെ നാമും പ്രാർത്ഥിക്കുന്നത്. തുടർന്നുള്ള ഭാഗങ്ങളിലും സങ്കീർത്തനത്തിന്റെ സ്വാധീനം കാണാം.

**കർത്താവേ, പ്രഭാതസമയത്ത് എന്റെ ശബ്ദം കേൾക്കണമേ. പ്രഭാതസമയത്ത് ഞാൻ ഒരുങ്ങി നിനക്ക് കാണപ്പെടുമാറാകണമേ.**

5-ാം സങ്കീർത്തനത്തിന്റെ 3-ാം വാക്യവുമായി ഈ വാചകങ്ങൾക്ക് സാമ്യമുണ്ട്. പ്രഭാത ആരാധനയ്ക്കായി ഒരുങ്ങിയിരിക്കുവാൻ സഹായിക്കണമേ എന്ന പ്രാർത്ഥന ഇന്നത്തെ കാലത്ത് വളരെ പ്രസക്തമാണ്. പ്രഭാതപ്രാർത്ഥനയിൽ ഉദാസീനത കാണിക്കുന്നവർക്കു വേണ്ടിയുള്ള ഒരു സൂചനകൂടിയാണ് ഈ പ്രാർത്ഥന.

**കർത്താവേ, നിന്റെ ജനത്തോടു കരുണ ചെയ്യണമേ. കർത്താവേ, ഞങ്ങളുടെ എല്ലാവരുടേയും പാപങ്ങൾ പരിഹരിച്ചു മോചിപ്പിക്കണമേ.**

**പരിശുദ്ധനായുള്ളോവേ, നിന്റെ വലതു തൃക്കൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗങ്ങളെ സൗഖ്യമാക്കണമേ.**

പാപമോചനത്തിനായുള്ള പ്രാർത്ഥനയും, പാപമാകുന്ന രോഗത്തിൽനിന്നുമുള്ള സൗഖ്യത്തിനുവേണ്ടിയുള്ള പ്രാർത്ഥനയുമാണിവിടെ. പാപം അതിൽതന്നെ ഒരു രോഗമാണ്. പാപം മൂലമുള്ള രോഗങ്ങളിൽനിന്നും സൗഖ്യം തരണമേ എന്നും ധ്യാനിക്കാം.

ഓർത്തഡോക്സ് പാരമ്പര്യത്തിൽ വ്യക്തിപരമായ പ്രാർത്ഥനകളേക്കാൾ സാമൂഹ്യമായ ആവശ്യങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്. കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയിലും അതേ രീതിതന്നെയാണ് പഠിപ്പിച്ചത്. 'കർത്താവേ നിന്റെ ജനത്തോടു കരുണ ചെയ്യണമേ' എന്നാണ് ഇവിടെ നാം പ്രാർത്ഥിക്കുന്നത്. ആവശ്യങ്ങൾ ഉന്നയിക്കുന്നിടത്തെല്ലാം 'ഞങ്ങൾ' എന്ന പ്രയോഗമാണ് ഉപയോഗിച്ചിരിക്കുന്നത് എന്നത് ശ്രദ്ധിക്കുക.

## പ്രവർത്തനങ്ങൾ

1. ഈ പ്രാർത്ഥന നമുക്കൊരുമിച്ചു ചൊല്ലാം.
2. 5-ാം സങ്കീർത്തനവും 92-ാം സങ്കീർത്തനവും ധ്യാനപൂർവ്വം വായിക്കുക.
3. സ്വന്ത ആവശ്യങ്ങൾക്കുവേണ്ടി മാത്രം പ്രാർത്ഥിക്കാത്ത സ്വഭാവം വളർത്തിയെടുക്കണം. അതിനുവേണ്ടി പ്രതിജ്ഞ ചെയ്യാം.

## നമുക്കു പാടാം

കണ്ണുകൾ നിങ്കലുറപ്പിച്ചെൻ
ദിനകൃത്യങ്ങൾ തുടങ്ങുന്നേ
വീഴാതെന്നെ നയിക്കണമേ
വിജയാനുഗ്രഹമേകണമേ

## പ്രാർത്ഥന

*കർത്താവേ, എന്നും പ്രഭാതത്തിൽ കുടുംബമായി അങ്ങയെ ആരാധിക്കുവാനുള്ള മനസ്സും ഉത്സാഹവും ഞങ്ങൾക്കു നൽകണമേ. ആമ്മീൻ.*

## നിശ്ചയം

**കർത്താവിനെ സ്തോത്രം ചെയ്യുന്നത്
ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കും.**

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | സങ്കീ. 118:1-9 |
| തിങ്കൾ | മത്തായി 6:5-8 | സങ്കീ. 118:10-14 |
| ചൊവ്വ | സങ്കീ. 126:1-8 | സങ്കീ. 118:15-19 |
| ബുധൻ | സങ്കീ. 130:1-8 | സങ്കീ. 118:20-25 |
| വ്യാഴം | സങ്കീ. 131:1-3 | സങ്കീ. 118:26-29 |
| വെള്ളി | സങ്കീ. 138:1-4 | സങ്കീ. 118:33-40 |
| ശനി | സങ്കീ. 138:5-8 | * |

യൂണിറ്റ് 3

# ആരാധനാഗീതങ്ങൾ

പാഠം 14

## ശ്ലീഹാവായനയ്ക്കു മുമ്പുള്ള ഗീതങ്ങൾ

**പഠനോദ്ദേശ്യം:** ഭൂവിലശേഷം എന്നു തുടങ്ങുന്ന ഗീതവും പൗലോസ് ശ്ലീഹാ, ധന്യൻ ചൊൽ എന്നു തുടങ്ങുന്ന ഗീതവും അർത്ഥം മനസ്സിലാക്കി പഠിക്കുക.

**മനഃപാഠവാക്യം:** "നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിനു വിപരീതമായി ആരെങ്കിലും നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ" (ഗലാത്യർ 1:9).

### ആമുഖം

വി. കുർബാനയോടനുബന്ധിച്ച് എപ്പോഴൊക്കെയാണ് വി. വേദപുസ്തകം വായിക്കുന്നത്? പ്രഭാതനമസ്കാരം കഴിഞ്ഞ് വി. കുർബ്ബാനയ്ക്ക് മുമ്പായി ശുശ്രൂഷക്കാരൻ നമസ്കാരമേശയ്ക്കരികെ നിന്നു വായിക്കുന്നത് വി. വേദപുസ്തകത്തിലെ ഏതു ഭാഗത്തുനിന്നുമാണെന്നു പറയാമോ? പഴയനിയമത്തിൽനിന്നുമാണ് അപ്പോൾ വായിക്കുന്നത്. പഴമവായന എന്നാണതിനു പറയുന്നത്. വി. കുർബ്ബാന ആരംഭിച്ചുകഴിഞ്ഞ് വി. വേദപുസ്തകം വായിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചുകേൾക്കാറുണ്ടോ? ഏതൊക്കെയാണ് ആ വായനകൾ? ശുശ്രൂഷക്കാരൻ മദ്ബഹായുടെ വടക്കുവശത്തുനിന്നുകൊണ്ട് ഒരുഭാഗം വായിക്കും. തെക്കുവശത്തുനിന്നുകൊണ്ട് മറ്റൊരു ഭാഗവും.

മദ്ബഹായുടെ വടക്കുവശത്തു വായിക്കുന്നത് അപ്പോസ്തോല പ്രവൃത്തികളിൽനിന്നോ വെളിപ്പാടു പുസ്തകത്തിന്റെ ആദ്യ അദ്ധ്യായങ്ങളിൽനിന്നോ പൊതുവിൽ എഴുതിയ ലേഖനങ്ങളിൽനിന്നോ ആയിരിക്കും. തെക്കുവശത്തുള്ള വായന എപ്പോഴും പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽനിന്നുമായിരിക്കും. ഈ രണ്ടു വായനകൾക്കും മുമ്പ് ഓരോ ഗീതം പാടിക്കൊണ്ടാണ് വി. വേദപുസ്തകവായന കേൾക്കുന്നതിന് ജനങ്ങളെ ഒരുക്കുന്നത്. ഏതൊക്കെയാണ് ആ ഗീതങ്ങൾ എന്നു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ആ രണ്ടു ഗീതങ്ങളും നമുക്കിന്നു പഠിക്കാം.

### പാഠഭാഗം

വി. വേദപുസ്തകത്തിന് വളരെ പ്രാധാന്യം നല്കുന്ന സഭയാണ് ഓർത്തഡോക്സ് സഭ. വി. വേദപുസ്തകം വായിക്കാതെ നമുക്ക് ഒരു ശുശ്രൂഷയുമില്ല. അനുതാപത്തിന്റെ പ്രാർത്ഥനയായ 51-ാം സങ്കീർത്തനം വി. കുർബ്ബാനയോടനുബന്ധിച്ച് എത്ര വേദവായനകൾ ആണ് ക്രമീകരിച്ചിരിക്കുന്നത്? പഴയനിയമത്തിൽനിന്നു രണ്ടോ മൂന്നോ ഭാഗങ്ങളും മദ്ബഹായുടെ രണ്ടു വശങ്ങളിലുമായി രണ്ടു ഭാഗങ്ങളും, ഒരു സുവിശേഷഭാഗവും വി. കുർബ്ബാനയുടെ തുടക്കത്തിൽ തന്നെ വായിക്കുവാനാണ് ക്രമീകരണം. വി. കുർബ്ബാന പരസ്യമായി ആരംഭിച്ചശേഷം ത്രൈശുദ്ധകീർത്തനത്തിനുശേഷം ശുശ്രൂഷകൻ വടക്കുവശത്തു നിന്നുകൊണ്ട് വി. വേദപുസ്തകം വായിക്കുന്നതിനു മുമ്പായി പാടുന്ന ഗീതമാണ് ആദ്യം നാം പഠിക്കുന്നത്.

ഭൂവിലശേ-ഷം
ദൈവത്താൽ പ്രേരിതരായ ശ്ലീഹ-ന്മാർ പോയ്
ജാതികളിടയിൽ
ഭൂതലസീമയതോളം നല്ലേവൻ-ഗേല്യോൻ
കൈക്കൊൾവോർ-ക്കൊക്കെയെഴും
ഭാഗ്യമിതെ-ന്നറിയിച്ചു;
സ്വർഗ്ഗമഹാ-രാജ്യം

വടക്കുവശത്തു വായിക്കുന്ന വേദഭാഗം ഏതെല്ലാം പുസ്തകങ്ങളിൽനിന്നുമാണ്? കർത്താവിന്റെ ശിഷ്യന്മാരും പൗലോസ് ശ്ലീഹായും ലോകത്തിന്റെ നാനാഭാഗത്തും പോയി സുവിശേഷം അറിയിച്ചതിന്റെ വിവരണമാണ് നമുക്ക് ഈ പുസ്തകങ്ങളിൽനിന്നും ലഭിക്കുന്നത്. കർത്താവിന്റെ സുവിശേഷം സ്വീകരിക്കുന്നവർക്ക് ലഭിക്കുന്ന ദൈവരാജ്യത്തെക്കുറിച്ചാണ് അവർ പ്രസംഗിച്ചത്. നാമും ആ ഉറപ്പോടെ വേണം വായനാഭാഗം ശ്രദ്ധിക്കേണ്ടത് എന്ന ആഹ്വാനമാണ് ഈ പാട്ടിൽ നിലനിൽക്കുന്നത്.

ദൈവാത്മാവിനാൽ പ്രചോദിതരായ വി. ശ്ലീഹന്മാർ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും, എല്ലാ ജാതികളുടെ ഇടയിലും സുവിശേഷം അറിയിച്ചു. ക്രിസ്തുവിനെക്കുറിച്ചുള്ള ഈ സുവിശേഷം സ്വീകരിക്കുന്നവർക്ക് ലഭിക്കുന്ന മഹാഭാഗ്യമാണ് സ്വർഗ്ഗരാജ്യം എന്ന് അവർ പ്രസംഗിച്ചു. ഈ പാട്ടിനെ തുടർന്നാണ് വേദവായന. ദൈവരാജ്യത്തിന് അവകാശികളായിത്തീരുവാൻ നോക്കിയിരിക്കുന്ന നാമും ശ്രദ്ധയോടെ വേദവായന ശ്രവിക്കണം എന്ന ആഹ്വാനമാണ് ഈ പാട്ടിൽക്കൂടി നല്കുന്നത്.

അടുത്ത ഗീതം, തെക്കുവശത്തെ വായനയ്ക്കു മുമ്പായി പാടുന്നതാണ്. തെക്കുവശത്ത് വായിക്കുന്ന ലേഖനങ്ങൾ ആരുടേതാണ്? ആദ്യം യഹൂദന്മാരോടു സുവിശേഷം അറിയിച്ചു എന്നതുകൊണ്ടാണ് ജാതികളുടെ അപ്പോസ്തോലനായ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ രണ്ടാമതു വായിക്കുന്നത്. ഈ വായനയ്ക്കുമുമ്പായി പാടുന്ന പാട്ടാണ് ഇനിയും പഠിക്കുന്നത്.

പൗ-ലോസ് ശ്ലീഹാ-
ധന്യൻചൊൽ കേട്ടേൻ-ഇതേ-വം:
നിങ്ങളെ ഞങ്ങൾ അറിയിച്ചതിനെതിരായ്
വേറൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ-ശാപം
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചുപരക്കുന്നു
ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ

ഗലാത്യലേഖനം 1-ാം അധ്യായം 8-ാം വാക്യത്തിലെ ആശയമാണ് ഇവിടെ ഗീതമായി ചൊല്ലുന്നത്. ധന്യനായ പൗലോസ് ശ്ലീഹാ ഇപ്രകാരം പറഞ്ഞിരിക്കുന്നതു ഞാൻ കേട്ടിരിക്കുന്നു എന്ന ആമുഖത്തോടെയാണ് ഗീതം തുടങ്ങുന്നത്. ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി ആരെങ്കിലും സ്വർഗ്ഗത്തിൽനിന്നും ഒരു ദൂതനായാൽപോലും, അറിയിച്ചാൽ അവൻ സഭയുടെ ശാപത്തിന് അർഹനാകും. ഭൂമിയിൽ പലതരം ഉപദേശങ്ങൾ ഉണ്ടാകുകയും പ്രചരിക്കുകയും ചെയ്യും. ദൈവത്തിൽനിന്നുള്ള പ്രബോധനത്തിൽ ആദ്യന്തം ഉറച്ചുനില്ക്കുന്നവനാണ് ഭാഗ്യവാൻ.

സഭ പഠിപ്പിക്കുന്നതാണ് ശരിയായ ഉപദേശം. ചില വ്യക്തികൾ തെറ്റായി വ്യാഖ്യാനിക്കുന്നു എന്നുകൂടി ഈ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. സഭ പഠിപ്പിക്കുന്നതിനെതിരായി പഠിപ്പിക്കലുമായി ഒരു ദൈവദൂതൻ വന്നാലും ചെവിക്കൊള്ളരുത് എന്നാണ് ഈ പാട്ടിലൂടെ സഭ ഓർമ്മിപ്പിക്കുന്നത്. വളരെയധികം വ്യക്തികളും സമൂഹങ്ങളും സഭയുടെ വിശ്വാസങ്ങൾക്കെതിരായി പഠിപ്പിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഈ ഗീതം വളരെ പ്രസക്തമാണ്.

## പ്രാർത്ഥന

*കർത്താവേ, നിന്റെ ശ്ലീഹന്മാർ പഠിപ്പിച്ചതിനെ മനസ്സിലാക്കുവാനും അതിനനുസരണമായി ജീവിക്കുവാനും ഞങ്ങൾക്കു മനസ്സുനൽകണമേ. ആമ്മീൻ.*

## നിശ്ചയം

**ദൈവാത്മാവിൽ പ്രേരിതരായി ശ്ലീഹന്മാർ അറിയിച്ചിട്ടുള്ളതിന് വിരോധമായി ഞങ്ങൾ ഒന്നും ചെയ്യുകയില്ല.**

## പ്രവർത്തനം

1. ഗലാത്യലേഖനം 1:8 വായിക്കുക.
2. ഭൂവിലശേഷം = ഭൂവിൽ+അശേഷം

   നല്ലേവൻഗേലിയോൻ = നല്ല+ഏവൻഗേലിയോൻ

   എഴും = ഉണ്ടാകും

   കേട്ടേനിതേവം = കേട്ടേൻ+ഇത്+ഏവം

   ഈ വാക്കുകൾ ശ്രദ്ധിച്ച് മനസ്സിലാക്കുക.
3. അടുത്ത അഞ്ച് ആഴ്ച വടക്കുവശത്തു വായിക്കുന്ന ഭാഗങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക.
4. വടക്കുവശത്ത് ലേഖനങ്ങൾ വായിക്കുന്നതിനു മുമ്പ് ശുശ്രൂഷക്കാരൻ പറയുന്ന ഭാഗത്തിലും, ജനങ്ങൾ പറയുന്ന പ്രതിവാക്യത്തിലും വരുത്തുന്ന മാറ്റങ്ങൾ ശ്രദ്ധിക്കുക.
5. സഭയുടെ ഉപദേശത്തിനു വിപരീതമായ ഉപദേശവുമായി ആരെങ്കിലും നിങ്ങളുടെ ഭവനത്തിൽ വന്നാൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | യോഹന്നാൻ 6:25-31 |
| തിങ്കൾ | സങ്കീ. 63:1-2 | യോഹന്നാൻ 16:32-40 |
| ചൊവ്വ | സങ്കീ. 63:3-4 | യോഹന്നാൻ 1:1-9 |
| ബുധൻ | സങ്കീ. 63:5-6 | യോഹന്നാൻ 1:10-14 |
| വ്യാഴം | സങ്കീ. 63:7-8 | ലൂക്കോസ് 1:46-50 |
| വെള്ളി | സങ്കീ. 63:9-10 | ലൂക്കോസ് 1:51-53 |
| ശനി | സങ്കീ. 63:11 | * |

പാഠം 15

# ഏവൻഗേലിയോനു ശേഷമുള്ള ഗീതങ്ങൾ

**പാഠോദ്ദേശ്യം:** വി. കുർബ്ബാനയിൽ ഏവൻഗേലിയോൻ വായനയ്ക്കുശേഷം പാടുന്ന ഗീതങ്ങൾ പഠിക്കുക.

**മനഃപാഠവാക്യം:** "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും." (വി. യോഹന്നാൻ 6:54).

## ആമുഖം

വി. ഏവൻഗേലിയോൻ വായനയ്ക്കുശേഷം എല്ലാവരും ഒരുമിച്ച് ഒരു ഗീതം പാടിയിട്ടാണ് പട്ടക്കാരൻ പ്രുമിയോൻ വായന ആരംഭിക്കുന്നത്. വി. കുർബ്ബാനക്രമത്തിൽ അധികം പാട്ടുകൾ ഈ സമയം പാടുവാനായി കൊടുത്തിട്ടുണ്ട്. വി. കുർബ്ബാനയിൽ ഏവൻഗേലിയോൻ വായിക്കുന്നത് ആരാണ്? എപ്പോഴും പുരോഹിതനായിരിക്കും ഏവൻഗേലിയോൻ വായിക്കുന്നത്. 'ഏവൻഗേലിയോൻ' എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം 'സുവിശേഷം' എന്നാണ്. സുവിശേഷവായനയ്ക്കുശേഷം വി. കുർബ്ബാനയിൽ പാടുന്ന ഏതെങ്കിലും ഗീതം ഓർമ്മയുണ്ടോ? ഈ സമയം പാടുന്ന മറ്റു രണ്ടു ഗീതങ്ങളാണ് 'കർത്താവരുളിച്ചെയ്തു ഞാൻ ജീവന്റെ അപ്പം' എന്നു തുടങ്ങുന്ന ഗീതവും, 'നിബിയന്മാരും ജാതികളോടേവൻഗേല്യോൻ' എന്നു തുടങ്ങുന്ന ഗീതവും. ഈ ഗീതങ്ങൾ അവയുടെ അർത്ഥം മനസ്സിലാക്കി നമുക്കു ഇന്നു പഠിക്കാം.

## പാഠഭാഗം

നിബി-യന്മാരും-ജാതികളോടേവൻഗേ-ല്യോൻ
അറിയിച്ച-ശ്ലീഹന്മാരും
നയവാന്മാർ പുണ്യപ്പെട്ടോർ
സഹദേന്മാർ മൗദ്യാനന്മാർ
ദൈവത്തിൻ മാതാ താനും
നല്ല മരിച്ചോർകളുമോർക്ക-
പ്പെട്ടീടുന്നിങ്ങവരുടെയാ
പ്രാർത്ഥന ഞങ്ങൾക്കെപ്പോഴും
കോട്ടയതായിത്തീരേണം

എല്ലാ ശ്രേഷ്ഠരായ വാങ്ങിപ്പോയവരേയും ഓർത്ത് അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്ന ഒരു ഗീതമാണിത്. നിബിയന്മാർ അഥവാ പ്രവാചകന്മാർ, ലോകമെങ്ങും സുവിശേഷം അറിയിച്ച ശ്ലീഹന്മാർ, നീതിമാന്മാരും പുണ്യവാന്മാരും, സഹദേന്മാർ, അറി

യിപ്പുകാർ, ദൈവമാതാവ് മുതലായി വാങ്ങിപ്പോയ എല്ലാ വിശുദ്ധരെയും ഈ ആരാധനയിൽ നാം ഓർക്കുന്നു. അവരുടെ പ്രാർത്ഥന നമുക്കെപ്പോഴും കോട്ടയായിരിക്കട്ടെ. ഇതാണ് ഈ ഗീതത്തിന്റെ അർത്ഥം. നമ്മുടെ ആരാധനകളിൽ ജീവിച്ചിരിക്കുന്നവരും വാങ്ങിപ്പോയവരും ഒരുമിച്ചാണു സംബന്ധിക്കുന്നത്. വാങ്ങിപ്പോയവരെ ഓർക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും അവരുടെ പ്രാർത്ഥനയിൽ ശരണപ്പെടുകയും ചെയ്യുക എന്നത് ഓർത്തഡോക്സ് ആരാധനയുടെ മുഖമുദ്രയാണ്.

കർത്താവരുളിച്ചെയ്തു, ഞാൻ ജീവന്റെ അ-പ്പം
ലോകത്തെ പോഷിപ്പിപ്പാൻ മേലീന്നും വ-ന്നു

താതനയച്ചു-വചനമാമെന്നെ
കർഷകനെപ്പോൽ - ഗബ്രിയേൽ വിതച്ചു

നല്ല നിലം തുല്യം മറിയാം - കൈക്കൊണ്ടാളുദരേ
ദൂതസമാനം ത്രോണോസിൽ - പട്ടക്കാർ കൈയിൽ

ഹാലേലുയ്യാ - ഘോഷിച്ചീടുന്നു

യോഹന്നാന്റെ സുവിശേഷം 6:51 അടിസ്ഥാനമാക്കിയാണ് ഈ ഗീതം ആരംഭിക്കുന്നത്. “സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു.” പാട്ടിന്റെ ആദ്യ രണ്ടുവരികൾ ഈ വാക്യത്തിന്റെ ഉദ്ധരണിയാണ്. തുടർന്നുള്ള ഭാഗങ്ങൾ കർത്താവു പല അവസരങ്ങളിൽ പറഞ്ഞിട്ടുള്ള ആശയങ്ങൾ കോർത്തിണക്കിക്കൊണ്ടാണ് രചിച്ചിരിക്കുന്നത്. കർത്താവുതന്നെ പറയുന്നതായിട്ടാണ് ഇതു ചിത്രീകരിച്ചിരിക്കുന്നത്. വചനമായ എന്നെ (യോഹന്നാൻ 1:1) ലോകത്തെ രക്ഷിപ്പാൻ പിതാവ് അയച്ചതാണ്. ഒരു കർഷകൻ എന്നപോലെ ഈ വചനം ഭൂമിയിൽ വിതച്ചത് ഗബ്രിയേൽ മാലാഖയാണ് (ലൂക്കോസ് 1:30). നല്ല നിലം വിത്തു സ്വീകരിക്കുന്നതുപോലെ, പരിശുദ്ധയായ കന്യകമറിയാമിന്റെ ഉദരം വചനമാകുന്ന വിത്തിനെ മാലാഖയിൽനിന്നും സ്വീകരിച്ചു (ലൂക്കോസ് 1:38). ദൂതന്മാർ സ്വർഗ്ഗത്തിൽ സ്തുതിക്കുന്നതുപോലെ ഇപ്പോൾ ത്രോണോസിൽ പട്ടക്കാരുടെ കൈകളിൽ ഞാൻ ആഘോഷിക്കപ്പെടുന്നു. കർത്താവിന്റെ ശരീരവും രക്തവുമാകുന്ന വി. കുർബ്ബാന പട്ടക്കാരൻ കൈകളിലെടുത്ത് ആഘോഷിക്കുന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത്.

ചില കുർബ്ബാനക്രമങ്ങളിൽ ഈ പാട്ടിന്റെ ചില വരികളിൽ വ്യത്യാസമുണ്ട്. എന്നാൽ അർത്ഥത്തിൽ അടിസ്ഥാനപരമായി വ്യത്യാസമില്ല. വി. കുർബ്ബാനയുടെ പ്രാധാന്യവും വി. കന്യകമറിയാമിന്റെ ശ്രേഷ്ഠതയും കർത്താവിന്റെ മനുഷ്യാവതാര ലക്ഷ്യവും വ്യക്തമാക്കുന്ന ഒരു ഗീതമാണിത്. ഇതിന്റെ അർത്ഥം മനസ്സിലാക്കി ധ്യാനപൂർവ്വം ചൊല്ലി ശീലിക്കണം.

**പ്രാർത്ഥന**

*കർത്താവേ, ഞങ്ങളുടെ എല്ലാ പ്രാർത്ഥനകളിലും ദൈവമാതാവ്, പ്രവാചകന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ മുതലായ എല്ലാ വിശുദ്ധരായ വാങ്ങിപ്പോയവരുടെയും സ്മരണ ഉണ്ടാകുവാൻ സഹായിക്കണമേ. ആമ്മീൻ.*

## നിശ്ചയം

**ജീവന്റെ അപ്പമായ വി. കുർബ്ബാന സ്വീകരിച്ച് ഞങ്ങൾ വളരും.**

## പ്രവർത്തനങ്ങൾ

1. ഏവൻഗേലിയോനുശേഷം പാടുന്ന മറ്റു ഗീതങ്ങളുടെ അർത്ഥം മനസ്സിലാക്കുക.
2. പാഠത്തിൽ കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ വായിക്കുക.
3. "കർത്താവരുളിചെയ്തു ഞാൻ...." എന്ന മേൽ ഉദ്ധരിച്ച ഗീതത്തിൽനിന്നും ചെറിയ വ്യത്യാസമുള്ള ഗീതം കണ്ടുപിടിച്ചിട്ട് 'വിതച്ചു' എന്നതിനുപകരം അവിടെ ഉപയോഗിക്കുന്ന വാക്കു മനസ്സിലാക്കുക.

### തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | റോമർ 15:14-19 |
| തിങ്കൾ | എഫെ. 6:1-3 | അ. പ്ര. 9:15-18 |
| ചൊവ്വ | എഫെ. 6:4-6 | റോമർ 11:13-15 |
| ബുധൻ | എഫെ. 6:7-9 | റോമർ 11:16-18 |
| വ്യാഴം | എഫെ. 6:10-12 | റോമർ 11:19-21 |
| വെള്ളി | എഫെ. 6:13-15 | റോമർ 11:22-24 |
| ശനി | എഫെ. 6:16-18 | * |

## യൂണിറ്റ് 4

# എന്റെ സഭ

### പാഠം 16

## സഭ അപ്പോസ്തോലിക കാലത്ത്

**പാഠോദ്ദേശ്യം:** സഭയുടെ ഉത്ഭവം, പ്രവർത്തനശൈലി, മുതലായവ മനസ്സിലാക്കുക.

**മനഃപാഠം:** "അവർ അപ്പോസ്തോലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥനകഴിച്ചും പോന്നു" (അ. പ്ര. 2:42).

### ആമുഖം

ഈ ലോകത്തിൽ വിവിധ മതവിഭാഗങ്ങളുണ്ട്. നാമുൾപ്പെടുന്ന ക്രിസ്തുമതം ഉൾപ്പെടെ എത്രയെത്ര മതവിഭാഗങ്ങൾ നമുക്കു ചുറ്റുമുണ്ട്! ഇവയുടെ ആശയങ്ങളും പഠിപ്പിക്കലുകളുമെല്ലാം അതിന്റെ ഉത്ഭവത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഈ പാഠത്തിൽ ക്രിസ്തുമതത്തിന്റെ ആരംഭകാലത്തെക്കുറിച്ച് നമുക്ക് പഠിക്കാം.

### പാഠഭാഗം

അപ്പോസ്തോല പ്രവൃത്തികൾ രണ്ടാം അധ്യായം ആദ്യഭാഗമാണ് സഭയുടെ ആരംഭത്തെക്കുറിച്ച് നമുക്ക് അറിവ് നൽകുന്ന വേദഭാഗം. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം മർക്കോസിന്റെ മാളികയിൽ 'ഒരുമനപ്പെട്ട്' പ്രാർത്ഥിച്ചപ്പോൾ, അവരുടെ മേൽ പരിശുദ്ധാത്മാവ് 'അഗ്നിനാവ്' രൂപത്തിൽ വന്ന് അധിവസിച്ചു. അവിടെ കൂടിയിരുന്നവരെല്ലാം അന്യഭാഷകളിൽ സംസാരിച്ചു. അന്ന് പത്രോസ് ശ്ലീഹായുടെ പ്രസംഗാനന്തരം മൂവായിരത്തോളം ആളുകൾ സഭയിൽ ചേർന്നു. തുടർന്നുള്ള സഭയുടെ വളർച്ച വളരെ വേഗത്തിൽ ആയിരുന്നു. യഹൂദന്മാരുടെ ഇടയിലാണ് ആദ്യമായി സഭ പ്രചരിക്കുന്നത്. ശ്ലീഹന്മാരുടെ പഠിപ്പിക്കലുകളിലും ഉപദേശങ്ങളിലും ആകൃഷ്ടരായ അനേകം യഹൂദന്മാർ സഭയുടെ ഭാഗമായിത്തീർന്നു.

### അപ്പോസ്തോലിക സഭയുടെ പ്രത്യേകതകൾ

അപ്പോസ്തോലിക സഭയ്ക്ക് പ്രധാനമായും നാല് പ്രത്യേകതകളാണുള്ളത്.

1. അപ്പോസ്തോലന്മാരുടെ ഉപദേശം സ്വീകരിക്കുക, 2. കൂട്ടായ്മ ആചരിക്കുക.
3. അപ്പം നുറുക്കുക, 4. പ്രാർത്ഥിക്കുക

### അപ്പോസ്തോലികസഭയുടെ ആരാധനാശൈലി

ആദിമസഭയുടെ ആരാധനാശൈലികൾ യഹൂദ ആരാധനാരീതികളോട് സാമ്യമുള്ളതായിരുന്നു. യഹൂദാ സുന്നഗോഗുകളായിരുന്നു ആദിമ ക്രൈസ്തവ ആരാധനാകേന്ദ്രങ്ങൾ. തുടർന്ന് ഇത് വിശ്വാസികളുടെ ഭവനങ്ങളായി. ഇതാണ് പിന്നീട് 'വീട്ടിലെ

സഭകൾ' (House Churches) എന്നറിയപ്പെടുന്നത്. ആദിമസഭയിൽ പഴയനിയമം വിശുദ്ധ ലിഖിതങ്ങളായി കണക്കാക്കി വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. കൂടാതെ വരുവാനുള്ള മശിഹാ 'യേശുവാണെന്ന്' സാക്ഷിക്കുകയും ചെയ്തു.

## ശെമ്മാശ്ശന്മാരുടെ തെരഞ്ഞെടുപ്പ്

സഭയിൽ വിശ്വാസികളുടെ എണ്ണം കൂടുകയും അപ്പോസ്തോലന്മാരുടെ പ്രവർത്തനം വ്യാപകമാവുകയും ചെയ്തപ്പോൾ അനാഥരുടെയും വിധവമാരുടെയും ശുശ്രൂഷയ്ക്കായി ഏഴ് ശെമ്മാശ്ശന്മാരെ തെരഞ്ഞെടുത്തു. ഇവരിൽ പ്രമുഖനായിരുന്നു മാർ സ്തേഫാനോസ്.

## വി. പൗലോസിന്റെ ആഗമനം

സഭയുടെ വളർച്ചയും വികാസവും യഹൂദന്മാരിലും അവരുടെ പുരോഹിതന്മാരിലും അസൂയയും ദേഷ്യവും വർദ്ധിപ്പിച്ചു. ഇത് സഭയ്ക്കെതിരെ തിരിയുവാൻ അവരെ ഇടയാക്കി. ഇത്തരത്തിൽ സഭയെ പീഡിപ്പിച്ചവരിൽ പ്രമുഖനായ പരീശപ്രമാണി 'ശൗൽ' മാനസാന്തരപ്പെട്ട് സഭയോട് ചേർന്നത് ആദിമസഭയുടെ ചരിത്രത്തിലെ നാഴികക്കല്ലാണ് (അപ്പോ. പ്ര. 9, 22:6-21; 26:12-18; ഗലാ. 1:12-16). അന്ത്യോകൃയിൽ വെച്ച് ആദ്യമായി വിശ്വാസികൾക്ക് 'ക്രിസ്ത്യാനി' എന്ന് പേരുണ്ടായി (അപ്പോ. 11:26). പൗലോസായ ശൗൽ സഭയുടെ ഒരു വലിയ പ്രചാരകനായി മാറ്റപ്പെട്ടു.

## ശ്ലീഹന്മാരുടെ പ്രവർത്തനം

കർത്തൃശിഷ്യരായ ശ്ലീഹന്മാർ, സുവിശേഷഘോഷണാർത്ഥം വിവിധ ദേശങ്ങളിലേക്ക് യാത്രയായി. ചെന്നിടങ്ങളിലെല്ലാം 'ക്രിസ്തുവിനെ' തങ്ങളുടെ പ്രസംഗങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുവാൻ അവർക്കു കഴിഞ്ഞു. ഇത് ലോകത്തിൽ ക്രിസ്തുമതം പ്രചരിക്കുവാൻ ഇടയായിത്തീർന്നു. ഭാരതത്തിൽ മാർത്തോമ്മാ ശ്ലീഹായാണ് ക്രിസ്തുവിശ്വാസവുമായി എത്തിയത്. ക്രൈസ്തവസഭ പെന്തിക്കോസ്തിയിൽ ഉത്ഭവിച്ച് ശിഷ്യന്മാരുടെ പ്രവർത്തനഫലമായി ലോകത്തിൽ പ്രചരിക്കുകയും ലോകമതങ്ങളിൽ ഒന്നായി മാറ്റപ്പെടുകയും ചെയ്തിരിക്കുന്നു.

## നമുക്കു പ്രാർത്ഥിക്കാം

*കർത്താവേ, സഭാ ജീവിതമാർഗ്ഗം ഞങ്ങൾക്കു കാണിച്ചുതന്നതിന് ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. സത്യവിശ്വാസത്തിൽ ഉറച്ചുനില്ക്കാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ.*

## നിശ്ചയം

**സഭയുടെ പൗരാണികതയും പാരമ്പര്യവും ഞാൻ കാത്തുസൂക്ഷിക്കും.**

## നമുക്കു ചിന്തിക്കാം

1. ശെമ്മാശ്ശന്മാരുടെ ചുമതലകൾ എന്തെല്ലാം?
2. ശ്ലീഹന്മാർ ക്രൈസ്തവ സഭാപ്രചാരണം നടത്തിയതെങ്ങനെ?
3. ആദിമസഭയെ ഇന്നത്തെ സഭയുമായി താരതമ്യം ചെയ്യുക

## പ്രവർത്തനങ്ങൾ

1. അപ്പോസ്തോലിക സഭയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അപ്പോസ്തോല പ്രവൃത്തികളിൽനിന്നും വായിച്ച് മനസ്സിലാക്കുക.
2. പ. പൗലോസ് ശ്ലീഹായുടെ മാനസാന്തരം നാടകരൂപേണ അവതരിപ്പിക്കുക.
3. ശ്ലീഹന്മാരുടെ പ്രവർത്തനമേഖലകൾ ഭൂപടത്തിന്റെ സഹായത്തോടെ ക്രോഡീകരിക്കുക.
4. സഭയെക്കുറിക്കുന്ന ആരാധനാഗീതഭാഗങ്ങൾ കണ്ടുപിടിക്കുക.

   *ഉദാ.* വിണ്ണുലകിന്നരചൻ താൻ.....
   താൻ-അതിൽ മേവീടുന്നു. (ക്യംതാ : രാത്രി)

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | അ. പ്ര 2:1-13 |
| തിങ്കൾ | അ. പ്ര. 13:1-5 | അ. പ്ര. 2:43-47 |
| ചൊവ്വ | അ. പ്ര. 15:1-14 | അ. പ്ര. 4:32-37 |
| ബുധൻ | അ. പ്ര. 15:15-21 | അ. പ്ര. 4:17-26 |
| വ്യാഴം | അ. പ്ര. 16:6-10 | അ. പ്ര. 6:8-15, 54-60 |
| വെള്ളി | അ. പ്ര. 16:11-15 | അ. പ്ര. 8:1-3, 9:1-19 |
| ശനി | അ. പ്ര. 16:16-34 | * |

പാഠം 17

# മലങ്കരസഭ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ചു: തെളിവുകൾ

**പാഠോദ്ദേശ്യം:** മലങ്കരസഭയുടെ പൗരാണികതയും ആധികാരികതയും മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക പാരമ്പര്യവും മനസ്സിലാക്കുവാൻ.

**മനഃപാഠം:** "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കോസ് 16:15).

## ആമുഖം

നാമേവരും സ്ഥിരമായി പള്ളിയിൽ പോകാറുള്ളവരാണല്ലോ? നമ്മുടെ പള്ളി മലങ്കര ഓർത്തഡോക്സ് സഭയിൽ ഉൾപ്പെട്ട ഒന്നാണ്. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിലൊരാളായ മാർത്തോമ്മാ ശ്ലീഹായാണ് ഈ സഭ സ്ഥാപിച്ചത്. മാർത്തോമ്മാ ശ്ലീഹായുടെ മലങ്കരസഭാ സ്ഥാപനത്തിന്റെ തെളിവുകൾ നമുക്ക് ഈ പാഠത്തിൽ പഠിക്കാം.

## പാഠഭാഗം

മാർത്തോമ്മാ ശ്ലീഹായുടെ ഭാരതപ്രവേശനത്തെക്കുറിച്ചും സഭാസ്ഥാപനത്തെക്കുറിച്ചും രണ്ട് പാരമ്പര്യങ്ങളാണ് നിലവിലുള്ളത്. ഉത്തരേന്ത്യൻ പാരമ്പര്യവും ദക്ഷിണേന്ത്യൻ പാരമ്പര്യവും. മലങ്കരസഭയുടെ പാരമ്പര്യത്തിന്റെ തെളിവുകൾ ചുവടെ ചേർക്കുന്നു.

**1. കേരളത്തിന്റെ വിദേശ വാണിജ്യബന്ധം:** തോമ്മാശ്ലീഹാ എ. ഡി. 52-ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയെന്നതാണ് ദക്ഷിണേന്ത്യൻ പാരമ്പര്യം. അതല്ല, തക്ഷശിലയുടെ ഭരണാധികാരിയായ ഗോണ്ടഫോറസിന്റെ അടുക്കലേക്ക് ആണ് ആദ്യം വന്നതെന്നാണ് ഉത്തരേന്ത്യൻ പാരമ്പര്യം. പുരാതനകാലം മുതൽക്കേ കേരളം വിദേശരാജ്യങ്ങളുമായി തുറമുഖ വാണിജ്യബന്ധത്തിലേർപ്പെട്ടിരുന്നു. തോമ്മാശ്ലീഹാ കപ്പലിറങ്ങിയ മുസിരിസ് അഥവാ കൊടുങ്ങല്ലൂർ അക്കാലത്തെ പ്രധാന വിദേശ വാണിജ്യതുറമുഖങ്ങളിലൊന്നായിരുന്നു.

**2. കേരളത്തിലെ യഹൂദ സാന്നിദ്ധ്യം:** കർത്തൃശിഷ്യരും ആദിമസഭയും യഹൂദന്മാരുടെ ഇടയിലാണ് ആദ്യം പ്രവർത്തിച്ചിരുന്നത്. കേരളത്തിൽ ശലോമോൻ രാജാവിന്റെ കാലം മുതൽക്കേ യഹൂദസാന്നിദ്ധ്യം ഉണ്ടായിരുന്നതായാണ് കണക്കാക്കപ്പെടുന്നത്. തോമ്മാശ്ലീഹായുടെ മലങ്കരയിലെ പ്രവർത്തനത്തിന് ഇത് സഹായകമായി.

**3. മാർത്തോമ്മാ പൈതൃകം അവകാശപ്പെടുന്ന സമൂഹം:** മാർത്തോമ്മായുടെ പൈതൃകം അവകാശപ്പെടുന്ന ഒരു വലിയ തെളിവ്. എ. ഡി. 52-ൽ കേരളത്തിൽ വന്ന മാർത്തോമ്മാ ശ്ലീഹാ ഇവിടെ പള്ളികൾ സ്ഥാപിച്ചതായും ആ പള്ളികളിലേക്കായി പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നീ കുടുംബങ്ങളിൽനിന്ന് വൈദികരെ നിയമിച്ചാക്കുകയും ചെയ്തു എന്നാണ് പാരമ്പര്യവിശ്വാസം.

**4. പരമ്പരാഗത ഗാനങ്ങൾ:** വിവാഹം, പെരുന്നാളുകൾ മുതലായ വിശേഷാവസരങ്ങളിൽ കേരളത്തിലെ ക്രിസ്ത്യാനികൾ ഉപയോഗിക്കുന്ന ചില പരമ്പരാഗത കലാരൂപങ്ങളും

പാട്ടുകളും മാർത്തോമ്മാശ്ലീഹായുടെ മലങ്കരസഭാ സ്ഥാപനം സംബന്ധിച്ച് വെളിച്ചം വീശുന്നവയാണ്. റമ്പാൻപാട്ട് (തോമ്മാ പർവ്വം), മാർഗ്ഗംകളിപ്പാട്ട്, വില്ലടിച്ചാൻ പാട്ട് എന്നിവ അതിനുദാഹരണങ്ങളാണ്.

**5. മാർത്തോമ്മാ ശ്ലീഹായുടെ കബറിടം:** എ.ഡി. 72-ൽ തോമാശ്ലീഹാ കൊല്ലപ്പെടുകയും ചെന്നൈക്ക് അടുത്തുള്ള മൈലാപ്പൂരിൽ കബറടക്കപ്പെടുകയും ചെയ്തു. ഇത് ദക്ഷിണേന്ത്യൻ പാരമ്പര്യത്തെ ശരിവയ്ക്കുന്ന ഒന്നാണ്. തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ നാലാം നൂറ്റാണ്ടിൽ ഉറഹാ (എഡേസ്സാ) യിലേക്ക് കൊണ്ടുപോയി.

**6. സഭാപിതാക്കന്മാരുടെയും വിദേശ സഞ്ചാരികളുടെയും സാക്ഷ്യം:** മാർ അപ്രേം, നാസിയാൻസിലെ വി. ഗ്രീഗോറിയോസ്, അലക്സാന്ത്രിയായിലെ വി. ക്ലിമ്മീസ്, വി. അംബ്രോസ് മുതലായ സഭാപിതാക്കന്മാരും കാലാകാലങ്ങളായി ഇന്ത്യ സന്ദർശിച്ച മാർക്കോ പോളോ, കോസ്മോസ്, ജോൺ മരിഞ്ഞോളി മുതലായ സന്ദർശകരും, മലങ്കരസഭ മാർത്തോമ്മാ ശ്ലീഹായുടെ കരങ്ങളാൽ സ്ഥാപിതമായതാണെന്ന് സംശയരഹിതമായി പറയുന്നു.

## നമുക്കു പാടാം

മാർത്തോമ്മാ സൽഗുണനിധിയേ
നിൻസ്മൃതി കൊണ്ടാടും സഭയിൽ
അനവരതം നിൻ നാഥന്റെ
ശമവും ശാന്തിയുമമരട്ടെ.

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകം കാത്തുസൂക്ഷിക്കുവാനും ആ പിതാവിനോടൊന്നിച്ച് നിന്നെ സ്തുതിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.*

## നിശ്ചയം

**മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകവും പിന്തുടർച്ചയും ഞാൻ അഭംഗുരം കാത്തുസൂക്ഷിക്കും.**

## നമുക്കു ചിന്തിക്കാം

1. തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനവുമായി ബന്ധപ്പെട്ട രണ്ടു പാരമ്പര്യങ്ങൾ ഏതെല്ലാം?
2. കേരളത്തിന്റെ വിദേശബന്ധം എപ്രകാരമാണ് തോമ്മാശ്ലീഹായുമായി ബന്ധപ്പെട്ടിരിക്കുന്നത്?
3. ഏതൊക്കെ ഭവനങ്ങളിൽനിന്നാണ് തോമ്മാശ്ലീഹാ വൈദികരെ നിയമിച്ചത്?
4. മലങ്കര സഭയിൽ നിലനിൽക്കുന്ന പ്രധാന ക്രിസ്ത്യൻ കലാരൂപങ്ങളും പാട്ടുകളും ഏവ? അവയുടെ പ്രാധാന്യം എന്ത്?
5. മാർത്തോമ്മാ ശ്ലീഹായാണ് മലങ്കരസഭാസ്ഥാപകൻ എന്ന് സാക്ഷിച്ച പിതാക്കന്മാരും സഞ്ചാരികളും ആരെല്ലാം?

6. മാർത്തോമ്മാ ശ്ലീഹാ മലങ്കരസഭ സ്ഥാപിച്ചുവെന്ന് എങ്ങനെ തെളിയിക്കാം?

## പ്രവർത്തനങ്ങൾ

1. തോമ്മാശ്ലീഹാ സ്ഥാപിച്ച പള്ളികളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുക
2. കേരളത്തിലെ നിലവിലുള്ള ഏക ജൂതപ്പള്ളിയായ മട്ടാഞ്ചേരി ജൂതപ്പള്ളി, മൈലാപ്പൂരിലെ മാർത്തോമ്മാശ്ലീഹായുടെ കബറിടം എന്നിവ സന്ദർശിച്ച് വിവരശേഖരണം നടത്തുക.
3. നിങ്ങളുടെ സമീപത്തെ മാർത്തോമ്മാശ്ലീഹായുടെ നാമത്തിലുള്ള പള്ളികളെക്കുറിച്ച് ലഘുവിവരങ്ങൾ ശേഖരിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | യോഹ. 11:1-16 |
| തിങ്കൾ | 1 പത്രോസ് 1:13-16 | യോഹ. 20:24-29 |
| ചൊവ്വ | 1 പത്രോസ് 2:1-5 | ലൂക്കോസ് 9:1-6 |
| ബുധൻ | 1 പത്രോസ് 2:6-10 | ലൂക്കോസ് 14:1-7 |
| വ്യാഴം | 1 കൊരി. 5:9-13 | മത്തായി 10:1-4 |
| വെള്ളി | മത്തായി 18:1-5 | മത്തായി 10:5-10 |
| ശനി | മത്തായി 18:10-14 | * |

യൂണിറ്റ് 5

# വി. കുർബ്ബാന

പാഠം 18

## വിശുദ്ധ കുർബ്ബാന: സഭയുടെ കൂട്ടായ്മ

**മുഖ്യസന്ദേശം:** ദൃശ്യസഭയുടെയും അദൃശ്യസഭയുടെയും കൂട്ടായ്മയാണ് വി. കുർബ്ബാന എന്നു കുട്ടികൾ മനസ്സിലാക്കുക.

**മനഃപാഠവാക്യം:** "നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ" (1 കൊരി. 10:16).

### ആമുഖം

ക്രിസ്തീയ സഭയുടെ സുപ്രധാന വിശേഷണങ്ങളിലൊന്ന് അതൊരു കൂട്ടായ്മ (fellowship) ആണെന്നുള്ളതാണ്. പുതിയനിയമത്തിൽ ഇതിനായി ഉപയോഗിച്ചിരിക്കുന്ന വാക്ക് koinonia എന്നതാണ്. ഈ കൂട്ടായ്മയിൽ അദൃശ്യസഭയിലെ അംഗങ്ങളും ദൃശ്യ സഭയിലെ വിശ്വാസികളും ക്രിസ്തുവിനോടുകൂടി ഒരുമിച്ച് സമ്മേളിക്കുന്നു. അതായത് ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരും ഒരുമിച്ചു സമ്മേളിക്കുമ്പോഴാണ് സഭയിലെ കൂട്ടായ്മ പൂർണ്ണമാവുന്നത്. സഭയുടെ കൂട്ടായ്മ വ്യക്തമാകുന്ന ഏറ്റവും വലിയ നിമിഷ മാണ് വി. കുർബ്ബാനയർപ്പിക്കപ്പെടുന്ന സമയം.

### പാഠഭാഗം

വിശുദ്ധ ആരാധനയിൽ ഇപ്രകാരമൊരു കൂട്ടായ്മയുണ്ട് എന്നത് നമ്മെ പഠിപ്പിക്കുന്ന വേദഭാഗം പരിശോധിക്കാം.

#### വെളിപ്പാടുപുസ്തകം നാലു മുതൽ ആറുവരെ അദ്ധ്യായങ്ങൾ

ആദിമസഭയുടെ ആരാധനയുടെ അർത്ഥവും ഉദ്ദേശ്യവും ഏറ്റവും കൂടുതൽ വ്യക്ത മായിട്ടുള്ള ഒരു വേദഭാഗമാണ് വെളിപ്പാടുപുസ്തകത്തിലെ നാല്, അഞ്ച്, ആറ് എന്നീ അദ്ധ്യായങ്ങൾ. ലോകത്തിന്റെ രക്ഷയ്ക്കായി അവതരിച്ച യേശുതമ്പുരാനെ "ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നാണല്ലോ സ്നാപകയോഹന്നാൻ വിളിച്ചത് (യോഹന്നാൻ 1:29). സർവ്വലോകത്തിന്റെയും രക്ഷയ്ക്കായി പെസഹാ പെരുന്നാൾ ദിവസം അറുക്കപ്പെട്ട ഈ കുഞ്ഞാടിനെ സഭ ആരാധിയ്ക്കുന്നതെങ്ങനെ യെന്ന് നാം വെളിപ്പാടു പുസ്തകത്തിൽ വായിക്കുന്നു (വെളിപ്പാട് 4-6). ഇതിലെ പ്രധാന ആശയങ്ങൾ ഇങ്ങനെ സംക്ഷേപിക്കാം.

1. സ്വർഗ്ഗത്തിൽ പിതാവായ ദൈവം സിംഹാസനത്തിൽ ഇരിക്കുന്നു. അതിനുചുറ്റും പഴയനിയമത്തിലെ പന്ത്രണ്ട് പിതാക്കന്മാരെയും പുതിയനിയമത്തിലെ പന്ത്രണ്ട് അപ്പോസ്തോലന്മാരെയും പ്രതിനിധാനം ചെയ്തുകൊണ്ട് ഇരുപത്തിനാലു മൂപ്പന്മാർ നിലയുറപ്പിച്ചിരിക്കുന്നു. 'സർവ്വശക്തനായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശു

ദ്ധൻ’ എന്ന് ആർത്തുവിളിക്കുന്ന സ്വർഗ്ഗീയരുടെ മദ്ധ്യത്തിൽ (വെളി. 4:8) അറുക്കപ്പെട്ട കുഞ്ഞാട് നില്ക്കുന്നു.

2. വി. കുർബ്ബാനയിൽ ഇന്നു നാം ഉപയോഗിക്കുന്ന പല പദങ്ങളും (*ഉദാ.* ആമേൻ) ആംഗ്യങ്ങളും (*ഉദാ.* കുമ്പിട്ടു നമസ്കരിക്കുക), ധൂപക്കുറ്റിപോലെയുള്ള ഉപകരണങ്ങളും (വെളി. 8:4) ഈ ആരാധനയുടെ വിവരണത്തിൽ നാം കാണുന്നു.

3. യിസ്രായേൽ ഗോത്രങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട് ഓരോ ഗോത്രത്തിൽ നിന്നും പന്ത്രണ്ടായിരം പേർ വീതം മൊത്തം ഒരു ലക്ഷത്തിനാല്പത്തിനാലായിരം പേർ സമ്മേളിക്കുന്നയിടത്താണ് കുഞ്ഞാടിന്റെ ആരാധന നടക്കുന്നത്. യേശുക്രിസ്തുവിന്റെ നാമത്തിൽ കൊല്ലപ്പെട്ടവരുടെ ആത്മാക്കൾ ‘യാഗപീഠത്തിനു താഴെ’യുണ്ട് (വെളി. 6:9) എന്നുള്ളതിനാൽ ഈ ആരാധന ജീവിച്ചിരിക്കുന്നവരും വാങ്ങിപ്പോയവരുമായവരുടെ സമ്മേളനമാണ് എന്നു മനസ്സിലാക്കാം.

### വി. കുർബ്ബാന സ്വർഗ്ഗീയരുടെയും ഭൗമീകരുടെയും കൂട്ടായ്മ

വി. കുർബ്ബാനയിൽ സ്വർഗ്ഗീയരും ഭൗമികരും ഒരുപോലെ സമ്മേളിക്കുന്നു. ഇന്നത്തെ നമ്മുടെ കുർബ്ബാനയിലും സ്വർഗ്ഗീയസഭയും (അദൃശ്യസഭ) ഭൗമികസഭയും (ദൃശ്യസഭ) സമ്മേളിക്കുന്നുവെന്നാണ് നാം വിശ്വസിക്കുന്നത്. അദൃശ്യസഭയിൽ മാലാഖമാരും, പരിശുദ്ധരും, സഹദേന്മാരും ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടാണ് മാലാഖമാരുടെ സാന്നിദ്ധ്യത്തിനായി പ്രാർത്ഥിക്കുന്നതും അദൃശ്യസഭയിലെ അംഗങ്ങളെ സ്വീകരിക്കുവാനായി പള്ളിയുടെ നടുഭാഗത്തുള്ള സ്ഥലം എപ്പോഴും ആളുകൾ നിൽക്കാതെ ഒഴിച്ചിടണമെന്നും പറയുന്നത്. ധൂപക്കുറ്റി വീശുന്നവർ ഈ അദൃശ്യഗണങ്ങളെക്കൂടി വണങ്ങുന്നത് നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. വി. കുർബ്ബാനയുടെ ഒരു പ്രാർത്ഥനയിൽ ഒമ്പതുകൂട്ടം മാലാഖമാരെപ്പറ്റി പറയുന്നുണ്ട്. ബൈസന്റയിൻ സഭകളിൽ (*ഉദാ.* റഷ്യൻ, ഗ്രീക്ക് സഭകൾ) വി. ദേവാലയത്തിനുള്ളിലുള്ള ഐക്കണുകളിൽ ചിത്രങ്ങൾ ഉള്ളത് വിശ്വാസികൾക്ക് അദൃശ്യസഭയുടെ സാന്നിദ്ധ്യം തിരിച്ചറിയുവാൻ ഏറെ സഹായകമായിത്തീരുന്നുണ്ട്.

### വി. കുർബ്ബാനയിൽ ജീവിച്ചിരിക്കുന്നവരും വാങ്ങിപ്പോയവരും സമ്മേളിക്കുന്നു.

വാങ്ങിപ്പോയവരുടെ ആത്മാക്കൾ നമ്മുടെ ആരാധനയിൽ പങ്കുചേരുന്നുവെന്നാണ് പൗരസ്ത്യ ഓർത്തഡോക്സ് വിശ്വാസം. അതുകൊണ്ടാണല്ലോ നമ്മുടെ എല്ലാ പ്രാർത്ഥനകളുടെയും അവസാനം വാങ്ങിപ്പോയവരെ നാം പ്രത്യേകം സ്മരിക്കുന്നത്. വി. കുർബ്ബാനയുടെ ലുത്തിനിയാകളിലും, ‘ചാർത്തും നീതിയെ നിന്നാചാര്യന്മാരും’, ‘മക്കളിലപ്പൻ കൃപ ചെയ്‌വതുപോലെ...’ എന്നീ കുക്കിലിയോനുകളിലും നാം നമ്മുടെ വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. കൂടാതെ നാലു മുതൽ ആറുവരെയുള്ള തുബ്ദേനുകളിൽ നാം കർത്താവിനുവേണ്ടി ജീവൻ ബലിയർപ്പിച്ച സഹദേന്മാരെയും സഭയുടെ പിതാക്കന്മാരായിരുന്നവരെയും, വാങ്ങിപ്പോയ നമ്മുടെ ബന്ധുക്കളെയും ഓർമ്മിക്കുന്നുണ്ട്. ആറാം തുബ്ദേനുശേഷം വൈദികർ ചൊല്ലുന്ന പ്രാർത്ഥനയും അതിന്റെ പ്രതിവാക്യമായി വിശ്വാസികൾ ചൊല്ലുന്ന പ്രാർത്ഥനയും വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളാണ്.

കാസായും പീലാസായും ഉയർത്തിക്കഴിഞ്ഞുള്ള ആദ്യത്തെ ഗീതമാണ് ‘ദൈവസുതന്മാരായിടുവാൻ...’ എന്നത്. ഈ ഗീതത്തിന്റെ അർത്ഥം ഇപ്രകാരമാണ്. “നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ മാതാപിതാക്കളെ കുർബ്ബാനകളിലും നമസ്കാരങ്ങളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പി

ക്കും. കർത്താവേ, കൃപചെയ്തു സഹായിക്കണമേ" എന്നാണ്. വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ ദൃശ്യസഭയുടെയും അദൃശ്യസഭയുടെയും ഈ കൂട്ടായ്മയെ ഓർത്തുകൊള്ളണം. നമ്മുടെ വേണ്ടപ്പെട്ടവരൊക്കെ ഈ ലോകത്തിൽനിന്നും കടന്നുപോയാലും വി. കുർബ്ബാനയിൽ നമ്മോടൊപ്പം അവരും ദൈവത്തെ സ്തുതിക്കുന്നു എന്നുള്ളതു മറന്നുപോകരുത്.

## പ്രാർത്ഥന

*വി. കുർബ്ബാന അനുഭവിക്കുന്നതിന് മുമ്പുള്ള പ്രാർത്ഥന വായിച്ച് പഠിക്കുക.*

## നിശ്ചയം

**ജീവിച്ചിരിക്കുന്നവരുടെയും വാങ്ങിപ്പോയവരുടെയും സംസർഗ്ഗം വി. കുർബ്ബാനയിലൂടെ ഞങ്ങൾ അനുഭവിച്ചറിയും.**

## പ്രവർത്തനങ്ങൾ

1. നമ്മുടെ കുർബ്ബാനയിൽ വാങ്ങിപ്പോയവരെ ഓർക്കുന്ന പ്രാർത്ഥനകളും ഗീതങ്ങളും കണ്ടുപിടിക്കുക.
2. വെളിപ്പാടു പുസ്തകം 4 മുതൽ 6 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്ന പ്രാർത്ഥനകൾ കണ്ടെത്തുക.
3. നാലാം തുബ്ദേനിൽ ഓർക്കുന്ന അദൃശ്യസഭാംഗങ്ങൾ ആരൊക്കെയെന്ന് താഴെപ്പറയുന്ന ലിസ്റ്റിൽനിന്നും തെരഞ്ഞെടുക്കുക.

| | |
|---|---|
| കന്യകമറിയാം | അബ്രഹാമിന്റെ ഭാര്യ സാറാ |
| ദീർഘദർശികൾ | നിബിയന്മാർ |
| ശ്ലീഹന്മാർ | അറിയിപ്പുകാർ |
| ഏവൻഗേലിസ്ഥൻ | സഹദേന്മാർ |
| മൗദ്യാനന്മാർ | സ്നാപക യോഹന്നാൻ |
| ഇയ്യോബ് | സ്തേഫാനോസ് |
| ഫിലിപ്പോസ് | മാർത്തോമ്മാ ശ്ലീഹാ |
| പത്രോസ് | പൗലോസ് |

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | ലൂക്കോസ് 4:1-6 |
| തിങ്കൾ | മത്തായി 19:1-6 | ലൂക്കോസ് 4:7-12 |
| ചൊവ്വ | മത്തായി 19:7-12 | ലൂക്കോസ് 4:13-20 |
| ബുധൻ | മത്തായി 19:13-20 | ലൂക്കോസ് 4:21-27 |
| വ്യാഴം | മത്തായി 19:21-26 | ലൂക്കോസ് 4:28-32 |
| വെള്ളി | മത്തായി 19:27-28 | ലൂക്കോസ് 4:33-40 |
| ശനി | മത്തായി 19:29-30 | * |

പാഠം 19

# വി. കുർബ്ബാനയിൽ വിശ്വാസികളുടെ സമ്പൂർണ്ണ പങ്കാളിത്തം

**മുഖ്യസന്ദേശം:** വി. കുർബ്ബാനയിൽ വിശ്വാസികൾ വെറും കാഴ്ചക്കാരോ കേൾവിക്കാരോ മാത്രമല്ല. ആത്മശരീരമനസ്സുകളുടെ സമ്പൂർണ്ണ പങ്കാളിത്തമുള്ളവരായിരിക്കുക യാണ് വേണ്ടത്.

**മനഃപാഠവാക്യം:** "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്ന വൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (വി. യോഹന്നാൻ 6:56).

## ആമുഖം

നമ്മുടെ വി. കുർബ്ബാനയുടെ ഏറ്റവും വലിയ പ്രത്യേകത അതിൽ വിശ്വാസികളുടെ സമ്പൂർണ്ണ പങ്കാളിത്തം ആവശ്യമാണ് എന്നുള്ളതാണ്. വിശ്വാസികൾ ഇല്ലായെങ്കിലും പട്ടക്കാരന്റെ സ്വന്ത ആവശ്യത്തിനായി വി. കുർബ്ബാന ചൊല്ലുന്ന സഭകൾ ഉണ്ട് (*ഉദാ.* റോമൻ കത്തോലിക്കാസഭ). നമുക്കതിന് അനുവാദമില്ല. വി. കുർബ്ബാനക്രമം സൂക്ഷ്മമായി പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഓരോ ഘട്ടത്തിലും പട്ടക്കാരും, മദ്ബഹാശുശ്രൂഷകനും, വിശ്വാസിയും ചൊല്ലേണ്ട പ്രാർത്ഥനകൾ ആദിമുതൽ അവസാനംവരെ ക്രമീകരിച്ചിട്ടുണ്ട്. ചില സഭകളിലൊക്കെ പട്ടക്കാരനും, ക്വയറും മാത്രം മതി വി. കുർബ്ബാന പൂർത്തിയാക്കുവാൻ. എന്നാൽ ഓരോ പ്രാർത്ഥനയ്ക്കും ജനങ്ങൾ അനുയോജ്യമായ പ്രതിവാക്യം പറഞ്ഞെങ്കിൽ മാത്രമേ നമ്മുടെ ആരാധന പൂർണ്ണമാകൂ. തന്നെയുമല്ല, കാർമ്മികൻ ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ജനങ്ങൾ കാർമ്മികനുവേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യവും വി. കുർബ്ബാനയുടെ അവസാനം യാത്രചോദിക്കുന്ന (സേലൂൻ ബശ്ലോമോ...) കാർമ്മികൻ വ്യക്തമാക്കുന്നുണ്ടല്ലോ. പ്രവാചകനായ മോശ സീനായി പർവ്വതത്തിൽ കയറി ദൈവത്തോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ജനമെല്ലാം പർവ്വതത്തിനു താഴെ നിന്ന് മോശയ്ക്കുവേണ്ടി പ്രാർത്ഥിച്ചതുപോലെയാണ്. പ്രാർത്ഥനയിലെ ഈ പരസ്പരബന്ധംപോലെ പ്രധാനമായിട്ടുള്ളതാണ് വ്യക്തികളുടെ ആത്മശരീരമനസ്സുകളുടെ പാരസ്പര്യവും. പഞ്ചേന്ദ്രിയങ്ങളുടെ (five sense organs) അനുഭവങ്ങളിലൂടെയാണ് നാം ഇതു യാഥാർത്ഥ്യമാക്കുന്നത്.

## പാഠഭാഗം

### വ്യക്തിയുടെ സമ്പൂർണ്ണ പങ്കാളിത്തം വി. കുർബ്ബാനയിൽ

പാശ്ചാത്യ നവീകരണസഭകളുടെ ആരാധനയിൽ പ്രസംഗത്തിനാണ് പ്രാധാന്യം. എന്നാൽ നമ്മുടെ ആരാധനയിൽ വിശ്വാസികൾ ഇങ്ങനെ കേവലം 'കേൾവി'കൊണ്ടു മാത്രം പങ്കെടുത്താൽ പോരാ. പഞ്ചേന്ദ്രിയങ്ങളുടെയെല്ലാം പങ്കാളിത്തം നമ്മുടെ ആരാധനയിൽ സുപ്രധാനമാണ്. കാണുവാനും, കേൾക്കുവാനും, രുചിക്കുവാനും, മണക്കുവാനും, സ്പർശിക്കുവാനുമുള്ള സാധ്യതകൾ നമ്മുടെ വി. കുർബ്ബാനയിലുണ്ട്. "ആദി മുതലുള്ളതും, ഞങ്ങൾ കേട്ടതും, സ്വന്തകണ്ണുകൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും, ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനം സംബന്ധിച്ചാണല്ലോ (1 യോഹ. 1:1)

അപ്പോസ്തലന്മാർ സാക്ഷ്യം നൽകിയത്. അതുപോലെ നാമും നമ്മുടെ ആളത്തത്തിന്റെ എല്ലാ അംശങ്ങളിലും ദൈവത്തെ അനുഭവിച്ചെങ്കിൽ മാത്രമേ ആരാധന പൂർണ്ണമാകൂ. ഇതിനായി വി. കുർബ്ബാനയിൽ പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്ന സംഗതികൾ ഏവ എന്നു നമുക്ക് പരിശോധിക്കാം.

**(1) കാഴ്ച** (Seeing) (യെശയ്യ 6:1-8): വി. കുർബ്ബാന ചൊല്ലുന്ന സ്ഥലം വളരെ മനോഹരമായി ക്രമീകരിച്ചിരിക്കണം എന്നുള്ളത് പൗരസ്ത്യസഭകൾക്ക് നിർബന്ധമാണ്. ഏതെങ്കിലും ഒരു ഹാളിൽ വി. കുർബ്ബാനയർപ്പിച്ചാൽ നമുക്ക് അതു സംതൃപ്തി നൽകുകയില്ല. പള്ളിയിലെയും വി. മദ്ബഹായിലെയും ചമയങ്ങളും, മെഴുകുതിരികളും, ചിത്രങ്ങളുമൊക്കെ ദൈവത്തിന്റെ അരുളപ്പാടിൽ മോശ സമാഗമനകൂടാരത്തിൽ ക്രമീകരിച്ചതുപോലെയും ശലോമോൻ യറുശലേം ദേവാലയത്തിൽ ക്രമീകരിച്ചതുപോലെയും അർത്ഥവത്തായിരിക്കണം. ഓർത്തഡോക്സ് പള്ളിയുടെ അകവും പുറവുമുള്ള ഭിത്തികളിലെ ഐക്കണുകൾ (icons) വിശ്വാസിയെ ഒരു സ്വർഗ്ഗീയ അനുഭൂതിയിലാക്കിത്തീർക്കുന്നു. ത്രോണോസിലെ വിരികളും പട്ടക്കാരന്റെ അംശവസ്ത്രങ്ങളുമൊക്കെ നയനമനോഹരമായിരിക്കുമെന്നുതന്നെയല്ല, ഓരോന്നിനും വി. വേദപുസ്തകത്തിന്റെ പിൻബലവുമുണ്ട്.

**(2) കേൾവി** (Hearing) (വെളിപാട് 5:11-13): മറ്റുള്ള സഭകളുടെ ആരാധനയും നമ്മുടേതും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുന്ന ഒരാളിനെ ഏറ്റവും ആകർഷിക്കുന്നത് അതിന്റെ സംഗീതാത്മകത തന്നെയാണ്. വി. കുർബ്ബാന 'ചൊല്ലുക' എന്നാണല്ലോ നാം പറയുന്നതുതന്നെ. ആരാധനയിലെ ഈ ശ്രവണ മാധുര്യം വർദ്ധിപ്പിക്കുവാനായിട്ട് ഇന്ന് മിക്കപള്ളികളിലും സംഗീതക്കാരെ ക്രമീകരിച്ചിട്ടുണ്ടല്ലോ. എന്നാൽ ഒരിക്കലും വി. കുർബ്ബാന ഒരു 'സംഗീതപരിപാടി'യായി അധഃപതിക്കുവാൻ പാടില്ല. അതുകൊണ്ടാണ് അധികം സംഗീതോപകരണങ്ങൾ പള്ളിക്കുള്ളിൽ അനുവദിക്കാത്തത്. വിശ്വാസികളുടെ സംഘമാണ് പ്രാർത്ഥനകളും, ഗീതങ്ങളും ആലപിക്കേണ്ടത്. അവരെ അതിനായി ഒരുക്കുക എന്നതാണ് 'ക്വയറി'(choir)ന്റെ ജോലി. ഒരിക്കലും ഉപകരണങ്ങളുടെ സ്വരമോ, ക്വയറിന്റെ സ്വരമോ, വിശ്വാസികളുടെ സംഘത്തിന്റെ സ്വരത്തിനു മുകളിലാകാൻ പാടില്ല. ജനമൊന്നുചേർന്ന് ഏകസ്വരത്തിൽ വേണം വി. കുർബ്ബാനയിൽ പങ്കെടുക്കേണ്ടത്. കൈമണികളുടെയും, മറുവഹസാകളുടെയും സ്വരം ജനത്തിന്റെ ആലാപനത്തെ അകമ്പടിസേവിക്കുന്നതായിരിക്കണം. വി. കുർബ്ബാനയുടെ സുപ്രധാന രംഗങ്ങളിൽ പള്ളിമണി (വലിയ മണി) അടിക്കുന്നതും നമ്മുടെ പതിവാണ്.

**(3) സൗരഭ്യം** (Smelling) (മലാഖി 1:11, വെളിപാട് 8:4): വി. കുർബ്ബാനയിൽ സുഗന്ധവർഗ്ഗങ്ങളുടെ സാന്നിദ്ധ്യം വളരെ അർത്ഥവത്താണ്. ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുമ്പോൾ സുഗന്ധം നമ്മെ സ്വർഗ്ഗീയ അന്തരീക്ഷത്തിലാക്കിത്തീർക്കുന്നു. ദുഃഖവെള്ളിയാഴ്ചയിലെ കുരിശുകുമ്പിടീൽ നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? അവിടെയും സുഗന്ധവർഗ്ഗങ്ങൾക്ക് മർമ്മപ്രധാനമായ സ്ഥാനമാണുള്ളത്.

**(4) സ്പർശനം** (Touching) (യശയ്യ 6:7): വി. കുർബ്ബാന മദ്ധ്യേയുള്ള സമാധാനചുംബനം ആദിമകാലത്ത് യഥാർത്ഥത്തിൽ പരസ്പരം ചുംബനത്തിലൂടെയാണ് നിർവ്വഹിച്ചിരുന്നത്. പിൽക്കാലത്ത് അത് ചിലയിടങ്ങളിൽ ആലിംഗനമായും (hugging), മറ്റുചില സ്ഥലങ്ങളിൽ ഹസ്തദാനമായും (shake hands), നമ്മുടെ നാട്ടിൽ കൈയസൂരിയായും വ്യതിയാനപ്പെട്ടു. പരസ്പരസമാധാനത്തിന്റെ പ്രാർത്ഥന ചൊല്ലുമ്പോൾ പരസ്പരം സ്നേഹത്തോടെ കൈയസൂരി കൊടുക്കണം. അതു തികച്ചും യാന്ത്രികമായിത്തീരരുത്. ആരോടും വിരോധം മനസ്സിൽ വച്ചുകൊണ്ട് വി. കുർബ്ബാനയിൽ പങ്കെടുക്കുകയുമരുത്. സഹോദരനോടുനിരപ്പായ ശേഷം വേണം യാഗമർപ്പിക്കുവാൻ എന്ന് നമ്മുടെ കർത്താവ് പഠിപ്പിക്കുന്നുണ്ടല്ലോ (മത്താ. 5:23-24)

**(5) രുചിക്കുക** (സങ്കീർത്തനം 34:8): വി. കുർബ്ബാനയിലെ നമ്മുടെ പങ്കാളിത്തം പൂർണ്ണമാവുന്നത് വി. കുർബ്ബാന സ്വീകരിച്ചുകഴിയുമ്പോഴാണ്. അപ്പവീഞ്ഞുകൾ ഒരുമിച്ചാണ് നാം അനുഭവിക്കുന്നത്. കാസായിലെ വീഞ്ഞ് പീലാസായിലുള്ള അപ്പത്തിന്മേൽ വീഴ്ത്തിയാണ് പട്ടക്കാരൻ നമുക്ക് വി. കുർബ്ബാന നൽകുന്നത്. നമുക്കുവേണ്ടി മനുഷ്യാവതാരം ചെയ്യുകയും കുരിശുമരണം പ്രാപിക്കുകയും, ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത യേശുക്രിസ്തുവിന്റെ തിരുശരീരങ്ങൾ നാം ഭയഭക്തിയോടുകൂടി സ്വീകരിക്കേണ്ടിയിരിക്കുന്നു.

ചുരുക്കത്തിൽ, വി. കുർബ്ബാന കേവലം കേൾവിക്ക് മാത്രമുള്ളതോ, നാം അതിൽ വെറും കാഴ്ചക്കാരായി നിൽക്കേണ്ടവരോ അല്ല. നമ്മുടെ ശരീരവും മനസ്സും ആത്മാവും ഒന്നുചേർന്ന് നാം അതിൽ സംബന്ധിക്കുന്നു. പഞ്ചേന്ദ്രിയങ്ങളിലെ അനുഭവങ്ങളിൽകൂടെ വി. കുർബ്ബാന നാം "അനുഭവിക്കണം."

## പ്രാർത്ഥന

*വി. കുർബ്ബാന അനുഭവിക്കുന്നതിനുശേഷമുള്ള പ്രാർത്ഥന വായിച്ച് പഠിക്കുക.*

### നിശ്ചയം

**വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ പഞ്ചേന്ദ്രിയങ്ങളുടെ പങ്കാളിത്തം ഞങ്ങൾ ഉറപ്പാക്കും.**

## പ്രവർത്തനങ്ങൾ

1. താഴെപ്പറയുന്ന ഇന്ദ്രിയങ്ങൾ വി. കുർബ്ബാനയിൽ എങ്ങനെ പങ്കാളിയാകുന്നു എന്നു കണ്ടുപിടിക്കുക.

   കണ്ണ്

   ..................................................................................................................

   ..................................................................................................................

   ചെവി

   ..................................................................................................................

   ..................................................................................................................

   മൂക്ക്

   ..................................................................................................................

   ..................................................................................................................

   നാവ്

   ..................................................................................................................

   ..................................................................................................................

   ത്വക്ക്

   ..................................................................................................................

   ..................................................................................................................

2. വി. കുർബ്ബാനയിൽ ഗായകസംഘത്തിന്റെ ആവശ്യകതയെപ്പറ്റി ക്ലാസ്സിൽ ചർച്ച ചെയ്യുക

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | 1 കൊരി. 12:1-6 |
| തിങ്കൾ | അ. പ്ര. 10:1-4 | 1 കൊരി. 12:7-10 |
| ചൊവ്വ | അ. പ്ര. 10:5-9 | 1 കൊരി. 12:11-16 |
| ബുധൻ | അ. പ്ര. 10:10-16 | 1 കൊരി. 12:17-21 |
| വ്യാഴം | അ. പ്ര. 10:17-21 | 1 കൊരി. 12:22-26 |
| വെള്ളി | അ. പ്ര. 10:22-26 | 1 കൊരി. 12:27-29 |
| ശനി | അ. പ്ര. 10:27-30 | * |

യൂണിറ്റ് 6

# വിശ്വാസസത്യങ്ങൾ

പാഠം 20

## മാറാനായ പെരുന്നാളുകൾ

**പാഠോദ്ദേശ്യം:** ഞായറാഴ്ചപോലെ ആചരിക്കപ്പെടേണ്ട പെരുന്നാളുകളെക്കുറിച്ച് മനസ്സിലാക്കുക

**മനഃപാഠവാക്യം:** "നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും. ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും" (സങ്കീ. 23:6).

### ആമുഖം

സഭയുടെ പാരമ്പര്യവും പിതാക്കന്മാരുടെ എഴുത്തുകളും വേദപുസ്തകത്തോടൊപ്പമോ അതിനുമുൻപോ എഴുതപ്പെട്ടതും ആചരിച്ചിരുന്നതുമായ കാര്യങ്ങൾ ഓർത്തഡോക്സ് സഭകൾ വിട്ടുകളഞ്ഞിട്ടില്ല. കർത്താവിന്റെ ജീവിതവുമായി ബന്ധപ്പെട്ട് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളോട് മാറാനായപ്പെരുന്നാളുകൾ ബന്ധപ്പെട്ടിരിക്കുന്നു. ഈ പെരുന്നാളുകളെക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം.

### മാറാനായപ്പെരുന്നാളുകൾ എന്നുവെച്ചാൽ എന്താണ്?

'മോറാൻ' എന്ന സുറിയാനി വാക്കിന് 'നമ്മുടെ കർത്താവ്' എന്നാണർത്ഥം. കർത്താവിന്റെ പെരുന്നാൾ എന്നാണ് മാറാനായപെരുന്നാളുകളെപ്പറ്റി വിശേഷിപ്പിക്കുന്നത്. കർത്താവിന്റെ ജീവിതത്തിലെ എല്ലാ ദിനങ്ങളും പ്രാധാന്യമുള്ളതെങ്കിലും ചിലതിന് അതീവ പ്രാധാന്യം സഭയിൽ പണ്ടുമുതലേ നൽകിയിരുന്നു. യേശുക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ച് ധ്യാനിക്കുവാനും കൂടുതൽ ദൈവസാന്നിദ്ധ്യം അനുഭവിക്കാനും ഈ ആചരണങ്ങൾ ഉപകരിക്കുന്നു.

### എങ്ങനെയാണ് മാറാനായ പെരുന്നാളുകൾ ആചരിക്കുന്നത്?

ഞായറാഴ്ചപോലെ വി. കുർബ്ബാന അനുഷ്ഠിക്കുകയും, വിശ്വാസികൾ അതിൽ പങ്കെടുക്കുകയും ചെയ്യണം. ഓരോ ദിവസത്തിലും പ്രത്യേക പ്രുമിയോൻ, സെദറാ, വേദവായനകൾ, ഏവൻഗേലിയോൻ, പ്രത്യേകം പാട്ടുകൾ ഇവ ക്രമീകരിച്ചിട്ടുണ്ട്. ഞായറാഴ്ചപോലെ തലേദിവസത്തെ സന്ധ്യാനമസ്ക്കാരം മുതൽ പിറ്റേന്ന് 9-ാം മണിവരെയുള്ള പ്രാർത്ഥനകൾക്ക് കുമ്പിടൽ നടത്തുന്നതല്ല. ബുധൻ, വെള്ളി ദിവസങ്ങൾ വന്നാൽ വി. കുർബ്ബാന ഉള്ളതിനാൽ ഉപവാസവും ആവശ്യമില്ല. ഈ ദിവസങ്ങളിൽ വി. കുർബ്ബാന അനുഭവിച്ചിരിക്കണം എന്നും അതിനർത്ഥമുണ്ട്. ആവുന്നതും ലൗകിക വേലകളിൽനിന്നൊഴിഞ്ഞ് ഞായറാഴ്ചയിലെപ്പോലെ ആത്മീയമായ സുവിശേഷ ജീവകാരുണ്യ പ്രവർത്തന

ങ്ങളിൽ മുഴുവൻ ശ്രദ്ധിക്കേണ്ടതാണ്. ഉയിർപ്പ്, പെന്തിക്കോസ്തി എന്നിവ ഞായറാഴ്ച കളിൽ തന്നെവരുന്നതിനാൽ അവകൂടാതെയുള്ളതിനെയാണ് പട്ടികയിൽ നാം ഉൾപ്പെടുത്തിയിരിക്കുന്നത്.

**1. യൽദോ.** കർത്താവിന്റെ ജനനം. 25 ദിവസത്തെ നോമ്പോടും ഉപവാസത്തോടും കൂടിയാണല്ലോ നാം കർത്താവിന്റെ വരവിനെ എതിരേൽക്കുന്നത്. ഇതിനെ ക്രിസ്തുമസ് എന്നപേരിൽ ക്രൈസ്തവലോകം പൊതുവെ ആചരിക്കുന്നു. എന്നാൽ ഓർത്തഡോക്സ് പാരമ്പര്യത്തിൽ 25 നോമ്പും ഉപവാസവും 25നു വെളുപ്പിനെ നടത്തപ്പെടുന്ന ജനനപ്പെരുന്നാളിന്റെ പ്രത്യേക ശുശ്രൂഷയും വി. കുർബ്ബാനയും ആണ് ക്രിസ്തുമസ് ആഘോഷങ്ങളേക്കാൾ പ്രാധാന്യമുള്ളത്.

**2. ദനഹാ.** ബേത്‌ലഹേമിൽ കർത്താവ് ജനിച്ചു എങ്കിലും 30-ാം വയസ്സിൽ യോർദ്ദാൻ നദിയിൽ സ്നാപകയോഹന്നാനിൽനിന്ന് മാമോദീസാ ഏറ്റതിനുശേഷമാണല്ലോ തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചത്. ലോകത്തിൽ 'ഉദയം' ചെയ്തു എന്നർത്ഥത്തിൽ നാം 'ദനഹാ' പെരുന്നാൾകൊണ്ടാടുന്നു. ജനുവരി മാസം 6-ാം തീയതിയാണ് ദനഹാപ്പെരുന്നാൾ. വി. കുർബ്ബാനയിലും വെള്ളം വാഴ്‌വിന്റെ ശുശ്രൂഷയിലും പങ്കെടുത്ത് വാഴ്ത്തപ്പെട്ട വെള്ളം കുടിക്കുകയും ആരാധനയിൽ പങ്കെടുക്കാനാവാത്തവർക്ക് കുപ്പിയിൽ പകർന്ന് വീട്ടിൽ കൊണ്ടുകൊടുക്കയും ചെയ്യുന്നത് ഒരു നല്ല പാരമ്പര്യമാണ്.

**3. മായൽത്തോ** അഥവാ **ദേവാലയപ്രവേശനം.** 40-ാം ദിവസം കർത്താവിനെ ദേവാലയത്തിൽ കാഴ്ചയായർപ്പിച്ചതിനെ അനുസ്മരിച്ച് ഫെബ്രുവരി 2-ാം തീയതി വി. ആരാധനയോടുകൂടി ഈ ദിനം ആചരിക്കുന്നു.

**4. സുബോറോ. ദൈവമാതാവിനോടുള്ള വചനിപ്പ് (മാർച്ച് 25).** ദൈവ ഇഷ്ടത്തിന് കന്യകമറിയാം സമർപ്പിച്ചതുകൊണ്ടാണല്ലോ ക്രിസ്തുവിന്റെ ജനനം സാദ്ധ്യമായത്. അതിനാൽ വചനിപ്പും അതിപ്രധാനമുള്ളതുതന്നെ. ജനനപ്പെരുന്നാളിന് ഏകദേശം അഞ്ച് ആഴ്ച മുമ്പ് വരുന്ന ഞായറാഴ്ചയും ദൈവമാതാവിനോടുള്ള വചനിപ്പിനെ ഓർക്കുന്നുണ്ട്. വലിയനോമ്പിൽ, അതുപോലെ ചുരുക്കമായിട്ടെങ്കിലും കഷ്ടാനുഭവ ആഴ്ചയിലും വചനിപ്പു പെരുന്നാൾ വന്നാൽ (മാർച്ച് 25) ഉപവാസദിനമാണെങ്കിലും അന്ന് വി. കുർബ്ബാന ചൊല്ലണം. നോമ്പിന്റെ പ്രാർത്ഥനകളും, കുമ്പിടലും ഒഴിവാക്കി ഞായറാഴ്ചപോലെതന്നെ ആചരിക്കുകയും വേണം.

**5. മറുരൂപപ്പെരുന്നാൾ (ഓഗസ്റ്റ് 6).** കർത്താവിന്റെ തേജസ്കരണം. യഹൂദന്മാരുടെ കൂടാരപ്പെരുന്നാളിന്റെ പശ്ചാത്തലത്തിൽ മറുരൂപമലയിൽ നടന്ന സുപ്രധാന സംഭവം ഓർത്തുകൊണ്ടാണ് ആ ദിവസം ആരാധന അർപ്പിക്കുന്നത്. കൂടാരപ്പെരുന്നാൾ എന്നും ഇതിന് പേരുണ്ട്.

**6. സൂലോക്കോ (സ്വർഗ്ഗാരോഹണം).** ഇതിന്റെ തീയതി നിശ്ചിതമല്ല. ഉയിർപ്പിനു ശേഷം 40 ദിവസമാകുന്ന ഒരു വ്യാഴാഴ്ചയായിരിക്കും സ്വർഗ്ഗാരോഹണ പെരുന്നാൾ കൊണ്ടാടുന്നത്. അതുകഴിഞ്ഞ് 10-ാം ദിവസമാകുന്ന ഞായറാഴ്ച പെന്തിക്കോസ്തിപെരുന്നാൾ ആചരിക്കുന്നു. ഇടയ്ക്കുള്ള 10 ദിവസം പരിശുദ്ധാത്മാവിന്റെ ആവാസം പുതുക്കുന്ന 'കാത്തിരിപ്പു ദിവസങ്ങളായി' കൊണ്ടാടണമെന്ന് സഭ നിഷ്ക്കർഷിക്കുന്നു. ആ കാരണത്താൽ ആ ദിവസങ്ങളിൽ വിവാഹം നടത്താനും സഭ അനുവദിക്കുന്നില്ല.

**7. സ്ലീബാ പെരുന്നാൾ (സെപ്റ്റംബർ 14).** ക്രിസ്തുമതം, റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ച കുസ്തന്തീനോസ് ചക്രവർത്തിയുടെ അമ്മ ഹെലനി രാജ്ഞി യെരുശലേമിൽ പോയി, കർത്താവിനെ തറച്ച കുരിശുകണ്ടെത്തി. അതു റോമയിൽ ആഘോഷപൂർവ്വം വരവേറ്റു ഒരു പള്ളി പണിത് അതിന്റെ അൾത്താരയിൽ വി.

സ്ലീബായെ സ്ഥാപിച്ചു. അതിന്റെ ഓർമ്മയും പിശാചിനെ ജയിക്കുന്ന സ്ലീബായുടെ ശക്തിയുമൊക്കെ ഈ പെരുന്നാളിൽ സഭ ധ്യാനിക്കുന്നു.

**മാറാനായ പോലെ ആചരിക്കേണ്ട പെരുന്നാളുകൾ**

മുകളിൽ പറഞ്ഞ എല്ലാ പെരുന്നാളുകളും ക്രിസ്തുവിന്റെ ജീവിതവുമായി നേരിട്ടു ബന്ധമുള്ളതാണ്. അങ്ങനെയൊരു ബന്ധമില്ലെങ്കിലും ക്രിസ്തീയ സാക്ഷ്യത്തേയും സുവിശേഷത്തെയും സഭയിൽ ഉറപ്പിക്കുന്ന നിലയിൽ പ്രാധാന്യമുള്ള മറ്റു മൂന്നു പെരുന്നാളുകളെയും ഞായാറാഴ്ചപോലെ ആചരിക്കേണ്ട ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**1. പത്രോസ് പൗലൂസ് ശ്ലീഹന്മാരുടെ ഓർമ്മ (ജൂൺ 29).** ജൂൺ 16ന് തുടങ്ങുന്ന ശ്ലീഹാനോമ്പ് അവസാനിക്കുന്നത് ഈ ദിനത്തിലാണ്. നീറോചക്രവർത്തിയുടെ പീഡയിൽ എ. ഡി. 64ന് പത്രോസിനെ തലകീഴായും, പൗലോസിനെ ശിരസ്സുവെട്ടിയും കൊലപ്പെടുത്തി. അവർ ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളായതിനെ അനുസ്മരിപ്പിക്കുന്നു.

**2. മാർത്തോമ്മാ ശ്ലീഹായുടെ ദുഖ്റോനോ അഥവാ ഓർമ്മ (ജൂലൈ 3).** ഡിസംബർ 21ന് മൈലാപ്പൂരിൽ കൊല്ലപ്പെട്ട തോമാശ്ലീഹായുടെ തിരുശേഷിപ്പ് എ. ഡി. നാലാം നൂറ്റാണ്ടിൽ ഉറഹായിൽ കൊണ്ടുപോയി സ്ഥാപിച്ചു. അത് അദ്ദേഹത്തിന്റെ ഓർമ്മയുടെ പെരുന്നാളായിത്തീർന്നു. എന്നാൽ മലങ്കരസഭയിൽ ഡിസംബർ 21നും അദ്ദേഹത്തിന്റെ ഓർമ്മ കൊണ്ടാടുന്നുണ്ട്. ഈ അപ്പോസ്തോലൻ ഭാരതസഭയുടെ പ്രത്യേകിച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ കാവൽപിതാവാണ്.

**3. ശൂനോയോ അഥവാ വാങ്ങിപ്പ് (ആഗസ്റ്റ് 15).** ആഗസ്റ്റ് 1 മുതലുള്ള നോമ്പിന്റെ അവസാനം ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാളായി കൊണ്ടാടുന്നു. ദൈവമാതാവിന്റെ ആത്മാവിനെ പ്രത്യേക ബഹുമതികളോടെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി എന്നതാണ് സഭയുടെ പാരമ്പര്യം.

## പ്രാർത്ഥന

*കർത്താവേ, മാറാനായ പെരുന്നാളുകൾ വിശുദ്ധിയോടെ ആചരിപ്പാൻ ഞങ്ങൾക്ക് സംഗതിയാക്കണമേ. ആമ്മീൻ.*

## നിശ്ചയം

**വി. മാറാനായപ്പെരുന്നാളുകളിൽ വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ ഞങ്ങൾ ശ്രമിക്കും.**

## പ്രവർത്തനങ്ങൾ

1. ഓരോ പെരുന്നാളിന്റെയും പ്രത്യേകമായ ആചരണരീതി എന്താണെന്ന് കണ്ടെത്തുക?
2. ഈ ദിവസങ്ങൾ ഞായറാഴ്ചപോലെ കൊണ്ടാടുവാൻ സഭാമക്കൾക്ക് സാധിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമായിരിക്കും?
3. ഞായറാഴ്ച പൊതുവെ അവധി ദിവസങ്ങളാണ്. എന്നാൽ അവധിദിവസങ്ങളിലല്ലാതെ വരുന്ന ഈ ദിനങ്ങൾ കുറച്ചുകൂടി ആത്മീയമായി ആചരിക്കുവാൻ എന്തെല്ലാം മാർഗ്ഗങ്ങൾ നമുക്ക് സ്വീകരിക്കാനാവും?

4. ആഗസ്റ്റ് 15-ന് മറ്റെന്തെല്ലാം പ്രത്യേകതകൾക്കൂടി ഉണ്ട്? എല്ലാറ്റിനേയുംകൂടി സംയോജിപ്പിച്ച് എങ്ങനെ നമുക്ക് ആചരിക്കാനാവും. നിർദ്ദശങ്ങൾ ചർച്ചചെയ്യുക.
5. 'പാമ്പാക്കുട' നമസ്കാരത്തിൽ "പെരുന്നാളുകളുടെ പട്ടിക" എന്ന ഭാഗം വായിച്ചു ഗ്രഹിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | ലൂക്കോസ് 2:8-20 |
| തിങ്കൾ | യോഹന്നാൻ 6:55-59 | ലൂക്കോസ് 3:2-22 |
| ചൊവ്വ | 1 പത്രോസ് 3:18-22 | ലൂക്കോസ് 2:41-51 |
| ബുധൻ | യോഹന്നാൻ 20:19-23 | ലൂക്കോസ് 1:26-38 |
| വ്യാഴം | യോഹന്നാൻ 6:50-71 | മത്തായി 17:1-13 |
| വെള്ളി | സങ്കീ. 40:6-11 | ലൂക്കോസ് 24:50-53 |
| ശനി | 1 കൊരി. 13:8-13 | * |

പാഠം 21

# കൂദാശകൾ - ഒരാമുഖം

**പാഠോദ്ദേശ്യം:** കൂദാശകളുടെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുക. അതിന്റെ വേദപുസ്തകപരവും ദൈവശാസ്ത്രപരവുമായി അടിസ്ഥാനങ്ങൾ എന്താണെന്ന് എന്ന് കരുതുക.

**മനഃപാഠവാക്യം:** "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" (വി. മത്തായി 28:20).

## ആമുഖം

കൂദാശകളുടെ അടിസ്ഥാനം വേദപുസ്തകത്തിൽ നാം ദർശിക്കുന്നു (*ഉദാ.* കർത്താവിന്റെ മാമോദീസാ, വി. മത്താ. 28:19-20, വി. യോഹ. 3:5,16, വി. മർക്കൊ. 16:16), മൂറോൻ - പരിശുദ്ധ അഭിഷേകം (1 കൊരി. 3:16), വി. കുർബ്ബാന (ലൂക്കോസ് 22:19-20, യോഹന്നാൻ 6:48, 1 കൊരി. 11:23-26), പൗരോഹിത്യം (അപ്പോ. പ്ര. 6:6, 14:23), രോഗികളുടെ തൈലാഭിഷേകം (മർക്കോസ് 6:13, യാക്കോബ് 5:14-16), വി. കുമ്പസാരം (യോഹ. 20:23), വിവാഹം (വി. മത്തായി 19:2-9, എഫേസ്യ 5:25). എന്നാൽ അതിന്റെ വേദശാസ്ത്രം വികസിച്ചത് സഭയിലെ പിതാക്കന്മാരിലൂടെയാണ്. കൂദാശകളെ സംബന്ധിച്ച് ഓർത്തഡോക്സ് സഭയുടെ പഠിപ്പിക്കലുകൾ നമുക്ക് പഠിക്കാം.

## പാഠഭാഗം

### കൂദാശകൾ എന്നാൽ എന്താണ്?

Sacramentum എന്ന ലാറ്റിൻ പദത്തിൽനിന്ന് Sacrament എന്ന ഇംഗ്ലീഷ് പദവും അതിന് മലയാളത്തിൽ കൂദാശ എന്ന് വിവർത്തനവും ഉണ്ടായി. 'മനുഷ്യരക്ഷയ്ക്ക് ആവശ്യമായി കർത്താവ് കല്പിച്ച് നിയമിച്ചിട്ടുള്ള അപ്രത്യക്ഷങ്ങളായ കൃപകളുടെ പ്രത്യക്ഷങ്ങളായ കർമ്മങ്ങൾ' എന്നുള്ള ഒരു നിർവ്വചനം പ്രശസ്തമാണ്. "അപ്രത്യക്ഷങ്ങളായ കൃപകളുടെ പ്രത്യക്ഷങ്ങളായ കർമ്മങ്ങൾ" Invisible grace through visible means എന്ന ഹിപ്പോയിലെ വി. അഗസ്റ്റിന്റെ ആശയത്തോട് ഓർത്തഡോക്സ് സഭകൾക്ക് എതിർപ്പില്ലെങ്കിലും കൂദാശകളെ 'വിശുദ്ധ രഹസ്യങ്ങൾ' (Holy mystieries) എന്നു വിളിക്കാനാണ് പൗരസ്ത്യസഭകൾ ആഗ്രഹിക്കുന്നത്. കൂദാശകളുടെ മർമ്മം ബുദ്ധിയിലൂടെയല്ല ഗ്രഹിക്കേണ്ടത്. അർത്ഥവത്തായി കൂദാശാനുഷ്ഠാനങ്ങളിൽ പങ്കുചേരുകയും അതിൽക്കൂടി ആത്മീയാനുഭവം ഉണ്ടാവുകയും ചെയ്യുക എന്നതിന് പൗരസ്ത്യസഭകൾ പ്രാധാന്യം നൽകുന്നു.

### ദൈവസന്നിധിയിൽ നിൽക്കുക

പണ്ഡിതനായ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി കൂദാശകളെ വിശേഷിപ്പിക്കുന്നത് ഈ വിധത്തിലാണ്. ദൈവത്തിനു ചുറ്റും ശ്ലീഹന്മാരും, വിശുദ്ധന്മാരും, മാലാഖമാരും അടുത്തുള്ള ഒരു വലിയ നിരയുണ്ട്. ദൈവത്തിന്റെ ആലോചനാ സമിതി

യെന്ന് മാനുഷികഭാഷയിൽ വിശേഷിപ്പിക്കാം. അവിടെക്കയറിനിൽക്കാൻ അവസരം ലഭിക്കുന്നത് മഹാഭാഗ്യമാണ്. ഭൂമിയിൽ ഈ ആലോചനാസമിതി രൂപം കൊള്ളുന്നത് കൂദാശയിലാണ്. ഓരോ കൂദാശയിലും, ദൈവമാതാവും അപ്പോസ്തോലന്മാരും വാങ്ങിപ്പോയ വിശുദ്ധരും കൂട്ടത്തിൽ പാപികളായ നാമും പങ്കുചേരുന്നു. വിശുദ്ധസ്ഥലത്ത് നിന്ന് നാമും വിശുദ്ധിയിലേക്ക് വളരുവാൻ കൂദാശകൾ ഇടയാക്കുന്നു എന്ന് അദ്ദേഹം പഠിപ്പിക്കുന്നു. വിശുദ്ധീകരണത്തിലേക്കു നയിക്കുക എന്നതാണ് കൂദാശകളുടെ ആത്യന്തിക ലക്ഷ്യം. കൂട്ടത്തിൽ നമ്മുടെ വ്യക്തിപരമായ ദുഃഖങ്ങളും ആവശ്യങ്ങളുമൊക്കെ പങ്കിടുമെങ്കിലും കൂദാശകളുടെ പരമമായ ലക്ഷ്യം അതാകരുത്. “മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക. അതോടുകൂടി ഇവയൊക്കെയും നിങ്ങൾക്കു ലഭിക്കും” (വി. മത്തായി 6:33) എന്ന് കർത്താവ് കല്പിച്ചതുപോലെ ദൈവവുമായി നാം നല്ല ബന്ധത്തിലെത്തിച്ചേരുമ്പോൾ നമുക്ക് ആവശ്യമായ എല്ലാ ഭൗതിക കാര്യങ്ങളും ദൈവം നൽകിക്കൊള്ളും. ദൈവവുമായി നല്ല ബന്ധത്തിൽ നാം വന്നുകഴിഞ്ഞാൽ സ്വാർത്ഥമായി, അത്യാർത്തിയോടെ ഓരോന്നും കൈക്കലാക്കുവാൻ നാം പ്രാർത്ഥിക്കയുമില്ല.

**കൂദാശകളെ നാം എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? ‘വിശുദ്ധ രഹസ്യങ്ങൾ’ എന്നുപറയുമ്പോൾ നാം എന്താണ് അർത്ഥമാക്കുന്നത്. മറ്റു പ്രാർത്ഥനകളിൽ നിന്ന് കൂദാശകൾ എങ്ങനെ വ്യത്യസ്തമായിരിക്കുന്നു?**

അനേകം പ്രാർത്ഥനാക്കൂട്ടങ്ങൾ നമ്മുടെ ചുറ്റും ഉണ്ടാകുന്നുണ്ടല്ലോ. പള്ളി ആരാധനയിൽ പങ്കെടുക്കുന്നവരും, ഇത്തരം കൂട്ടായ്മയിൽ സജീവമായി പങ്കെടുക്കുന്നവരും കാണാം. അത്തരം പ്രാർത്ഥനകളിൽനിന്ന് കൂദാശകൾ എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്നു നാം പഠിക്കേണ്ടിയിരിക്കുന്നു. രണ്ടു കാര്യങ്ങൾ അതിപ്രധാനമാണ്.

1. **കൂദാശകളുടെ ആരംഭം ക്രിസ്തുവിലാണ്.** ക്രിസ്തു തന്നെ ഒരു കൂദാശയാണ് എന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. അതായത് ഏദൻതോട്ടത്തിലെ അനുസരണക്കേടുമൂലം പാപത്തിലായ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ മനുഷ്യർക്കു സാദ്ധ്യമല്ല. ദൈവത്തിനുമാത്രമേ അതു സാധിക്കുകയുള്ളൂ. ദൈവം മനുഷ്യനുമായി സംസർഗ്ഗത്തിലാകാൻ ദൈവത്വവും മനുഷ്യത്വവും ഒത്തുചേർന്ന ദൈവ-മനുഷ്യനെ ആവശ്യമായിരുന്നു. അതിനാൽ ത്രിത്വത്തിൽ രണ്ടാമനായ ക്രിസ്തു ദൈവത്വം വിടാതെ മനുഷ്യത്വം കൂടി സ്വീകരിച്ചു. അങ്ങനെ ദൈവകൃപയെ ലോകത്തിനു നൽകാൻ ക്രിസ്തു മുഖാന്തിരമായിത്തീർന്നു. ആ അർത്ഥത്തിലാണ് ക്രിസ്തുവിലാണ് കൂദാശയുടെ ആദ്യരൂപം ദർശിക്കുന്നത് എന്നുപറയുന്നത്.

2. **കൂദാശകൾ സഭയുടേതാണ്.** വ്യക്തികൾക്ക് ഒരുമിച്ചുകൂടി പ്രാർത്ഥിക്കാം. എന്നാൽ കൂദാശയനുഷ്ഠിക്കാൻ സാദ്ധ്യമല്ല. കൂദാശയർപ്പിക്കുവാൻ ദൈവം ചുമതലപ്പെടുത്തിയത് സഭയെയാണ്. അതായത് കർത്താവ് മനുഷ്യാവതാരകാലത്ത് 12 അപ്പോസ്തോലന്മാരെ തെരഞ്ഞെടുത്ത് കർത്താവ് ഭൂമിയിൽ ചെയ്തതെല്ലാം പിൻതുടരുവാൻ അവർക്ക് അധികാരം നൽകി (വി. മത്തായി 10:1-43). പിന്നീട് 70 അറിയിപ്പുകാർക്കും ഈ അധികാരം നൽകി (ലൂക്കോസ് 10:1-16). ഭൂതങ്ങളെ പുറത്താക്കുവാനും, മരിച്ചവരെ ഉയിർപ്പിക്കാനും രോഗികളെ സൗഖ്യമാക്കുവാനും തുടർന്ന് എല്ലാ നൽവരങ്ങളും സഭയ്ക്കാണ് കർത്താവ് നൽകിയത്. ദൈവകൃപ സംവേദനം ചെയ്യുവാൻ ദൃശ്യമായ മാധ്യമങ്ങൾ ആവശ്യമാണ്. ഉദാഹരണത്തിന് മാമോദീസാ മുക്കുവാൻ കാർമ്മികനും, ജലവും പരിശുദ്ധാത്മാവിന്റെ വ്യാപാരവും വേണം. നമ്മുടെ കർത്താവ് മാമോദീസ ഏറ്റപ്പോൾ അതു കാണുന്നുണ്ട്. “യോർദ്ദാൻ നദിയിലെ വെള്ളം, കാർമ്മികനായി സ്നാപകയോഹന്നാൻ, പരിശുദ്ധാത്മാവിന്റെ ആവാസം” (വി. മത്തായി 3:13-17) ഇവ നാം കാണുന്നു.

ഇതെന്റെ ശരീരമാണ്, രക്തമാണ് എന്നുപറഞ്ഞുകൊണ്ട് പദാർത്ഥപരമായ (matter) അപ്പമാണ് കർത്താവ് വാഴ്ത്തി ശിഷ്യന്മാർക്കു നൽകിയത്. ക്രിസ്തു അതു നൽകുമ്പോൾ കേവലപദാർത്ഥം അപ്പവീഞ്ഞുകളായി മാറുന്നു. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാർക്കു അതു ഒന്നുകൂടി ബോധ്യമായി (വി. ലൂക്കോസ് 24:13-35). ഇങ്ങനെ പദാർത്ഥ പരമായതിൽ ദൈവകൃപ വ്യാപരിക്കണമെങ്കിൽ, വ്യക്തി എത്ര നല്ല ആളാണങ്കിലും സ്വന്തമായി അതു നിവർത്തിക്കാനാവുകയില്ല. സഭയിൽക്കൂടി വേണം ഈ കൃപ വിശ്വാസികളിലേക്കും, ലോകത്തിലേക്കും വ്യാപരിക്കേണ്ടത്. വെള്ളം, തൈലം, അപ്പം, വീഞ്ഞ്, മോതിരം, മാല ഇവയിൽക്കൂടിയെല്ലാം ദൈവകൃപ വ്യാപരിക്കും. സഭയുടെ ഉള്ളിൽവെച്ച് സഭ അധികാരപ്പെടുത്തിയ കാർമ്മികൻ വിശ്വാസികളോട് ചേർന്ന് അത് നിർവഹിക്കുമ്പോഴാണ് ദൃശ്യമാധ്യമങ്ങളിൽക്കൂടി ആദൃശ്യമായ ഈ കൃപ വ്യാപരിക്കുന്നു എന്നു പറയാനാവുന്നത്. അതുകൊണ്ട് പ്രാർത്ഥനാക്കൂട്ടങ്ങളേക്കാൾ, കൂദാശകൾ കൃപ വർഷിക്കുന്ന മുഖാന്തിരങ്ങളായി ഓർത്തഡോക്സ് സഭകൾ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

## പ്രാർത്ഥന

*കൂദാശകളിലെ വിശുദ്ധ കർമ്മങ്ങളിലൂടെ ദൈവത്തിന്റെ കൃപകൾ പ്രാപിപ്പാൻ ഞങ്ങളെ സഹായിക്കണമേ. ആമ്മീൻ.*

## നിശ്ചയം

**തുടർച്ചയായുള്ള വി. കുമ്പസാരത്തിലൂടെയും വി. കുർബ്ബാന അനുഭവത്തിലൂടെയും വിശുദ്ധിയിലേക്ക് വളരുവാൻ ഞങ്ങൾ ശ്രമിക്കും.**

## പ്രവർത്തനങ്ങൾ

1. ദൈവത്തിന്റെ ആലോചന സഭ എങ്ങനെയായിരിക്കുമെന്ന് അധ്യാപകരും കുട്ടികളും ചേർന്ന് ചിത്രീകരിക്കുക.
2. പ്രാർത്ഥനാക്കൂട്ടങ്ങളും കൂദാശകളും തമ്മിൽ എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് ചർച്ചചെയ്യുക.
3. ക്രിസ്തു തന്നെ കൂദാശയാണെന്നുപറയുമ്പോൾ അതേപ്പറ്റി ഒരു ആശയം രൂപപ്പെട്ടിട്ടുണ്ടോ എന്ന് ചർച്ചകളിൽക്കൂടി വ്യക്തമാക്കുക.
4. ദൈവീകരണമാണ് കൂദാശകളുടെ എല്ലാം ആത്യന്തിക ലക്ഷ്യമെങ്കിൽ, വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി കൂദാശകൾ നടത്താമോ എന്നതിനെപ്പറ്റി കൂട്ടായി ചിന്തിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | മത്തായി 28:19-20, യോഹന്നാൻ 3:5 |
| തിങ്കൾ | അ. പ്ര. 19:1-6 | അ. പ്ര. 8:14-17 |
| ചൊവ്വ | യാക്കോബ് 5:14-15 | മർക്കോസ് 19:22-25 |
| ബുധൻ | 1 കൊരി. 11:23-26 | മർക്കോസ് 2:1-10 |
| വ്യാഴം | യോഹന്നാൻ 20:21-23 | മർക്കോസ് 6:12-13 |
| വെള്ളി | അ. പ്ര. 20:25-31 | മർക്കോസ് 10:2-12 |
| ശനി | എഫെ. 5:32-33 | * |

യൂണിറ്റ് 7

# മഹത്വ്യക്തിപരിചയം

പാഠം 22

## വി. ഗീവറുഗീസ് സഹദാ

**മുഖ്യസന്ദേശം:** എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു. (ഫിലി. 1:21) എന്ന പരിശുദ്ധനായ പൗലോസ് ശ്ലീഹായുടെ വാക്കുകൾക്ക് അനുസൃതമായി ക്രിസ്തുവിനുവേണ്ടി ജീവിച്ച് ക്രിസ്തുവിനുവേണ്ടി കൊല്ലപ്പെട്ട ശ്രേഷ്ഠനായ സഹദായാണ് മാർ ഗീവറുഗീസ്. പ്രതികൂലതകളിൽ തളരാതെ ഉറച്ചു നിൽക്കുവാനുള്ള ഒരു ആത്മബലം പ്രാപിക്കുവാനായി അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയപ്പെടാം.

**മനഃപാഠവാക്യം:** "ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെകളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും" (വി. ലൂക്കോസ് 9:24).

### ആമുഖം

സഹദേന്മാരെക്കുറിച്ച് താഴ്ന്ന ക്ലാസ്സുകളിൽ നാം പഠിച്ചിട്ടുണ്ട്. പരിശുദ്ധ സഹദേന്മാരെക്കുറിച്ചും മാർ കുര്യാക്കോസ് സഹദായെക്കുറിച്ചും പഠിച്ചിട്ടുള്ളത് ഓർക്കുമല്ലോ. ലോകം താതസഹോദർ ജാതിയതും തറവാടും ആകെ ഉപേക്ഷിച്ച് യേശുവിനായി ജീവിച്ച് യേശുവിനുവേണ്ടി വധിക്കപ്പെട്ടവരെയാണ് നാം പൊതുവായി സഹദേന്മാർ എന്നു വിളിക്കുന്നത്. അങ്ങനെയുള്ള സഹദേന്മാരിൽ ഭക്തഹൃദയങ്ങളിൽ സ്ഥിര പ്രതിഷ്ഠ നേടിയ ശ്രേഷ്ഠനായ ഒരു സഹദായാണ് മാർ ഗീവറുഗീസ്. പുതുപ്പള്ളിപള്ളിയെക്കുറിച്ച് കേട്ടിട്ടില്ലാത്തവർ ആരെങ്കിലുമുണ്ടോ? ആ പള്ളിയിൽ പോയിട്ടുള്ളവർ ഉണ്ടോ? മാർ ഗീവറുഗീസ് സഹദാ ആരായിരുന്നു? മാർ ഗീവറുഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള അറിയാവുന്ന പള്ളികളുടെ പേരുകൾ പറയാമോ? ഒരു പട്ടാളക്കാരനായി ജീവിതം ആരംഭിച്ച് നല്ല പോർ പൊരുതി വിശ്വാസം കാത്ത് നീതിയുടെ കിരീടം പ്രാപിച്ച മാർ ഗീവറുഗീസ് സഹദായെക്കുറിച്ചാണ് ഇന്നു നാം പഠിക്കുന്നത്.

### പാഠഭാഗം

മാർ ഗീവറുഗീസ് കപ്പദോക്യയിലെ ഒരു ഉന്നത ക്രിസ്ത്യൻ കുടുംബത്തിൽ ക്രിസ്തുവർഷം 283-ൽ ഭൂജാതനായി. പിതാവു മരിച്ചപ്പോൾ മാതാവ് വിശുദ്ധനാട്ടിൽ ജനിച്ചുവളർന്നവളായിരുന്നതിനാൽ മാതാവിനോടൊപ്പം അദ്ദേഹം പലസ്തീനിലേക്ക് താമസം മാറ്റി. അരോഗദൃഢഗാത്രനും കർമ്മോത്സുകനുമായ ആ യുവാവ് സൈന്യസേവനത്തിനായി സ്വയം സമർപ്പിച്ചു. ബുദ്ധിസാമർത്ഥ്യവും കർമ്മനൈപുണ്യവും സേവനതല്പരതയും സത്യസന്ധതയുംമൂലം സൈന്യത്തിൽ പടിപടിയായി ഉയർന്ന യുവാവ് സൈനി

കമേധാവിയായി തീർന്നു. ഡയോക്ലീഷൻ ചക്രവർത്തിയുടെ (എ.ഡി. 284-305 ഭരണകാലം) പ്രീതിനേടിയെടുത്ത ഗീവറുഗീസിനെ ചക്രവർത്തി പല ഉന്നത ഉത്തരവാദിത്തങ്ങളും ഏല്പിക്കുകയുണ്ടായി. വിദേശരാജ്യങ്ങൾ സന്ദർശിക്കുവാനും നയതന്ത്രങ്ങൾ നടത്തുവാനും അദ്ദേഹത്തെ ചക്രവർത്തി നിയോഗിച്ചു.

ഇംഗ്ലണ്ടിലും അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. അവിടുത്തെ അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ അനന്തരഫലമായി കാലാന്തരത്തിൽ ഇംഗ്ലണ്ടിന്റെ പരിരക്ഷകൻ എന്ന പദവിയിലേക്ക് അദ്ദേഹം ഉയർത്തപ്പെട്ടു. അവിടെവെച്ച് ഡയോക്ലിഷൻ ചക്രവർത്തിയുടെ ക്രിസ്തീയ വിരുദ്ധ വിളംബര പ്രഖ്യാപനത്തെക്കുറിച്ച് അറിഞ്ഞ് ഗീവറുഗീസ് തിരിച്ചെത്തി, ചക്രവർത്തിയോട് തന്റെ ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് അദ്ദേഹം അറിയിച്ചു. രാജകീയ വിളംബരത്തിന്റെ കോപ്പി വലിച്ചുകീറി തന്റെ പ്രതിഷേധം അറിയിച്ചു. കോപാകുലനായ ചക്രവർത്തി അദ്ദേഹത്തെ കഠിന പീഡനത്തിന് ഇരയാക്കി. ആണികൾ തറച്ച ചക്രത്തിൽ കയറ്റി മാരകമായ മുറിവേല്പിച്ചും ഉരുക്കിയ ഈയത്തിൽ മുക്കിയും അഗ്നിയിൽ എറിഞ്ഞും അദ്ദേഹത്തെ കൊല്ലാൻ ശ്രമിച്ചിട്ടും അതിൽനിന്നെല്ലാം അദ്ദേഹം രക്ഷപെട്ടു. അവസാനം വാളിനാൽ ശിരച്ഛേദം ചെയ്യപ്പെട്ട് നിക്കോമിദിയായിൽ വച്ച് എ.ഡി. 303 ഏപ്രിൽ 23-ന് കൊല്ലപ്പെടുകയുണ്ടായി എന്നു വിശ്വസിക്കുന്നു. ഡയോക്ലിഷൻ ചക്രവർത്തിയുടെ കാലത്തെ ആദ്യ രക്തസാക്ഷിയായി മാർ ഗീവറുഗീസ് സഹദാ അറിയപ്പെടുന്നു. ലോകമെമ്പാടുമുള്ള വിശ്വാസികൾ ഏപ്രിൽ 23 അദ്ദേഹത്തിന്റെ ഓർമ്മ ദിനമായി ആചരിക്കുന്നു.

അദ്ദേഹത്തിന്റെ ജീവിതചരിത്രത്തോട് അനുബന്ധിച്ച് പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ഒരു ഐതിഹ്യമാണ് സർപ്പകഥ. ലിബിയായിൽ സെലേന എന്ന ഗ്രാമത്തിലെ ചതുപ്പുനിലത്ത് ഉഗ്രവിഷമുള്ള ഒരു സർപ്പം പ്രത്യക്ഷമായി അതിന്റെ വായിൽനിന്ന് പുറപ്പെടുന്ന ഉഗ്രവിഷവാതകം മനുഷ്യരിൽ മാരകരോഗങ്ങൾ ഉളവാക്കി. മാത്രമല്ല, അതു മനുഷ്യരെയും മൃഗങ്ങളെയും ഭക്ഷിക്കുവാനും തുടങ്ങി. ഭയചകിതരായി ജനം ദിനംതോറും രണ്ടു ആടുകളെ വീതം സർപ്പത്തിനു നൽകിത്തുടങ്ങി. ആടുകൾ ഇല്ലാതാകുമ്പോൾ നറുക്കുവീഴുന്ന ഒരു മനുഷ്യനെ കൊടുക്കുക പതിവായി. ഒരു തവണ നറുക്കുവീണത് രാജപുത്രിയായ കന്യകയ്ക്ക് ആയിരുന്നു. മറ്റു മാർഗ്ഗമില്ലാതെ രാജകുമാരിയെ ഒരു വധുവിനെപ്പോലെ ഒരുക്കി, ചതുപ്പുനിലത്തിന്റെ സമീപത്താക്കിയിട്ട് രാജാവും ജനങ്ങളും പിൻവാങ്ങി. ആ സമയത്ത് മാർ ഗീവറുഗീസ് അതുവഴി വന്നു. കന്യകയെ കണ്ടു, വിവരം അന്വേഷിച്ചു. കാര്യം ഗ്രഹിച്ച അദ്ദേഹം സർപ്പത്തെ കൊന്ന് കന്യകയെ രക്ഷപെടുത്തി. സർപ്പത്തിന്റെ ഉടൽ നാലുവണ്ടിയിൽ കയറ്റിയാണത്രെ കൊണ്ടുപോയത്. രാജാവും പ്രജകളും ക്രിസ്ത്യാനികളായി.

ഈ ഇതിഹാസകഥയുടെ സത്യം ഒരു വിവാദവിഷയമാണ്. സത്യമാണെങ്കിലും അല്ലെങ്കിലും ഈ കഥ നമുക്ക് നൽകുന്ന ഒരു വലിയ സന്ദേശമുണ്ട്. ക്രിസ്തീയ ജീവിതം ഒരു പോരാട്ടമാണ്. സത്യവിശ്വാസത്തിനും ധർമ്മത്തിനും നീതിക്കും വേണ്ടിയും, അധർമ്മത്തിനും അനീതിക്കും പൈശാചിക ശക്തികൾക്കുമെതിരെയും പടപൊരുതേണ്ട ഒരു പടയാളിയാണ് ഓരോ ക്രിസ്ത്യാനിയും. സർപ്പം പിശാചിന്റെ പ്രതീകമായി ഉല്പത്തി പുസ്തകം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

## പ്രാർത്ഥന

*പരിശുദ്ധനായ മാർ ഗീവറുഗീസ് സഹദാ, പരീക്ഷകളിൽ പതറിപ്പോകാതെയും, പ്രശ്നങ്ങളിലും പ്രതികൂലതകളിലും തകർന്നുപോകാതെയും ആത്മബലം പ്രാപിച്ച് വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചു പോകാതെ നില്പാൻ അവിടുന്നു ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മീൻ.*

## നിശ്ചയം

**വി. ഗീവറുഗീസ് സഹദായെപ്പോലെ അനീതിക്കെതിരെ ജീവൻവച്ചും പോരാടുവാൻ ഞങ്ങൾ തയ്യാറാകും.**

## നമുക്ക് ചിന്തിക്കാം

1. മാർ ഗീവറുഗീസ് സഹദാ ആരായിരുന്നു?
2. മാർ ഗീവറുഗീസ് സഹദാ ജീവിച്ചിരുന്ന കാലഘട്ടം ഏത്?
3. അദ്ദേഹത്തിന്റെ ഓർമ്മദിനം എന്നാണ്?
4. അദ്ദേഹത്തിന്റെ കാലത്ത് ഭരിച്ചിരുന്ന ചക്രവർത്തിയുടെ പേരെന്ത്?
5. മാർ ഗീവറുഗീസിന്റെ നാമത്തിലുള്ള പ്രശസ്തമായ ദേവാലയങ്ങൾ ഏവ?
6. മാർ ഗീവറുഗീസിന്റെ പേരിലുള്ള പ്രശസ്തമായ ഐതിഹ്യം എന്താണ്?
7. ഇംഗ്ലീഷുകാർ അദ്ദേഹത്തിനു നൽകിയിരിക്കുന്ന സ്ഥാനം എന്ത്?

## പ്രവർത്തനങ്ങൾ

മാർഗ്ഗംകളിപ്പാട്ടിൽ ഗീവറുഗീസ് സഹദായെക്കുറിച്ചുള്ള വരികൾ പാടികേൾപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുക. കഴിയുമെങ്കിൽ കുട്ടികളെ മാർഗ്ഗംകളി പഠിപ്പിക്കുക.

### തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | റോമർ 8:31–35 |
| തിങ്കൾ | ലൂക്കോസ് 6:20–26 | മത്തായി 10:26–33 |
| ചൊവ്വ | 2 തീമോ. 1:1–12 | എബ്രാ. 10:26–29 |
| ബുധൻ | 1 തെസ്സ. 2:1–15 | റോമർ 13:1–14 |
| വ്യാഴം | 2 കൊരി. 6:1–10 | റോമർ 9:1–13 |
| വെള്ളി | അ. പ്ര. 12:1–19 | റോമർ 5:12–21 |
| ശനി | 2 കൊരി. 4:7–10 | * |

പാഠം 23

# വി. യൗസേഫ്

**മുഖ്യസന്ദേശം:** സ്വന്ത ഇഷ്ടം ഉപേക്ഷിച്ച് ദൈവഹിതത്തിനു സ്വയം സമർപ്പിച്ച്, ദൈവ വചനപ്രകാരം ജീവിച്ച ഒരു പരിശുദ്ധനാണ് ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ വളർത്തച്ഛനായ വി. യൗസേഫ്. നീതിമാൻ എന്ന് വി. വേദപുസ്തകം സാക്ഷിക്കുന്ന വി. യൗസേഫിന്റെ മദ്ധ്യസ്ഥത ദൈവനീതിക്കനുസരണമായി ജീവിക്കുവാൻ നമ്മെ സഹായിക്കട്ടെ.

**മനഃപാഠം:** "നീതിക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർ തൃപ്തരാകും" (വി. മത്തായി 5:6).

## ആമുഖം

യേശു ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചും വി. കന്യകമറിയാമിനെക്കുറിച്ചും മുൻക്ലാസ്സുകളിൽ പഠിച്ചിട്ടുള്ളത് അനുസ്മരിക്കുക. ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ വി. കന്യകമറിയാമിനുള്ള അതുല്യസ്ഥാനത്തെക്കാൾ അപ്രധാനമല്ലാത്ത ഒരു സ്ഥാനം അർഹിക്കുന്ന ഒരു വ്യക്തിയാണ് വി. യൗസേഫ്. മശിഹാതമ്പുരാന്റെ രക്ഷാകരപദ്ധതിയിൽ വി. യൗസേഫ് എങ്ങനെ പങ്കാളിയാകുന്നുവെന്ന് വി. വേദപുസ്തകത്തിലെ പരാമർശങ്ങളിലൂടെ വെളിവാകുന്നുണ്ട്.

മലങ്കരസഭയിൽനിന്നുള്ള പ്രഖ്യാപിത പരിശുദ്ധന്മാർ ആരെല്ലാം? ആരാണ് പരിശുദ്ധന്മാർ? ദൈവത്തിന്റെ ഇഷ്ടം അനുസരിച്ച് ജീവിക്കുകയും, ദൈവിക സംസർഗ്ഗത്തിലും മനുഷ്യസ്നേഹത്തിലും ഉത്തമ മാതൃക നൽകുകയും ചെയ്തിട്ടുള്ളവരെ നാം പരിശുദ്ധന്മാർ എന്നു വിളിക്കുന്നു. അങ്ങനെയുള്ളവരുടെ പട്ടികയിൽപെട്ട ഒരു പരിശുദ്ധനാണ് വി. യൗസേഫ്. അദ്ദേഹത്തിന്റെ ശ്രേഷ്ഠത എന്തെന്ന് വി. വേദപുസ്തകാടിസ്ഥാനത്തിൽ നമുക്ക് പഠിക്കാം.

## പാഠഭാഗം

യേശുവിന്റെ വളർത്തുപിതാവായ യൗസേഫ് യഹൂദാ ഗോത്രത്തിൽ ദാവീദിന്റെ വംശത്തിലാണ് ജനിച്ചത്. (വി. മത്തായി 1:1-17, വി. ലൂക്കോസ് 3:24-38, വംശാവലി ശ്രദ്ധിക്കുക). വി. യൗസേഫും, വി. കന്യകമറിയമും തമ്മിൽ വിവാഹം കഴിക്കുകയോ വിവാഹബന്ധത്തിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. വി. യൗസേഫിന്റെ മുൻ വിവാഹത്തിൽനിന്നുള്ള മക്കളാണ് വി. മത്തായി 13:55-ൽ പറഞ്ഞിരിക്കുന്ന യാക്കോബ്, യോസെ, ശീമോൻ, യൂദാ എന്നിവർ എന്നാണ് പാരമ്പര്യമായി കരുതുന്നത്.

യോസേഫിന്റെയും മറിയയുടെയും വിവാഹനിശ്ചയം കഴിഞ്ഞ സന്ദർഭത്തിലാണ് കന്യകമറിയാം പരിശുദ്ധാത്മാവിനാൽ ഗർഭിണിയാകുന്നത്. മറിയാം ഗർഭിണിയായി എന്ന വാർത്ത അറിഞ്ഞ യോസേഫിന്റെ പ്രതികരണമാണ് അദ്ദേഹത്തെ ശ്രേഷ്ഠനാക്കുന്നത്. യൗസേഫിന്റെ ആദ്യപ്രതികരണം വി. മത്തായി 1:19-ൽ നാം ഇങ്ങനെ വായിക്കുന്നു. 'അവളുടെ ഭർത്താവായ യൗസേഫ് നീതിമാനാകകൊണ്ടും അവൾക്ക് ലോകാപവാദം വരുത്തുവാൻ മനസ്സില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിക്കുവാൻ തീരുമാ

നിച്ചു.' പരസ്യമായി ഉപേക്ഷിക്കുകയാണ് ശരിയായ നടപടി. അത് അവൾക്ക് ലോകാപവാദം വരുത്തുമെന്ന് തിരിച്ചറിഞ്ഞ യൗസേഫ് അവളെ രഹസ്യമായി ഉപേക്ഷിക്കുവാൻ ആലോചിക്കുന്നു. താൻമൂലം മറ്റൊരാൾക്ക് ലോകാപവാദം ഉണ്ടാകരുതെന്ന് ചിന്തിക്കുന്നവനാണ് നീതിമാൻ. അന്യരുടെ കുറ്റം പറഞ്ഞു നടക്കുന്നവർ നീതിമാന്മാർ ആകയില്ല. അപ്പോൾ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട്, 'മറിയയെ സ്വീകരിക്കണമെന്നും അവളിൽ ഉല്പാദിതമായിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണെന്നും അവന് യേശുവെന്നു പേരിടേണം' എന്നും യൗസേഫിനെ അറിയിക്കുന്നു. ദൈവവചനപ്രകാരം യൗസേഫ് മറിയയെ സ്വീകരിച്ചു. ദൈവത്തിന്റെ അരുളപ്പാടു ലഭിച്ച യൗസേഫിനെപ്പോലെ ഒരാൾ പുതിയനിയമത്തിലില്ല. നാലുപ്രാവശ്യം യൗസേഫിനെ സ്വപ്നത്തിൽ അരുളപ്പാടുണ്ടായതായി നമുക്കു കാണാം.

മറിയാം പൂർണ്ണഗർഭിണിയായിരിക്കുമ്പോഴാണ് പേർവഴി ചാർത്തുവാനുള്ള (census) ഔഗസ്തോസ് കൈസറുടെ ആജ്ഞ ഉണ്ടാകുന്നത്. യൗസേഫ് ഗർഭിണിയായ മറിയയോടുകൂടെ ഗലീലയിലെ നസ്രേത്തിൽനിന്ന് സ്വന്തപട്ടണമായ ബേത്‌ലഹേമിലേക്ക് യാത്ര തിരിച്ചു. വി. യൗസേഫ് ക്രിസ്തുവിനുവേണ്ടി സഹിച്ച കഷ്ടതകളുടെ മഹത്വമാണ് നാം ഇനി കാണുന്നത്. കഷ്ടപ്പെട്ട് ദീർഘദൂരം യാത്രചെയ്ത് ബേത്‌ലഹേമിൽ എത്തിയ അവർക്ക് താമസിക്കാൻ ഇടം കിട്ടിയില്ല. മറിയാമിന് ഈറ്റുനോവ് ആരംഭിച്ചു. പ്രസവവേദനകൊണ്ടു പുളയുന്ന മറിയാമിന് ഒരു സ്ഥലം കിട്ടാതെ അലയുന്ന യൗസേഫിന്റെ മാനസിക സംഘർഷം മഹനീയമാണ്. ഒരിടത്തും സ്ഥലം ലഭിക്കായ്കയാൽ കല്ലടാവിൽ പ്രസവിച്ചു എന്ന് ആരാധനാപാരമ്പര്യം പഠിപ്പിക്കുന്നു. വഴിയമ്പലത്തിൽ സ്ഥലം ഇല്ലായ്കയാൽ പശുത്തൊഴുത്തിൽ കിടത്തി എന്ന് വി. ലൂക്കോസ് 2:7-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

യഹൂദ ന്യായപ്രമാണപ്രകാരം ശിശുവിനെ എട്ടാം നാൾ പരിച്ഛേദന കഴിച്ചു. (ലൂക്കോസ് 2:21) നാല്പതു ദിവസം തികഞ്ഞപ്പോൾ യറുശലേം ദേവാലയത്തിൽ പോയി രണ്ടു പ്രാവിൻ കുഞ്ഞിനെ യാഗം അർപ്പിച്ചു (ലൂക്കോസ് 2:24). ശിമയോനും ഹന്നായും ശിശുവിനെ സന്ദർശിക്കുന്നു. അവിടെയെല്ലാം യൗസേഫും കൂടെയുണ്ടായിരുന്നു. കിഴക്കുനിന്നുള്ള വിദ്വാന്മാർ യേശുക്കുഞ്ഞിനെ വന്ന് കണ്ട് കാഴ്ചകൾ അർപ്പിച്ചു.

എല്ലാം ശാന്തമായി എന്നു കരുതി സന്തോഷിച്ചിരിക്കുമ്പോഴാണ് രണ്ടുവയസ്സിൽ താഴെ പ്രായമുള്ള കുഞ്ഞുങ്ങളെ വധിക്കുവാനുള്ള ഹേരോദാവിന്റെ കല്പന ഉണ്ടാകുന്നത്. അതിനുമുമ്പുതന്നെ സ്വപ്നത്തിൽ ദർശനമുണ്ടായി. കാര്യം ഗ്രഹിച്ച യൗസേഫ് മറിയാമിനെയും കുഞ്ഞിനെയുംകൊണ്ട് പ്രാണരക്ഷാർത്ഥം മിസ്രയീമിലേക്ക് ഓടിപ്പോയി. ഹേരോദാവിന്റെ മരണശേഷം യൗസേഫ് സകുടുംബം നസ്രേത്തിൽ താമസമാക്കി. അങ്ങനെ കർത്താവിനു നസ്രായൻ എന്നു പേരുലഭിച്ചു. മരപ്പണിചെയ്ത് യൗസേഫ് കുടുംബം പുലർത്തി.

യേശുവിന് പന്ത്രണ്ടുവയസ്സുള്ളപ്പോൾ ആണ് പിന്നീട് നാം യൗസേഫിനെ കാണുന്നത്. ഒരു യഹൂദബാലൻ ന്യായപ്രമാണത്തിന്റെ പുത്രൻ എന്ന പദവിയിലേയ്ക്ക് ഉയർത്തപ്പെടുന്നത് പന്ത്രണ്ടാം വയസ്സിലാണ്. ന്യായപ്രമാണം പൂർണ്ണമായി അവൻ അനുസരിക്കേണ്ടതാണ്. യൗസേഫും മറിയാമും ആണ്ടുതോറും പെരുന്നാളിന് പോകുക പതിവായിരുന്നു. അന്ന് യേശുവും പോയി. യേശു ശാസ്ത്രിമാരുടെ അടുക്കൽ ഇരിക്കുന്നത്, പെരുനാളിന്റെ തിരക്കിൽ ശ്രദ്ധിക്കാതെ മാതാപിതാക്കൾ തിരികെപ്പോയി. മാതാവിന്റെ കൂടെ കാണുമെന്ന് പിതാവും അപ്പന്റെ കൂടെ കാണുമെന്ന് അമ്മയും കരുതി. ഒരു ദിവസത്തെ യാത്ര കഴിഞ്ഞാണ് യേശു കൂടെയില്ലെന്ന് അവർ അറിയുന്നത്. അപ്പോ

ഴത്തെ മാതാപിതാക്കളുടെ പരിഭ്രമവും ഊഹിക്കാവുന്നതാണ്. മൂന്നു ദിവസത്തിനുശേഷമാണ് യേശുവിനെ ദേവാലയത്തിൽവച്ച് കണ്ടുമുട്ടുന്നത് എന്ന വിവരണം ഈ സത്യം വ്യക്തമാക്കുന്നു. സംഭവത്തിന്റെ വിവരണത്തിലെ അവസാനവാക്യം ശ്രദ്ധിക്കേണ്ടതാണ്. 'പിന്നെ അവൻ അവരോടുകൂടെ ഇറങ്ങി നസ്രേത്തിൽ വന്ന് അവർക്ക് കീഴടങ്ങിപ്പാർത്തു.' മാതാപിതാക്കളെ ബഹുമാനിക്കണമെന്നും അനുസരിക്കണമെന്നും ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു.

പിന്നെ വി. യൗസേഫിനെക്കുറിച്ച് ഒന്നും വി. വേദപുസ്തകം പറയുന്നില്ല. എങ്കിലും കർത്താവിന്റെ പരസ്യശുശ്രൂഷകാലത്ത് യൗസേഫ് ഉണ്ടായിരുന്നില്ല എന്ന് വിശ്വസിക്കുന്നതിൽ തെറ്റില്ല. കർത്താവിന്റെ യൗവനാരംഭകാലത്തുതന്നെ വി. യൗസേഫ് ഇഹലോകവാസം വെടിഞ്ഞു എന്നാണ് വിശ്വസിക്കുന്നത്. ദൈവത്തിന്റെ കല്പന ശിരസ്സാവഹിച്ച് ക്രിസ്തുവിനുവേണ്ടി കഷ്ടത ഏറ്റെടുത്ത വി. യൗസേഫിന്റെ മദ്ധ്യസ്ഥത കഷ്ടതകളിൽ തളർന്നുപോകാതിരിപ്പാൻ നമ്മെ സഹായിക്കട്ടെ.

## പാട്ട്

യിസ്രായേല്യൻ - ദാവീദിൻ പുത്രൻ - ശില്പകലാകാരൻ
കന്യകയുടെ കാവൽപുരുഷൻ - വന്ദ്യവയോധികമൗലിമണി
കർത്താവിന്റെ വളർത്തുപിതാവുത്തമശീലൻ യൗസേഫേ
ഓർക്കണമേ ഞങ്ങളെയെന്നാളും.

## പ്രാർത്ഥന

*വിശുദ്ധനായ യൗസേപ്പേ, കഷ്ടതകളിൽ തളർന്നുപോകാതെ കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നുവെന്ന് അറിഞ്ഞ് കഷ്ടതയിലും പ്രശംസിപ്പാൻ, അങ്ങയുടെ പുത്രനോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ. ആമ്മീൻ.*

## നിശ്ചയം

**കർത്താവിന്റെ കല്പനകളോട് എന്നും നീതിപുലർത്തിക്കൊണ്ട് ഞങ്ങൾ ജീവിക്കും.**

## നമുക്ക് ചിന്തിക്കാം

1. യൗസേഫ് എന്ന പദത്തിന്റെ അർത്ഥമെന്ത്?
2. യൗസേഫ് ഏതു വംശത്തിലാണ് ജനിച്ചത്?
3. യൗസേഫിന്റെ ജന്മദേശം ഏത്?
4. യൗസേഫ് സകുടുംബം ജീവിച്ചതെവിടെ?
5. യൗസേഫിന്റെ തൊഴിൽ എന്തായിരുന്നു?
6. യൗസേഫിനെ വി. വേദപുസ്തകം വിശേഷിപ്പിക്കുന്നത് എങ്ങനെ?
7. യൗസേഫിന്റെ മക്കളുടെ പേരുകൾ എന്തെല്ലാം?
8. യൗസേഫിന് ദൈവികദർശനം എത്രതവണ ഉണ്ടായി?

## പ്രവർത്തനങ്ങൾ

1. യൗസേഫ് രഹസ്യമായി മറിയാമിനെ ഉപേക്ഷിക്കുവാൻ തീരുമാനിച്ചത് എന്തുകൊണ്ട്? ശരിയായിരുന്നത് (✓) ടിക് ചെയ്യുക.
   1. ന്യായപ്രമാണപ്രകാരം
   2. അവൾക്ക് ലോകാപവാദം ഉണ്ടാകാതിരിപ്പാൻ
   3. തനിക്കുണ്ടാകാവുന്ന അപമാനം ഭയന്ന്
2. യൗസേഫിന്റെ സ്വഭാവത്തിലെ പ്രത്യേകതകൾ എന്തെല്ലാം ശരിയായതിന് (✓) ടിക് തെറ്റിന് ( x ) ഇടുക.
   1. നീതിമാൻ.
   2. പ്രതിസന്ധികളിൽ തളരുന്നു.
   3. ദൈവവചനം അനുസരിക്കുന്നു.
   4. കഷ്ടതകൾ ഏറ്റെടുക്കുവാനുള്ള മനസ്സ്.
3. ചേരുംപടി ചേർക്കുക.

| | |
|---|---|
| ഔഗസ്തോസ് കൈസർ | അപ്പത്തിന്റെ ഭവനം |
| ഹേരോദാവ് | യഹോവ വർദ്ധിപ്പിക്കട്ടെ |
| യൗസേഫ് | പേർവഴിചാർത്തൽ |
| ബേത്‌ലഹേം | ശിശുവധം |

### തുടർവായനയ്ക്ക്

| ദിവസം | രാവിലെ | വൈകിട്ട് |
|---|---|---|
| ഞായർ | * | മത്തായി 1:18-24 |
| തിങ്കൾ | പുറപ്പാട് 20:8-12 | മത്തായി 2:1-12 |
| ചൊവ്വ | സദൃ. 6:20-23 | മത്തായി 2:13-18 |
| ബുധൻ | ഉല്പത്തി 2:18-25 | മത്തായി 2:19-23 |
| വ്യാഴം | 1 കൊരി. 3:9-12 | ലൂക്കോസ് 2:1-7 |
| വെള്ളി | 1 പത്രോസ് 5:5-7 | ലൂക്കോസ് 2:2124 |
| ശനി | ലൂക്കോസ് 2:41-51 | * |

യൂണിറ്റ് 8

# നല്ല ശീലങ്ങൾ

പാഠം 24

## അതിഥി സൽക്കാരം

**മുഖ്യസന്ദേശം:** എപ്പോഴും അന്യരോട് സ്നേഹമായും ദയവായും ബഹുമാനപുരസ്സരം പെരുമാറി നന്മ പ്രവർത്തിക്കുവാൻ സജ്ജരാകുക.

**മനഃപാഠവാക്യം:** “മനുഷ്യർ നിങ്ങൾക്ക് ചെയ്യണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും നിങ്ങൾ അവർക്ക് ചെയ്യുവിൻ” (വി. മത്തായി 7:12).

### ആമുഖം

നമ്മൾ മറ്റൊരു വീട്ടിൽ കയറിച്ചെല്ലുമ്പോൾ അവിടെ ഉള്ളവരിൽനിന്ന് എന്താണ് നാം പ്രതീക്ഷിക്കുന്നത്? സ്നേഹത്തോടെയുള്ള ഒരു സ്വീകരണം, നമുക്ക് ആവശ്യമുള്ള തൊക്കെ പിറുപിറുപ്പ് കൂടാതെ തരിക. എല്ലാ വിധത്തിലും നമ്മോട് സ്നേഹത്തോടെ പെരുമാറുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് നമുക്ക് സന്തോഷകരമായിരിക്കും. അതു പോലെ നാം മറ്റുള്ളവരെയും സ്വീകരിക്കുകയും അവരോട് പെരുമാറുകയും ചെയ്യുന്ന ആതിഥ്യമര്യാദകളാണ് ഇന്ന് നാം പഠിക്കുന്നത്.

### പാഠഭാഗം

നമ്മുടെ വീട്ടിലേക്ക് രണ്ട് അതിഥികൾ വരുന്നു എന്ന് വിചാരിക്കുക. അവരെ കാണുമ്പോൾ നമ്മുടെ മനസ്സിൽ സന്തോഷമാണോ നീരസമാണോ ഉണ്ടാകുന്നത്. സന്തോഷത്തോടെ അവരെ സ്വീകരിക്കുകയാണ് നാം ചെയ്യേണ്ടത്. എപ്പോഴും അന്യരോട് സ്നേഹമായും ദയവായും ബഹുമാനപുരസ്സരം പെരുമാറുന്നതിനാണ് സൽപെരുമാറ്റം എന്ന് പറയുന്നത്. നാം പാലിക്കേണ്ട സൽപ്പെരുമാറ്റങ്ങൾ പലവിധത്തിലുണ്ട്. അതിഥികളെ സ്വീകരിക്കുവാനും ബഹുമാനപൂർവം അവരോട് പെരുമാറുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

ഒരു ദിവസം ഉച്ചകഴിഞ്ഞ് മാതാപിതാക്കൾ പതിനൊന്ന് വയസ്സുള്ള മകൾ സൂസനെയും എട്ടുവയസ്സുള്ള മകൻ റിജോയെയും വീട്ടിൽ ആക്കിയിട്ട് അവരുടെ സുഹൃത്തിനെ സന്ദർശിക്കുവാൻ പോയി. അഞ്ചുമണി ആയപ്പോൾ അവരുടെ കൊച്ചമ്മയും ഭർത്താവും ഈ വീട്ടിലേക്ക് വന്നു. സൂസൻ ഗൃഹപാഠങ്ങൾ ചെയ്യുകയും റിജോ ക്രിക്കറ്റ് കളിക്കുകയും ചെയ്യുകയായിരുന്നു. അതിഥികളെ കണ്ടമാത്രയിൽ അവർ ഓടിച്ചെന്ന് അവരെ സ്വീകരണമുറിയിൽ ഇരുത്തി. അല്പം കുശലപ്രശ്നങ്ങൾക്ക് ശേഷം സൂസൻ അടുക്കളയിൽ പോയി ചായ തയ്യാറാക്കി. അലമാരയിൽനിന്നും കേക്ക്, പഴം മുതലായവയുമായി വന്നു. ആ സമയം റിജോ അതിഥികളോട് സംസാരിച്ചുകൊണ്ടിരുന്നു. കുറേ കഴിഞ്ഞ് അവർ പോകുവാൻ ഇറങ്ങിയപ്പോൾ അവരുടെ മാതാപിതാക്കൾ വന്നു. അതിഥികളെ സൽക്കരിക്കുവാൻ സാധിക്കാത്തതിനാൽ രാജന്റെയും സൂസന്റെയും അമ്മ ദുഃഖം പ്രകടിപ്പിച്ചു. എന്നാൽ അതിഥികളാകട്ടെ സൂസന്റെയും റിജോയുടെയും കർമ്മകുശലതയെ

ശ്ലാഘിച്ചു. റിജോ കളി ഉപേക്ഷിച്ച് ഉപചാരപൂർവ്വം അവരോട് വർത്തമാനം പറഞ്ഞിരുന്നതും സൂസൻ അവസരോചിതമായി സത്ക്കരിച്ചതും ഉചിതമായി. ഈ സ്ഥാനത്ത് നിങ്ങൾ ആയിരുന്നുവെങ്കിൽ എന്ത് ചെയ്യുമായിയിരുന്നു.

സംസ്കാരത്തിന്റെ പ്രധാന ലക്ഷണമാണ് നല്ല പെരുമാറ്റങ്ങൾ. മറ്റുള്ളവരിൽ സന്തോഷവും മതിപ്പും ഉളവാക്കുവാൻ കഴിയുന്ന പെരുമാറ്റം വലിയ മൂലധനം തന്നെ. അതു നമ്മെ ഔന്നത്യത്തിലേക്ക് വഴി നടത്തും. വിദ്യാഭ്യാസംകൊണ്ട് മാത്രം അത് ലഭിക്കുകയില്ല. നല്ല പരിശീലനമാണ് അതിന് ആവശ്യം. ബ്രിട്ടീഷ് ചക്രവർത്തിയായിരുന്ന ജോർജ് അഞ്ചാമന്റെ മേശപ്പുറത്ത് എപ്പോഴും ശ്രദ്ധപതിയത്തക്കവണ്ണം ഇപ്രകാരം എഴുതിവച്ചിരുന്നുവത്രേ. “ഈ ലോകത്തിൽക്കൂടി നാം ഒരിക്കലേ പോവുകയുള്ളു. ആ യാത്രയിൽ മറ്റുള്ളവരെ സഹായിക്കുവാനും സന്തോഷിപ്പിക്കുവാനും ലഭിക്കുന്ന അവസരങ്ങൾ ഒന്നും പാഴാക്കരുത്.” എല്ലാവരും ജീവിതത്തിൽ ശ്രദ്ധിക്കേണ്ട ഒരു തത്ത്വമാണിത്.

മര്യാദപൂർവ്വമായ പെരുമാറ്റത്തിനുള്ള പരിശീലനം ചെറുപ്രായത്തിൽ ഭവനാന്തരീക്ഷത്തിൽ നിന്നാണ് ലഭിക്കേണ്ടത്. കുടുംബാംഗങ്ങൾ തമ്മിലുള്ള പെരുമാറ്റത്തിൽനിന്നാണ് അതിന്റെ ബാലപാഠങ്ങൾ പഠിക്കുന്നത്. അതിഥികളെ ഉപചാരപൂർവ്വം സ്വീകരിക്കുകയും വിനയത്തോടും സ്നേഹത്തോടുംകൂടി അവരോട് വർത്തിക്കുകയും ചെയ്യാൻ ചെറുപ്രായത്തിൽതന്നെ പരിശീലനം ലഭിക്കേണ്ടതാണ്. അത് മാതാപിതാക്കളിൽനിന്നും മറ്റ് മുതിർന്നവരിൽനിന്നും കുഞ്ഞുങ്ങൾ പഠിക്കുന്നു. വിശ്വാസികളുടെ പിതാവും ദൈവത്തിന്റെ സ്നേഹിതനുമായിരുന്ന അബ്രഹാമിന്റെ അതിഥിസൽക്കാരം (ഉല്പത്തി 18:1-10, 16) നമുക്ക് മാതൃകാപരമാണ്.

### അബ്രഹാമിന്റെ അതിഥിസൽക്കാരം

അബ്രഹാമും കുടുംബവും ഹെബ്രോനിൽ മെമ്രെയുടെ തോപ്പിൽ പാർക്കുന്ന സമയത്ത് സന്തോഷകരമായ ഒരു അനുഭവമുണ്ടായി. അവർ പാർത്തിരുന്ന കൂടാരത്തിലേക്ക് മൂന്ന് പുരുഷന്മാർ കടന്നുവന്നു. അപരിചിതരായ അവരെ അബ്രഹാം കണ്ടപ്പോൾ ഓടിച്ചെന്ന്, സാഷ്ടാംഗപ്രണാമം ചെയ്ത് അവരെ ആദരപൂർവ്വം സ്വീകരിച്ചു. അനന്തരം അബ്രഹാം അവരോട് പറഞ്ഞത് ‘എന്നോട് പ്രിയമുണ്ടെങ്കിൽ അടിയനെ കടന്നുപോകരുതെ. അസാരം വെള്ളം കൊണ്ടുവന്ന് നിങ്ങളുടെ കാലുകളെ കഴുകട്ടെ. വൃക്ഷത്തിൻകീഴിൽ ഇരിപ്പിൻ. ഞാൻ ഒരു മുറി അപ്പം കൊണ്ടുവരാം. വിശപ്പ് അടക്കിയിട്ട് നിങ്ങൾക്ക് പോകാം.’ അപ്രകാരം ഒക്കെ അബ്രഹാം ചെയ്തു. ഈ മൂന്ന് പുരുഷന്മാർ ദൈവത്തിന്റെ പ്രത്യക്ഷപ്പെടൽ വെളിപ്പെടുത്തുന്നവരായിരുന്നു. അബ്രഹാം അപരിചിതരായ അതിഥികളെ ഉപചാരപൂർവ്വം സ്വീകരിച്ച് സൽക്കരിച്ചത് അബ്രഹാമിന് അനുഗ്രഹത്തിന് കാരണമായി. ഭവനത്തിൽ എത്തിയ അതിഥികൾ അവർക്ക് ലഭിച്ച സ്വീകരണത്തിലും സൽക്കാരത്തിലും തികഞ്ഞ സംതൃപ്തിയിലായി. അതിന്റെ പ്രതിഫലമായി ഒരു വർഷത്തിനകം അബ്രഹാമിന് ഒരു മകൻ ഉണ്ടാകുമെന്ന് അനുഗ്രഹം നൽകി.

### കർത്താവിന് ആതിഥ്യം അരുളിയ ഭവനം (വി. ലൂക്കോ 10:38-42)

ബഥാന്യയിലെ ലാസ്സറിന്റെ ഭവനത്തെ കർത്താവ് ഏറെ സ്നേഹിച്ചിരുന്നു. ആ ഭവനത്തിൽ കർത്താവിന് സ്നേഹപൂർവ്വമായ ആതിഥ്യമാണ് ലഭിച്ചിരുന്നത്. അവർ ദൈവവചനം കേൾക്കുന്നതിനും സന്തോഷത്തോടെ ശുശ്രൂഷിപ്പിക്കുന്നതിനും ആനന്ദം കണ്ടെത്തിയിരുന്നു. ആയതിനാൽ ലാസറിനെ ഉയിർപ്പിച്ച് പ്രത്യാശയുടെ വലിയ മഹത്വം കർത്താവ് കാണിച്ചുകൊടുത്തു.

വിശുദ്ധ പൗലോസിന്റെ പ്രബോധനങ്ങളിൽ ആവർത്തിച്ച് പറയുന്ന ഒരു വിഷയമാണ് അതിഥികളെ സ്വീകരിക്കുക എന്നത്. "വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അതിഥിസൽക്കാരം ആചരിക്കുകയും ചെയ്‌വീൻ" (റോമർ 12:13). സഭാദ്ധ്യക്ഷന്മാരെപ്പറ്റി പറയുമ്പോൾ പരിശുദ്ധനായ പൗലോസ് തിമോത്തിയോസിനെ ഓർമ്മിപ്പിക്കുന്നു. "എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏക ഭാര്യയുടെ ഭർത്താവും നിർമദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കണം" (1 തിമൊഥെയോസ് 3:2). പുതിയനിയമകാലത്ത് സഞ്ചാരികൾക്ക് താമസിക്കുവാൻ അപൂർവ്വമായി മാത്രമേ സത്രങ്ങൾ ഉണ്ടായിരുന്നുള്ളു. അവിടുത്തെ താമസം പലപ്പോഴും സുരക്ഷിതമല്ലായിരുന്നു. അതുകൊണ്ട് വിശ്വാസികളായ ആളുകൾ ഒരോ സ്ഥലത്ത് എത്തുമ്പോൾ അവരെ വിശ്വാസികളുടെ ഭവനത്തിൽ ചേർത്തുകൊള്ളുവാൻ താൽപര്യപ്പെട്ടിരുന്നു. ആതിഥ്യം എന്നുള്ളത് ഒരു കുടുംബത്തിന്റെ കടമയായി കരുതി മറ്റുള്ളവരുമായി സൗഹൃദബന്ധം പുലർത്തുന്നവർ അതിഥിസൽക്കാരത്തിൽ തൽപ്പരരായിരിക്കും.

പെരുമാറ്റത്തിൽ ശ്രദ്ധയുള്ള വ്യക്തി ആരോടു പെരുമാറുമ്പോഴും അത് ഓർമ്മ വയ്ക്കും. കുടുംബാംഗങ്ങളോടും സന്ദർശകരോടും സഹപ്രവർത്തകരോടും പൊതുജനങ്ങളോടും എല്ലാം തന്നെ ഭംഗിയായ പെരുമാറ്റംകൊണ്ട് നാം മറ്റുള്ളവരെ ആകർഷിക്കുന്നു. അവരുമായുള്ള സൗഹൃദം നിലനിർത്തുവാൻ അത് ഉപകരിക്കുന്നു. മറ്റുള്ളവരെ വിനയപൂർവ്വം ബഹുമാനിക്കുവാനും ആദരപൂർവ്വം അവരോട് പെരുമാറുവാനും കഴിയുക.

## പ്രാർത്ഥന

*കർത്താവേ, അതിഥികളെ സന്തോഷത്തോടെ സൽക്കരിക്കുവാൻ ആവശ്യമായ മനസ്സും സാഹചര്യവും എന്നും ഞങ്ങൾക്കു നൽകേണമേ. ആമ്മീൻ.*

## നിശ്ചയം

**നമ്മുടെ കർത്താവിന്റെ നാമത്തിൽ എല്ലാവരോടും ഞങ്ങൾ ആദരപൂർവ്വം വർത്തിക്കും.**

## നമുക്ക് പ്രവർത്തിക്കാം

1. അബ്രഹാമിന് ആതിഥ്യത്തിന് അനുഗ്രഹം. അബ്രഹാം ആരെയാണ് സ്വീകരിച്ചത് - അവർക്ക് എന്തൊക്കെ ചെയ്തുകൊടുത്തു - കണ്ടുപിടിച്ചെഴുതുക.
2. സക്കായി നമ്മുടെ കർത്താവിനെ ഭവനത്തിൽ സ്വീകരിച്ചു. വി. ലൂക്കോസ് 19:1-10 വരെ വായിച്ച് സക്കായിക്കുണ്ടായ മാറ്റം എന്ത് എന്ന് കണ്ടുപിടിച്ച് പറയുക.
3. പൗലോസ് ശ്ലീഹാ അതിഥിസൽക്കാരത്തെക്കുറിച്ച് പറഞ്ഞിരിക്കുന്ന ആ വേദഭാഗം കുറിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | റോമർ 12:1-9 |
| തിങ്കൾ | ഉല്പത്തി 18:1-8 | റോമർ 12:10-21 |
| ചൊവ്വ | ഉല്പത്തി 18:9-15 | ലൂക്കോസ് 19:1-10 |
| ബുധൻ | ഉല്പത്തി 18:16-19 | 1 തിമോ. 3:1-4 |
| വ്യാഴം | ലൂക്കോസ് 10:38-42 | 1 തിമോ. 3:5-11 |
| വെള്ളി | യോഹന്നാൻ 11:1-16 | 1 തിമോ. 6:17-22 |
| ശനി | യോഹന്നാൻ 11:17-44 | * |

പാഠം 25

# കൃത്യനിഷ്ഠ

**മുഖ്യസന്ദേശം:** എല്ലാ കാര്യങ്ങളിലും നിഷ്ഠയുള്ളവരായി ജീവിതം വിജയകരമാക്കുക.

**മനഃപാഠം:** "ഇപ്പോൾ ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിക്കുവിൻ" (എഫേസ്യർ 5:16).

## ആമുഖം

ജീവിതത്തിൽ ചിലർക്ക് വിജയവും ചിലർക്ക് പരാജയവും ഉണ്ടാകുന്നു. പരാജയത്തിന്റെ കാരണം നാം അന്വേഷിച്ച് കണ്ടുപിടിക്കാറുണ്ടോ? ഈ ലോക ജീവിതം ദൈവത്തിന്റെ ദാനമാണ്. അത് ദൈവേഷ്ടത്തിന് നിർവ്വഹിപ്പാനാണ് നമുക്ക് തന്നിരിക്കുന്നത്. ഉദ്ദേശ്യലക്ഷ്യത്തോടെ പ്രവർത്തിക്കുമ്പോൾ വിജയവും ജീവിതത്തെ അലസമായി കാണുമ്പോൾ അത് പരാജയവും ആയിത്തീരും. നല്ല നിഷ്ഠയുള്ള ജീവിതം എന്തെന്ന് പഠിക്കുന്നതാണ് ഈ പാഠം.

## പാഠഭാഗം

രാവിലെ ഉണരുമ്പോൾ നാം കാണുന്നതെന്താണ്. സൂര്യൻ കിഴക്ക് ഉദിച്ചുവരുന്നു. പുതിയ പൂക്കൾ ചെടികളിൽ വിടർന്ന് നിൽക്കുന്നു. പൂക്കളിൽനിന്ന് തേൻ നുകരുവാൻ തേനീച്ചകളും ശലഭങ്ങളും പറന്നു നടക്കുന്നു. മരക്കൊമ്പുകളിൽ ഇരുന്ന് പക്ഷികൾ പാടുന്നു. അങ്ങനെ ഒരു പുതിയ ദിവസം ആരംഭിക്കുന്നു. പ്രകൃതിയിലെ സകല ജീവജാലങ്ങളും ഉത്സാഹപൂർവ്വം അവരുടെ കൃത്യങ്ങളിലേർപ്പെടുന്നു. ഈ പ്രപഞ്ചത്തിലെ എല്ലാ പ്രവർത്തനങ്ങളും ദൈവം നിശ്ചയിച്ചതനുസരിച്ച് നടക്കുന്നു. ഒരു യന്ത്രത്തിന്റെ വിവിധ ഘടകങ്ങൾ പോലെ പ്രകൃതിയിലെ വിവിധ പ്രവർത്തനങ്ങൾ ദൈവനിശ്ചയമനുസരിച്ച് പ്രവർത്തിക്കുന്നു. മനുഷ്യനും ഇതുപോലെ ചില നിഷ്ഠകളോടുകൂടി ജീവിക്കുവാൻ ബാദ്ധ്യസ്ഥനാണ്.

എന്നാൽ ഈ നിശ്ചയക്രമമനുസരിച്ച് കാര്യങ്ങൾ ചെയ്യുവാൻ പല മനുഷ്യർക്കും സാധിക്കുകയില്ല. പ്രഭാതവേളയിൽ പക്ഷികൾ ഉണർന്ന് പാട്ടുപാടി ദൈവത്തെ സ്തുതിക്കുന്നു. ഒരു ദിവസംപോലും അതിന് ഭംഗം സംഭവിക്കുകയില്ല. എന്നാൽ മനുഷ്യന്റെ സ്ഥിതിയോ ചില ദിവസങ്ങളിൽ നേരത്തെ ഉണരും, ചില ദിവസങ്ങളിൽ വൈകിയാണ് ഉണരുന്നത്. ചില ദിവസം പ്രാർത്ഥിക്കുന്നു. ചിലപ്പോൾ പ്രാർത്ഥിക്കാതെ ഇരിക്കുന്നു. വിദ്യാർത്ഥികളിൽ ചിലർക്ക് പാഠങ്ങൾ പഠിക്കുവാൻ സമയം കിട്ടാറില്ല. എന്നാൽ കളികൾക്കും ഉറക്കത്തിനും ടിവി കാണാനും ആവശ്യത്തിലധികം സമയം വിനിയോഗിക്കുകയും പാഠങ്ങൾ ക്രമമായി പഠിക്കാതെ പരീക്ഷയാകുമ്പോൾ പഠിക്കാം എന്നു കരുതിയിരിക്കും. ഒടുവിൽ എല്ലാം കൂടി പഠിക്കുവാൻ ശ്രമിച്ചാൽ ഒന്നും മനസ്സിലാകയില്ല.

ഈ അപകടത്തിന്റെ പ്രധാന കാരണം കൃത്യനിഷ്ഠ ഇല്ല എന്നതാണ്. കൃത്യനിഷ്ഠ ഇല്ലാതെയാകുന്നത് അലസത നിമിത്തമാണ്. അലസത സകല തിന്മകളുടെയും കാരണ

മാണെന്ന് മഹാത്മാഗാന്ധി പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ജീവിതം കൃത്യനിഷ്ഠ യുടെ കാര്യത്തിൽ മാതൃകയാണ്. തെറ്റാത്ത ഘടികാരം പോലെയാണ് അദ്ദേഹത്തിന്റെ മനസ്സും ശരീരവും പ്രവർത്തിച്ചിരുന്നത്. അനേകം കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടിയിരുന്ന ഗാന്ധിജി ഓരോ ജോലികൾക്കും പ്രത്യേക സമയം നിശ്ചയിച്ച് അനുസരിച്ച് പ്രവർത്തിച്ചു. തുടങ്ങിവച്ച ജോലികൾ പൂർത്തിയാക്കാതെ ഇടയ്ക്ക് ഉപേക്ഷിക്കുന്നവരും അർദ്ധമന സ്സോടെ തുടർന്നുവരുന്നവരുമുണ്ട്. ഒരു ജോലി തുടങ്ങിവച്ചിട്ട് മറ്റ് പലതിന്റെയും പുറകേ പോകുന്നതുകാരണം ഒന്നും പൂർത്തിയാകാത്ത അവസ്ഥ വരും. ഒന്നിലും ശ്രദ്ധയില്ലാത്ത ഒരവസ്ഥ. ഇങ്ങനെയുള്ളവരെ ആരും ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുകയില്ല.

ജോലി ചെയ്യുന്നതിനും ഒരു തൃപ്തി വരുവാൻ ഇടയാകണം. ഓരോ ജോലിക്കും ആവശ്യമായ സമയം നിശ്ചയിച്ച് ആ സമയത്തുതന്നെ അതു ചെയ്യുക. തുടങ്ങിയ ജോലി കൾ പൂർത്തിയായാൽ മാത്രമേ നമുക്ക് സംതൃപ്തി ലഭിക്കുകയുള്ളു. സംതൃപ്തി ലഭിക്കു മ്പോൾ കൂടുതൽ ജോലികൾ ഏറ്റെടുക്കുവാനും അത് ചെയ്യുവാനുള്ള പ്രേരണ ഉണ്ടാക യുള്ളൂ. അങ്ങനെ നമ്മുടെ പ്രവൃത്തി ഒരു ശീലമാകും. ജോലി ചെയ്യുമ്പോൾ ഒന്നും നിസാരമെന്ന് കരുതരുത്. മുമ്പിൽ ലഭിക്കുന്ന ജോലി ചെയ്യുവാൻ പ്രാപ്തിയില്ല എന്ന് ചിന്തിച്ച് നിരാശരാകുകയുമരുത്. ചെറുതായാലും അവരവർക്ക് ചെയ്യുവാനുള്ള ജോലി കൾ കൃത്യമായി ചെയ്യണം. അങ്ങനെയുള്ളവരാണ് മാനിക്കപ്പെടുന്നത്. “അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ; അത്യല്പത്തിൽ നീതികെട്ടവൻ അധി കത്തിലും നീതി കെട്ടവൻ” (ലൂക്കോസ് 16:10) എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തത് ഓർക്കുക.

### താലന്തുകളുടെ ഉപമ

ലഭിച്ചതിനെ വർദ്ധിപ്പിക്കുന്നതിനുള്ള ആഹ്വാനമാണ് താലന്തുകളുടെ ഉപമയിൽക്കൂടി കർത്താവ് നമ്മെ പഠിപ്പിക്കുന്നത് (വി. ലൂക്കോസ് 19:11-27). ഒരു മനുഷ്യൻ ദൂരദേശ ത്തേക്ക് പോകുമ്പോൾ പത്ത് ദാസന്മാരെ വിളിച്ച് ഓരോ റാത്തൽ വെള്ളി (താലന്ത്) വച്ച് കൊടുക്കുന്നതായി ഉപമയിൽ പറയുന്നു. മൂന്നുപേരുടെ നേട്ടങ്ങൾ എന്തെന്ന് അറി യുവാൻ ആഗ്രഹിച്ച യജമാനൻ മടങ്ങിവന്നശേഷം ദാസന്മാരെ വിളിക്കുന്നു. ഒരാൾ പത്ത് മടങ്ങും മറ്റൊരാൾ അഞ്ചുമടങ്ങും നേട്ടമുണ്ടാക്കി. പക്ഷേ മൂന്നാമത്തെയാൾ യജമാനനെ ക്കുറിച്ചുള്ള മുൻവിധി നിമിത്തം തനിക്ക് ലഭിച്ചത് ഉറുമാലിൽ കെട്ടിവച്ചിരിക്കുന്നു എന്നു പറഞ്ഞു. അവൻ ലഭിച്ചത് ഉപയോഗിച്ചതേയില്ല. ഈ മൂന്നാമത്തെയാളിനെ യജമാനൻ ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്തു (ഈ ഉപമ വി. മത്തായി 25:14-30 വരെ ഭാഗത്ത് അല്പ വ്യത്യാസത്തോടെ കാണാം). താലന്ത് ഉപയോഗിക്കാത്തത് ശിക്ഷാർഹമാണ്. ഉപയോഗിക്കുവാൻ വിശ്വസ്തതയും കൃത്യതയും അവശ്യബോധവും ഉണ്ടായിരിക്കണം.

### പത്ത് കന്യകമാരുടെ ഉപമ (വി. മത്തായി 25:1-13)

മണവാളനെ എതിരേൽക്കുവാൻ പുറപ്പെട്ട പത്ത് കന്യകമാരിൽ അഞ്ചുപേർ വിളക്കി നോടൊപ്പം എണ്ണ കരുതുവാൻ മറന്നുപോയതിനാൽ മണവാളൻ വന്നപ്പോൾ എതിരേൽക്കു വാൻ കഴിയാതെ പോയി. ആ കന്യകമാർ അലംഭാവത്തിന്റെ അടിമകളായിരുന്നു. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യുന്നവരാണ് കൃത്യനിഷ്ഠയുള്ളവർ. തോട്ടത്തിന്റെ യജമാനൻ വരുമ്പോൾ ഉണർന്നിരുന്ന് പണിയെടുക്കുന്നവരാണ് ഭാഗ്യവാന്മാർ.

### ആരാധനയിൽ കൃത്യത പാലിക്കുക

വിശുദ്ധസഭയുടെ യാമപ്രാർത്ഥനകൾ, വി. ആരാധന, നോമ്പ്, ഉപവാസം എന്നിവ ക്രിസ്തീയജീവിതത്തിൽ നമ്മെ കൃത്യനിഷ്ഠയുള്ളവരാക്കും. മാത്രമല്ല അത് ലൗകിക ജീവിതത്തിലും നിഷ്ഠയുള്ളവരായി തീരുവാൻ പ്രേരിപ്പിക്കും. ആകയാൽ കൃത്യമായ പ്രാർത്ഥന, ആരാധനയിലെ പൂർണ്ണമായ പങ്കുചേരൽ, നോമ്പിലും ഉപവാസത്തിലും അത്യധികമായ താൽപര്യം നമ്മെ കൃത്യനിഷ്ഠയുള്ള ജീവിതത്തിന് ഉടമകളാക്കും. അങ്ങനെ ജീവിതത്തെ ക്രമീകൃതമാക്കി നന്മയിലേക്ക് വളരുവാൻ കഴിയുന്നവരാണ് വിജയം കണ്ടെത്തുന്നത്. മഹാനായ ബഞ്ചമിൻ ഫ്രാങ്ക്ളിനെ ആദരപൂർവ്വം നാം സ്മരിക്കാറുണ്ട്. തന്റെ സമയം വേണ്ടപോലെ നിയന്ത്രിക്കുന്നതിനും കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും അദ്ദേഹം സ്വയം ചില നിശ്ചയങ്ങൾ ചെയ്തു. അതിനെപ്പറ്റി അദ്ദേഹം പറയുകയാണ്; "ഏർപ്പെട്ടിരിക്കുന്ന ഓരോ പ്രവൃത്തിയും നിർവ്വഹിക്കുന്നതിന് നിശ്ചിത സമയം ഉണ്ടായിരിക്കണം. ഇന്ന് എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന് എഴുന്നേൽക്കുന്നതിന് മുമ്പ് മനസ്സുകൊണ്ട് തീർച്ചപ്പെടുത്തും. രാത്രി ഉറങ്ങാൻ പോകുന്നതിന് മുമ്പ് ഇന്ന് ഞാൻ എന്തു നല്ല കാര്യം ചെയ്തു എന്ന ചോദ്യത്തിന് സമാധാനവും എനിക്ക് കിട്ടണം."

നമുക്ക് താൽപര്യമില്ലാത്തതോ ചെയ്യാൻ ബുദ്ധിമുട്ടുള്ളതോ ആയ കാര്യങ്ങളാണ് നാം മിക്കപ്പോഴും നീട്ടിവയ്ക്കുന്നത്. എന്നാൽ അവ മാറ്റിവെയ്ക്കുന്നതുകൊണ്ട് ഭാരം ലഘൂകരിക്കുന്നില്ല. അന്നന്ന് ചെയ്യേണ്ടത് അന്നന്ന് ചെയ്ത് തീർക്കണം. അലസതയും ഉദാസീനതയുമാണ് നാളേക്ക് മാറ്റിവയ്ക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. കാര്യക്ഷമത ആഗ്രഹിക്കുന്നവർ അതത് ദിവസത്തെ ചുമതലകൾ കൃത്യമായും വിശ്വസ്തമായും നിറവേറ്റുവാൻ ശ്രദ്ധിക്കും. യാക്കോബ് ശ്ലീഹാ പറയുന്നു. "നാളത്തെ കാര്യം നീ അറിയുന്നില്ലല്ലോ. നിങ്ങളുടെ ജീവൻ എങ്ങനെയുള്ളതാകുന്നു. അല്പസമയത്തേക്ക് കാണപ്പെടുകയും അടുത്ത ക്ഷണത്തിൽ കാണാതാകുകയും ചെയ്യുന്ന മൂടൽമഞ്ഞുപോലെ മാത്രമേയുള്ളൂ" (യാക്കോബ് 4:14).

## പ്രാർത്ഥന

*കർത്താവേ, എല്ലാ ജോലികളും കൃത്യതയോടെയും വിശ്വസ്തതയോടെയും ചെയ്യുവാൻ ആവശ്യമായ കൃപ ഞങ്ങൾക്കു നൽകണമേ. ആമ്മീൻ.*

## നിശ്ചയം

**സമയം വിലയേറിയതായി കരുതി എപ്പോഴും എല്ലാ കാര്യങ്ങളിലും കൃത്യനിഷ്ഠയുള്ള ജീവിതം ഞാൻ നയിക്കും.**

## പ്രവർത്തനം

1. താലന്തുകളുടെ ഉപമ വി. ലൂക്കോസിലും വി. മത്തായിലും പറയുന്ന വ്യത്യാസങ്ങൾ എന്തെല്ലാമാണെന്ന് കണ്ടുപിടിക്കുക.
2. പത്തുകന്യകമാരുടെ ഉപമ വിദ്യാർത്ഥികൾ സംഭാഷണരൂപത്തിൽ തയ്യാറാക്കുക.
3. യാക്കോബ് ശ്ലീഹാ പറയുന്ന വാക്യം ആരോടാണ് പറയുന്നത്. വി. വേദപുസ്തകം വായിച്ചു കണ്ടുപിടിക്കുക.

## തുടർവായനയ്ക്ക്

| ദിവസം | പ്രഭാതം | വൈകുന്നേരം |
|---|---|---|
| ഞായർ | * | യാക്കോബ് 4:13-17 |
| തിങ്കൾ | ലൂക്കോസ് 16:1-4 | മത്തായി 5:13-16 |
| ചൊവ്വ | ലൂക്കോസ് 16:5-9 | എഫെ. 5:15-21 |
| ബുധൻ | ലൂക്കോസ് 16:9-13 | 1 തെസ്സ. 5:1- 6 |
| വ്യാഴം | ലൂക്കോസ് 19:11-27 | 1 തീമോ. 6:3-10 |
| വെള്ളി | മത്തായി 25:1-13 | 1 തീമോ. 6:11-16 |
| ശനി | മത്തായി 25:14-30 | * |